പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി I

(SUBJECT COMMITTEE I)

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

(AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ആനുകാലിക റിപ്പോർട്ട്

(2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT FROM 1^{ST} APRIL 2025 TO 31^{ST} MARCH 2026)

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Keralam Legislative Assembly]

2026 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്
(Presented on - 28^{th} October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി I

(SUBJECT COMMITTEE I)

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

(AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ആനുകാലിക റിപ്പോർട്ട്

(2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT FROM 1ST APRIL 2025 TO 31ST MARCH 2026)

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	

സബ്ജക്ട് കമ്മിറ്റി I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
(2026 -   28)
ഘടന

ചെയർപേഴ്സൺ :

ശ്രീ. ടി. സിദ്ദിഖ്,
കൃഷി വകുപ്പ് മന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീമതി ബിന്ദു കൃഷ്ണ,
തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി.

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ,
മത്സ്യബന്ധനം -സാമൂഹികനീതി വകുപ്പ് മന്ത്രി

അംഗങ്ങൾ:

ശ്രീ. എൻ. കെ. അക്ബർ, എം. എൽ. എ.

ശ്രീ. സിറിയക് തോമസ്, എം. എൽ. എ.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ, എം.എൽ.എ.

ശ്രീ. സി. ആർ. മഹേഷ്, എം. എൽ. എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം. എൽ. എ.

ശ്രീ. റെജി ചെറിയാൻ, എം. എൽ. എ.

ശ്രീ. സജി ചെറിയാൻ , എം. എൽ. എ.

ശ്രീമതി ഉഷ വിജയൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി - ഇൻ - ചാർജ്ജ്

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. സി. പ്രദീപ്, അണ്ടർ സെക്രട്ടറി

അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (I)-ാം ഉപചട്ട പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരളനിയമസഭയുടെ 2023 ഡിസംബർ 07-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 445, 2023 ഡിസംബർ 29-ലെ ബുള്ളറ്റിൻ ഭാഗം - 2 നമ്പർ 450 എന്നിവ പ്രകാരമുള്ള 2023-26 കാലയളവിലെ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 02.07.2025, 30.09.2025, 22.01.2026, 06.02.2026, 10.02.2026, 17.02.2026 എന്നീ തീയതികളിലായി 06 യോഗങ്ങൾ ചേർന്നു.

02.07.2025-ലെ യോഗത്തിൽ 2021 ലെ കേരളസംസ്ഥാന ഭൂവിനിയോഗ ബോർഡ് സബോർഡിനേറ്റ് സർവീസ് കരട് ചട്ടം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ, സമിതി യോഗ തീരുമാനങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ട ഫയലുകൾ പരിഗണിക്കുകയും പ്രസ്തുത ഫയലുകളിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് വകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

30.09.2025-ലെ യോഗത്തിൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക കരട്ചട്ടങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും, 2022-23, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസ പത്രികകൾ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 01.04.2024 മുതൽ 31.03.2025 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും Kerala Fishermen Welfare Societies (Determination of Strength of Committees and conduct of Election) Rules 1980-റൂൾ 6(1)(a) ഭേദഗതി -S.R.O. സാധൂകരിക്കുകയും ചെയ്തു.

22.01.2026 -ലെ യോഗത്തിൽ The Special Rules for the Kerala Soil Conservation Service (Amendment) Rules, 2025- (No.1051/2025) S.R.O. സാധൂകരിക്കുകയും 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസ പത്രികകൾ, സമിതി യോഗ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ, സമിതി യോഗ തീരുമാനങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ട ഫയലുകൾ പരിഗണിക്കുകയും പ്രസ്തുത ഫയലുകളിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് വകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

06.02.2026-ലെ യോഗത്തിൽ 2026-27 സാമ്പത്തിക വർഷത്തെ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ, XXIX-കൃഷി, XXX-ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി. 10.02.2026-ലെ യോഗത്തിൽ 2026-27 സാമ്പത്തികവർഷത്തെ XXXI-മൃഗസംരക്ഷണം, XXXII ക്ഷീരവികസനം, XXXIII-മത്സ്യബന്ധനം എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി.

17.02.2026-ലെ യോഗത്തിൽ സമിതി 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് പരിഗണിച്ച് അംഗീകരിച്ചു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 55% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I	-	സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ
അദ്ധ്യായം II	-	സമിതി പരിഗണിച്ച ബില്ലുകൾ
അദ്ധ്യായം III		സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ
അദ്ധ്യായം IV	-	നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം
അദ്ധ്യായം V	-	നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ
അദ്ധ്യായം VI	-	(a) 2025-26- സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം (b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ)
അദ്ധ്യായം VII	-	സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഒക്ടോബർ 16- ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2026 ഒക്ടോബർ 28.

ടി. സിദ്ദിഖ്,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി I.

റിപ്പോർട്ട്

അദ്ധ്യായം I

സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 06.10.2025- ന് സമർപ്പിച്ചു.
2. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 06.10.2025 - ന് സമർപ്പിച്ചു.
3. 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് 23.02.2026 - ന് സമർപ്പിച്ചു.

അദ്ധ്യായം II

സമിതി പരിഗണിച്ച ബില്ലുകൾ

ഇല്ല

അദ്ധ്യായം III

സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

2021 - ലെ കേരളസംസ്ഥാന ഭൂവിനിയോഗ ബോർഡ് സബോർഡിനേറ്റ് സർവീസ് കരട് ചട്ടം 02.07.2025-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

Kerala Fishermen Welfare Societies (Determination of Strength of Committees and conduct of Election) Rules 1980 - റൂൾ 6(1)(a) ഭേദഗതി -S.R.O. 30.09.2025-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

The Special Rules for the Kerala Soil Conservation Service (Amendment) Rules, 2025- (No.1051/2025) S.R.O.22.01.2026-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

അദ്ധ്യായം IV

നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം

ഇല്ല

അദ്ധ്യായം V

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

ക്രമ നം.	ധനാഭ്യർത്ഥന നമ്പർ	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം	സഭയിൽ സമർപ്പിച്ച തീയതി
1	XXXI-മൃഗസംരക്ഷണം	2021-22 (കാലതാമസ പത്രിക സഹിതം)	കേരള വെറ്റിനറി & അനിമൽ സയൻസസ് സർവകലാശാല	06.10.2025
2	XXIX-കൃഷി	2023-24 (കാലതാമസ പത്രിക സഹിതം)	സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള	06.10.2025
3	XXXIII-മത്സ്യബന്ധനം	2023-24 (കാലതാമസ പത്രിക സഹിതം)	മത്സ്യബന്ധന വകുപ്പ്	06.10.2025
4	XXIX-കൃഷി	2024-25	കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്	06.10.2025
5	XXIX-കൃഷി	2024-25	കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)	06.10.2025
6	XXIX-കൃഷി	2024-25	സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)	06.10.2025
7	XXIX-കൃഷി	2024-25	കാസറഗോഡ് വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)	06.10.2025
8	XXIX-കൃഷി	2024-25	വയനാട് വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)	06.10.2025
9	XXIX-കൃഷി	2024-25	ഇടുക്കി വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)	06.10.2025
10	XXIX-കൃഷി	2024-25	സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള	06.10.2025

11	XXIX-കൃഷി	2024-25	മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്	06.10.2025
12	XXIX-കൃഷി	2024-25	കേരള കാർഷിക സർവ്വകലാശാല	06.10.2025
13	XXIX-കൃഷി,	2024-25	കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്	06.10.2025
14	XXXI-മൃഗസംരക്ഷണം	2024-25	മൃഗസംരക്ഷണ വകുപ്പ്	06.10.2025
15	XXXI-മൃഗസംരക്ഷണം	2024-25	കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്	06.10.2025
16	XXXI-മൃഗസംരക്ഷണം	2024-25	കേരള ഫീഡ്സ് ലിമിറ്റഡ്	06.10.2025
17	XXXI-മൃഗസംരക്ഷണം	2024-25	മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്	06.10.2025
18	XXXI-മൃഗസംരക്ഷണം	2024-25	കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്	06.10.2025
19	XXXI-മൃഗസംരക്ഷണം	2024-25	കേരള വെറ്റിനറി & അനിമൽ സയൻസസ് സർവകലാശാല	06.10.2025
20	XXXII-ക്ഷീരവികസനം	2024-25	ക്ഷീരവികസന വകുപ്പ്	06.10.2025
21	XXXIII-മത്സ്യബന്ധനം	2024-25 (കാലതാമസ പത്രിക സഹിതം)	മത്സ്യബന്ധന വകുപ്പ്	03.02.2026

അദ്ധ്യായം VI

(a) 2025-26 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലുള്ള 151 ശിപാർശകളിൽ ഖണ്ഡിക നം.2, 3, 5-7, 8, 9-14, 16, 18-21, 23-25, 26, 27, 29-38, 41-43, 45, 46-47, 49, 51-53, 55, 56-

58, 60-78, 81-94, 102-151 എന്നിവയിന്മേലാണ് നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുള്ളത്.ശേഷിക്കുന്ന ശിപാർശകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വകുപ്പ്	**ശിപാർശ/ഖണ്ഡികകൾ**
കൃഷി വകുപ്പ്	1, 4, 15, 17, 22, 28, 39, 40, 44, 48, 50, 54, 59, 79, 80
മൃഗസംരക്ഷണ വകുപ്പ്	95-101

b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ)

I. 2024-25-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശിപാർശ

2405-00-001-99 - നടത്തിപ്പ്

വിഹിതം : 45,83,09,000 രൂപ (പദ്ധതിയേതരം)

സെൻട്രലൈസ്ഡ് സിസ്റ്റം പ്രകാരം ഇലക്ട്രിസിറ്റി ചാർജ്ജ് ഒടുക്കുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -93)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2405-00-001-99-00-05-02-N-V (Electricity charges) ശീർഷകത്തിൽ 26/09/2024-ലെ G.O (Rt) No. 7186/2024/Fin നമ്പർ ഉത്തരവ് പ്രകാരം 32,50,000/- രൂപയും 24/03/2025-ലെ G.O (Rt) No. 2936/2025/Fin നമ്പർ ഉത്തരവ് പ്രകാരം 10,000/- രൂപയും അധിക

ധനാനുമതിയായി ലഭ്യമാക്കുകയും ബജറ്റ് വിഹിതം ഉൾപ്പെടെ 72,96,086/- രൂപ ആകെ ചെലവഴിയ്ക്കുകയും ചെയ്തു.

ശിപാർശ

2405-00-101-87 - മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

ഹാച്ചറികൾ, ഫാമുകൾ, അക്വേറിയം എന്നിവയുടെ നടത്തിപ്പ്, മത്സ്യ വിത്തുൽപാദന/പരിപാലന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ, ഹാച്ചറികൾ, ഫാമുകൾ, അക്വേറിയം എന്നിവിടങ്ങളിൽ സേവനം ചെയ്യുന്ന ലേബറർമാർക്കുള്ള വേതനം എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -94)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ ആകെ 880.051 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി മുൻഗണന ക്രമത്തിന്റെ (Plan Prioritization) ന്റെ ഭാഗമായി പദ്ധതി വിഹിതം 400 ലക്ഷമായി പരിഷ്കരിക്കുകയും ചെയ്തിരുന്നു. ഈ ശീർഷകത്തിൽ 3,89,93,989/- രൂപ ചെലവഴിച്ചിരുന്നു. ട്രഷറി നിയന്ത്രണം നിലനിന്നിരുന്നതിനാൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തിനാൽ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി തുക വകയിരുത്തുന്നതിന് ശിപാർശ സമർപ്പിച്ചിട്ടില്ല.

ശിപാർശ

2405-00-101-87- മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

ഹാച്ചറികൾ, ഫാമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -95)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുക പൂർണ്ണമായും ചെലവഴിയ്ക്കുകയും ചെയ്തിരുന്നു.

ശിപാർശ

2405-00-101-62 - മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

മത്സ്യ വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് നടപ്പിലാക്കുന്നതിനും മത്സ്യ സങ്കേതങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്നതിലൂടെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -96)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി മുൻഗണന ക്രമത്തിന്റെ (Plan Prioritization) ന്റെ ഭാഗമായി പദ്ധതി വിഹിതം 2 കോടി രൂപയായി പരിഷ്കരിക്കുകയും ചെയ്തിരുന്നു. ആയതിൽ 1,94,02,324/- രൂപ ചെലവഴിച്ചിരുന്നു.

ശിപാർശ

2405-00-101-51 - ജലസംഭരണികളിലെ മത്സ്യകൃഷി വികസനം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

ആഭ്യന്തര മത്സ്യോൽപാദനത്തിലും വരുമാനത്തിലും വർദ്ധനവുണ്ടാക്കുകയും പദ്ധതി പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുകയും ചെയ്യുന്ന പ്രസ്തുത പദ്ധതിക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -97)

സ്വീകരിച്ച നടപടി

കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സീലിംഗ് പരിധിയും ട്രഷറി നിയന്ത്രണവും കാരണം ടി ശീർഷകത്തിൽ നിന്നും 50,71,551/- രൂപ മാത്രമാണ്ചെലവഴിക്കാൻ സാധിച്ചത്.

ശിപാർശ

2405-00-101-48 - അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ

വിഹിതം : 7,11,00,000 രൂപ (പദ്ധതി)

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങൾക്കും അക്വാകൾച്ചർ പ്രൊമോട്ടർ കോ ഓർഡിനേറ്റർമാരുടെ സേവനത്തിനുമായി 5.57 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -98)

സ്വീകരിച്ച നടപടി

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങൾക്കും, അക്വാകൾച്ചർ പ്രമോട്ടർമാർ, കോ-ഓർഡിനേറ്റർമാരുടെ വേതനം നൽകുന്നതിനുമായി 439.30 ലക്ഷം രൂപ അധികധനാനുമതിയിലൂടെ നൽകുകയും അക്വാകൾച്ചർ പ്രമോട്ടർ കോ-ഓർഡിനേറ്റർമാർക്ക് മാർച്ച് വരെയുള്ള വേതനം പൂർണ്ണമായും അനുവദിക്കുകയും ചെയ്തു.

ശിപാർശ

2405-00-103-97 - മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

വിഹിതം : 3,23,27,000 രൂപ (പദ്ധതിയേതരം)

ഓരോ വർഷവും പൂർത്തീകരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ മെയിന്റനൻസിനും സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 2.8 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 99)

സ്വീകരിച്ച നടപടി

മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി 2405-00-103-97 ശീർഷകത്തിന് കീഴിൽ 2024-25 സാമ്പത്തിക വർഷം 323.27 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ 2,66,46,253/- രൂപ 31.03.2025 വരെ ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ 2.8 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. വകുപ്പ് നേരിട്ട് നടത്തിയിരുന്ന ഹാർബറുകളുടെ നടത്തിപ്പും സംരക്ഷണവും ഉപയോഗ നിരക്ക് നടത്തുന്ന കരാറുകാർ മുഖേന നിർവ്വഹിച്ചത് മൂലം നിർവ്വഹണ ചെലവുകളിൽ കുറവ് വന്നിട്ടുണ്ട്. സോളാർ വൈദ്യുതി ഉപയോഗിച്ചത് വൈദ്യുതി ചെലവിൽ കുറവ് വരുന്നതിന് കാരണമായി. ഇക്കാരണങ്ങളാൽ പ്രതീക്ഷിത ചെലവ് 2024-25 സാമ്പത്തിക വർഷം കുറഞ്ഞതിനാൽ അധിക തുക അനുവദിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ പ്രപ്പോസലുകൾ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2405-00-103-91 - മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

തീരദേശ ജില്ലകളിൽ കടൽ പട്രോളിംഗ് നടത്തുന്നതിനായി സജ്ജമാക്കിയ റെസ്ക്യൂ ബോട്ടുകളുടെ ഇന്ധന ചെലവുകൾക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 100)

സ്വീകരിച്ച നടപടി

KMFR നിയമം നടപ്പാക്കൽ മത്സ്യബന്ധന യാനങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ, ലൈസൻസ്, മറൈൻ ഫിഷറീസ് റിസോഴ്സുകളുടെ കോ-മാനേജ്മെന്റ്, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ (എഫ്.എം.സി.) വിവിധ പരിപാടികൾ, ട്രോൾ വലകളിൽ സ്ക്വയർ മെഷ് സ്ഥാപിക്കൽ, ട്രോൾ വലകളിൽ പ്ലേറ്റ് ഘടിപ്പിക്കൽ,

പരമ്പരാഗത യാനങ്ങളുടെ കളർ കോഡിംഗ് നടപ്പിലാക്കൽ, ഫിഷറീസ് സ്റ്റേഷനുകൾക്ക് സൗകര്യങ്ങൾ, അടിസ്ഥാന ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും ക്യാമറ നിരീക്ഷണം, മറൈൻ ക്യാച്ച് ഡാറ്റ ശേഖരണം, 9 തീരദേശ ജില്ലകളിലായി കടൽ പട്രോളിംഗിന് ട്രോൾ ബാൻ സമയത്ത് 19 ബോട്ടുകൾ, അല്ലാത്ത സമയങ്ങളിൽ 11 ബോട്ടുകൾ എന്നിങ്ങനെ വാടകയ്ക്കെടുക്കുന്നതിന്, 80 ഫിഷറീസ് റെസ്ക്യൂ ഗാർഡുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കൽ, നിലവിലുള്ള 9 ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനം തുടങ്ങിയവ കൂടാതെ സ്രാങ്ക് പരിശീലനം, സീ റസ്ക്യൂ ഗാർഡുമാർക്ക് revalidation, training, SFMC-യുടെ പ്രവർത്തനം എന്നിവ നടപ്പിലാക്കുന്നതിനായി 900 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിരുന്നു.

നടപ്പ് സാമ്പത്തിക വർഷം 900 ലക്ഷം രൂപയിൽ 768.40 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചത്. ധനകാര്യവകുപ്പിന്റെയും ട്രഷറിയുടെയും നിയന്ത്രണം നിലനിന്നിരുന്നതിനാൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുവാൻ സാധിക്കാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് ഫിഷറീസ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2405-00-103-82 - സംയോജിത മത്സ്യബന്ധന വികസന പദ്ധതി
(എൻ.സി.ഡി.സി. സഹായം)
(സംസ്ഥാന വിഹിതം)

വിഹിതം : 50,00,000 രൂപ (പദ്ധതി)

എൻ.സി.ഡി.സി. അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് പദ്ധതി 2023-ലെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.7667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 101)

സ്വീകരിച്ച നടപടി

എൻ.സി.ഡി.സി. അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് പദ്ധതി 2023-ലെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതമായി 2024-25 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതനുസരിച്ച് സ.ഉ. (സാധാ) നം.209/2025/മത്സ്യ. തീയതി 20.03.2025 പ്രകാരം ടി തുക അനുവദിച്ച് ഉത്തരവാകുകയും മത്സ്യഫെഡിന് അനുവദിച്ച് നൽകുകയും ചെയ്തു. എന്നാൽ ടി തുക മത്സ്യഫെഡ് അക്കൗണ്ടിൽ നിന്നും 2024-25 സാമ്പത്തിക വർഷം അവസാനം resume ചെയ്തു പോയിരുന്നു.

ശിപാർശ

2405-00-103-80 - മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

വിഹിതം : 40,00,00,000 രൂപ (പദ്ധതി)

മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സ്യം കച്ചവടം ചെയ്യുന്നതിനുമുള്ള വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നതിനായും സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ വികസനം, JLG ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ, സംരംഭങ്ങൾ തുടങ്ങുന്നതിന് മത്സ്യഫെഡ് വഴി പലിശരഹിത വായ്പ നൽകുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായും ഈ ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 102)

സ്വീകരിച്ച നടപടി

മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സ്യം കച്ചവടം ചെയ്യുന്നതിനുമുള്ള വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നതിനായും സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ വികസനം, JLG ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ, സംരംഭങ്ങൾ തുടങ്ങുന്നതിന് മത്സ്യഫെഡ് വഴി പലിശ രഹിത വായ്പ നൽകുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായും 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയത് പദ്ധതി മുൻഗണനാ നിർദ്ദേശം അനുസരിച്ച് 150 ലക്ഷമായി ചുരുക്കി. പ്രസ്തുത തുക പൂർണമായും ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം /

ഉപധനാഭ്യർത്ഥന വഴി അധികമായി തുക വകയിരുത്തുന്നതിനായി ശിപാർശ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2405-00-103-76 - സമുദ്ര സുരക്ഷയും രക്ഷാപ്രവർത്തനങ്ങളും

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ 15 പ്രധാന ഹാർബറുകളിൽ സേവനമനുഷ്ഠിക്കുന്ന ലൈഫ് റസ്ക്യൂ ഗാർഡുമാരുടെയും തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിലെ സുരക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സജ്ജീകരിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന 3 റസ്ക്യൂ ബോട്ടുകളുടെയും 30 ലൈഫ് റസ്ക്യൂ ഗാർഡുകളുടെയും സേവനം നിലനിർത്തുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 103)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2405-00-103-76 (പി) എന്ന ശീർഷകത്തിൽ "Functioning of Sea Rescue and Disaster Management, Co-ordination & Information Centres & Formation of Harbour based sea rescue squad" എന്ന പദ്ധതിക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

എന്നിരുന്നാലും പദ്ധതി മുൻഗണന നിർദ്ദേശം അനുസരിച്ച് അനുവദിച്ച തുക 240 ലക്ഷമായി പരിഷ്കരിക്കുകയുണ്ടായി.

ടി പദ്ധതിയിൽ സംസ്ഥാനത്തെ തീരദേശ ജില്ലകളിലെ പ്രധാനപ്പെട്ട ഫിഷിംഗ് ഹാർബറുകൾ കേന്ദ്രീകരിച്ച് നിയമിക്കപ്പെട്ട സീ റെസ്ക്യൂ സ്ക്വാഡിന് വേതനം നൽകുന്നതിനായി 197.10 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പദ്ധതിയുടെ ഭാഗമായി, 9 മറൈൻ ജില്ലകളിൽ 15 ഹാർബറുകളിലായി പ്രതിമാസം 19,710/- രൂപ എന്ന നിരക്കിൽ 100 സീ റെസ്ക്യൂ സ്ക്വാഡുകളെ കരാർ അടിസ്ഥാനത്തിൽ വിന്യസിച്ച് ഇവർക്ക് ഒരു മാസം വേതനം നൽകുന്നതിന് 19,71,000/- രൂപ ആവശ്യമാണ്. 2024 ഡിസംബർ മാസം വരെ ഇവർക്ക് വേതനം നൽകുവാനാശ്യമായ തുക ജില്ലകൾക്ക് അനുവദിച്ചു.

ബാക്കിയുള്ള തുക 2025 ഫെബ്രുവരി വരെയുള്ള അവരുടെ വേതനത്തിന് പര്യാപ്തമല്ല. 2024 ജനുവരി മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിൽ സീ റെസ്ക്യൂ സ്ക്വാഡിന് വേതനം നൽകുന്നതുമായി ബന്ധപ്പെട്ട സ്പിൽ ഓവർ ബാധ്യതകൾ നടപ്പ് സാമ്പത്തിക വർഷം ഇതേ പദ്ധതിക്ക് 2405-00-103-76 (പി) എന്ന ശീർഷകത്തിൽ അനുവദിച്ച തുകയിൽ നിന്നും മാറി നൽകുകയുണ്ടായി.

സീ റസ്ക്യൂ സ്ക്വാഡുകൾക്കുള്ള റീവാലിഡേഷൻ ചെലവുകൾ, മാസ്റ്റർ കൺട്രോൾ റൂമിലെയും, റീജിയണൽ കൺട്രോൾ റൂമുകളിലെയും സിസ്റ്റം അഡ്മിനിസ്ട്രേറ്റർമാർക്കുള്ള ശമ്പളം, മാസ്റ്റർ കൺട്രോൾ റൂം ഡ്രൈവറുടെ ശമ്പളം, മാസ്റ്റർ കൺട്രോൾ റൂം വാഹനത്തിന്റെ ഇന്ധനം, ഇൻഷുറൻസ്, അറ്റകുറ്റപണികൾ തുടങ്ങിയ പ്രവർത്തന ചെലവുകൾ, കൺട്രോൾ റൂമുകളുടെ ഇന്റർനെറ്റ്, ടെലിഫോൺ ഉൾപ്പെടെയുള്ള ബില്ലുകൾ ആശയവിനിമയ ചെലവുകൾ, അടിയന്തര ദുരന്ത പ്രതികരണങ്ങളുമായി ബന്ധപ്പെട്ട അപ്രതീക്ഷിത ചെലവുകൾ എന്നിവ വർഷം മുഴുവനും നിറവേറ്റേണ്ടതുണ്ട്. അതിനാൽ തടസ്സമില്ലാതെ പദ്ധതി നിർവ്വഹണം ഉറപ്പാക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ 31,35,521/- രൂപ അധിക തുകയായി ആവശ്യമാണ്. സീ റെസ്ക്യൂ സ്ക്വാഡിന് ഫെബ്രുവരി മാസം വരെ വേതനം നൽകേണ്ട സാഹചര്യത്തിൽ തുടർന്നുള്ള മാസത്തെ വേതനം നൽകുന്നതിനാവശ്യമായ അധിക തുകയായ 31,35,521/- രൂപ ഉപധനാഭ്യർത്ഥന വഴി 2405-00-103-76 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകുന്നതിനുള്ള ശിപാർശ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത തുക ലഭ്യമായില്ല.

പദ്ധതി മുൻഗണന നിർദ്ദേശം അനുസരിച്ച് അനുവദിച്ച തുകയായ 240 ലക്ഷം രൂപയിൽ 223.95 ലക്ഷം രൂപയാണ് ചെലവഴിക്കാൻ സാധിച്ചത്. ധനകാര്യ വകുപ്പിന്റെയും ട്രഷറിയുടെയും നിയന്ത്രണം നിലനിന്നിരുന്നതിനാൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് ഫിഷറീസ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2405-00-103-73 - മത്സ്യ വ്യവസായ പശ്ചാത്തല സർവ്വേയും പഠനവും അന്വേഷണവും

വിഹിതം : 50,00,000 രൂപ (പദ്ധതി)

വിഴിഞ്ഞം, മുതലപ്പൊഴി, പൊഴിയൂർ, അജാനൂർ എന്നീ ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ അനുബന്ധ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 104)

സ്വീകരിച്ച നടപടി

മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി 2024-25 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. ആയതിൽ 31.03.2025 വരെ 49.45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിഴിഞ്ഞം, മുതലപ്പൊഴി, പൊഴിയൂർ, അജാനൂർ എന്നീ ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി ശിപാർശ ചെയ്തിരുന്ന 1 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ സ.ഉ.(അച്ചടി) 76/2024/ധന തീയതി 31.08.2024 പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം വരുത്തുന്നതിന് ഉത്തരവായതിനാൽ അധിക പ്രവർത്തനങ്ങൾക്കായി പ്രസ്തുത ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2405-00-103-69 - ശുചിത്വ സാഗരം - ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജന പദ്ധതി

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

പ്രതിവർഷം സമുദ്രങ്ങളിൽ അടിഞ്ഞുകൂടുന്ന ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യം ജീവജാലങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന നിലവിലെ സാഹചര്യത്തിൽ

കടലും തീരവും മാലിന്യമുക്തമാക്കി കടലിന്റെ സ്വാഭാവികത വീണ്ടെടുക്കുന്നതിനായി നടപ്പാക്കുന്ന സുപ്രധാന പദ്ധതിയായ ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയ്ക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഭരണാനുമതി ലഭിച്ച് ഒന്നാം ഘട്ടം പൂർത്തീകരിച്ച പ്രസ്തുത പദ്ധതിയിൽ കടലിൽ അടിഞ്ഞു കൂടുന്ന പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ജീവികളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും കടലിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ നീക്കം ചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യം പുന:ചംക്രമണം നടത്തി റോഡ് ടാറിംഗിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള പ്രസ്തുത പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി 3.75 കോടി രൂപ ഈ ശിർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -105)

<u>സ്വീകരിച്ച നടപടി</u>

സമുദ്രത്തിൽ അടിഞ്ഞു കൂടുന്ന പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്ത് മാലിന്യമുക്തമാക്കുന്ന പ്രവർത്തിയ്ക്കായി 200 ലക്ഷം രൂപ 2024-25 വർഷത്തെ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ടി ശീർഷകത്തിന് കീഴിൽ 31.03.2025 വരെ 58.50 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 3.75 കോടി രൂപ ഈ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്തിരുന്നു. കൊല്ലം തങ്കശ്ശേരി ഹാർബറിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 80 ലക്ഷം രൂപയ്ക്ക് 07.03.2025-ലെ സ.ഉ.(സാധാ)നം.178/2025/F&P പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. ആയത് ലഭിച്ചത് 2025 മാർച്ച് മാസമായിരുന്നതിനാൽ പ്രവൃത്തി പൂർണ്ണ തോതിൽ നിർവഹിക്കാനായില്ല എന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ.ഉ.(അച്ചടി)76/2024/ധന തീയതി 31.08.2024 പ്രകാരം ആകെ തുകയുടെ 50% ആയി നിജപ്പെടുത്തണമെന്ന് ഉത്തരവായ സാഹചര്യത്തിൽ അധിക ഫണ്ടിനായി പ്രൊപ്പോസൽ ഒന്നും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ, അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-105-88 - തീരമൈത്രി സൂപ്പർ മാർക്കറ്റ്

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ 13 തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ മാവേലി ഇനങ്ങളിൽപ്പെട്ട അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുന്ന ഇനത്തിൽ സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനായി 51 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -106)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ 13 തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ മാവേലി ഇനങ്ങളിൽപ്പെട്ട അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് കുടിശ്ശിക തുക അനുവദിക്കുന്നതിനായി 20.86 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ച് നൽകിയിരുന്നു. ടി തുക പൂർണ്ണമായും വിനിയോഗിച്ചു.

ശിപാർശ

2405-00-109-94 - ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷനേറിയവും സ്ഥാപിക്കൽ

വിഹിതം : ഇല്ല (പദ്ധതിയേതരം)

വൈപ്പിൻ മണ്ഡലത്തിൽ അക്വാപാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പഠനം നടത്തുന്നതിനായി 2 കോടി രൂപ ഈ ശിർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -107)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ അധിക ധനാനുമതി മുഖേന ലഭ്യമാക്കുന്നതിനായി പ്രപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം തുക അനുവദിക്കാനായില്ല.

ശിപാർശ

2405-00-109-91 - വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

വകുപ്പിലെ ഇ-ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -108)

സ്വീകരിച്ച നടപടി

വകുപ്പിലെ ഇ-ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ 2405-00-109-91 എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ആയത് പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 2405-00-109-91 (PV) എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴി 116.25 ലക്ഷം രൂപ അധികമായി ലഭ്യമാകുന്നതിനുള്ള ശിപാർശ പരിശോധിച്ചെങ്കിലും സാമ്പത്തിക വർഷം അവസാനിക്കാറായതിനാൽ, ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാകുന്നതിനും അധിക ധനാനുമതിയായി അനുവദിക്കുന്ന തുക ക്രമീകരിക്കുന്നതും ബുദ്ധിമുട്ടമാകുന്നതിനാൽ അംഗീകരിക്കാൻ സാധിച്ചിരുന്നില്ല.

ശിപാർശ

2405-00-110-96 - മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും ബോട്ടുകളെ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള സബ്സിഡി

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികളെ മണ്ണെണ്ണ ഉപയോഗിച്ചുള്ള ഔട്ട് ബോർഡ് മോട്ടോറിൽ (ഒബിഎം) നിന്നും പെട്രോൾ/ഡീസൽ ഒബിഎം ഉപയോഗിക്കുന്നതിന് സഹായിക്കുന്നതിനായി പരമാവധി 40,000/- രൂപ (25% സബ്സിഡി) നൽകുവാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. പെട്രോൾ/ഡീസൽ ഒബിഎം കൾ കാര്യക്ഷമവും

പ്രവർത്തന പരിപാലന ചെലവുകൾ കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് സജീവ പരിഗണന അർഹിക്കുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ഭരണാനുമതി ലഭിച്ചിട്ടുള്ള 1000 യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതിയും 500 യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതിയും പൂർത്തീകരിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -109)

<u>സ്വീകരിച്ച നടപടി</u>

2023-24 വർഷത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള 1000 യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി പ്രകാരം യൂണിറ്റ് തുകയായ ഒരു ലക്ഷം രൂപയുടെ പരമാവധി 50,000/- രൂപ സബ്സിയായി അനുവദിക്കുന്ന പ്രകാരം 377 ഗുണഭോക്താക്കളുടെ മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കി മാറ്റിയിട്ടുണ്ട്. ആയത് പ്രകാരം മത്സ്യഫെഡിന് 188.50 ലക്ഷം രൂപ സബ്സിഡി നൽകുന്നതിന് ചെലവായതിനാൽ ഒരു കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ G.O.(Rt) No.91/2024/F&P dated 13.02.2024 പ്രകാരം മത്സ്യഫെഡിന് അനുവദിച്ച് നൽകി. എന്നാൽ ആയത് resume ചെയ്ത് പോകുകയും ചെയ്തു. പ്രസ്തുത ഒരു കോടി രൂപ അധിക ഭരണാനുമതിയായി ലഭ്യമാകുന്നതിന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷം resume ചെയ്ത തുക തിരികെ അനുവദിക്കാൻ ഫണ്ട് അവശേഷിക്കുന്നില്ലെന്ന പശ്ചാത്തലത്തിൽ അധികമായി തുക അനുവദിക്കാൻ നിർവാഹമില്ലെന്ന് അറിയിക്കുകയും ചെയ്തു. 2024-25 വർഷത്തിൽ 2405-00-110-96 എന്ന ശീർഷകത്തിൽ നിന്നും 88.50 ലക്ഷം രൂപ 20.06.2024 ലെ G.O.(Rt)No.314/2024/F&P പ്രകാരം മത്സ്യഫെഡിന് അനുവദിച്ച് നൽകുകയും ചെയ്തു. 500 യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ എൽ.പി.ജി എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി പ്രകാരം യൂണിറ്റ് തുകയായ 70000/- രൂപയുടെ 75% (52500/-) സബ്സിഡിയായി അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എൽ.പി.ജി. കിറ്റ് ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകരിച്ച

ഗൈഡ് ലൈസൻസ് ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തരം ടെണ്ടർ നടപടികൾ നടപ്പാക്കി വരുന്നു. സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-110-94 - പരമ്പരാഗത /യന്ത്രവൽകൃത മത്സ്യയാനങ്ങളുടെ ആധുനികവൽക്കരണം/നവീകരണം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

836 VHF, 660 Mounted Type GPS എന്നിവയുടെ വിതരണം, മത്സ്യത്തൊഴിലാളി സുരക്ഷ മുൻനിർത്തി കാലപ്പഴക്കം വന്ന 30 തടി നിർമ്മിതമായ യാനങ്ങളെ സ്റ്റീൽ ഹൾ ഉള്ളവയാക്കിമാറ്റുക എന്നിവ പൂർത്തീകരിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -110)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിലെ ബജറ്റ് പ്രൊവിഷൻ 100 ലക്ഷം രൂപ മാത്രമായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2023-24) ക്യൂ ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനാണ് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചത്. കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ തടി നിർമിതമായ യാനങ്ങളെ സ്റ്റീൽ ഹൾ ഉള്ളവയാക്കി മാറ്റുന്നതിനും, ആഴക്കടൽ മത്സ്യബന്ധനത്തിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ചൂണ്ടയും നൂലും നൽകുന്ന പദ്ധതിക്കുമായി 358.72 ലക്ഷം രൂപ അധികധനാനുമതിയായി സർക്കാർ അനുവദിച്ചതിൽ 357.69 ലക്ഷം രൂപ ചെലവഴിച്ചു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് VHF മറൈൻ റേഡിയോ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 19% ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കൾക്ക് (GEM കരാർ വഴി) ഇതിനകം വിതരണം ചെയ്ത 336 VHF മറൈൻ റേഡിയോയുടെ (1,09,03,200/- രൂപ) ചെലവുകൾ നിറവേറ്റുന്നതിനും ഗുണഭോക്താക്കൾക്ക് നൽകുന്ന എല്ലാ VHF മറൈൻ റേഡിയോകൾക്കും കോൾ സൈൻ, MMSI ID (37,62,000/- രൂപ) എന്നിവ നേടുന്നതിനുള്ള ചെലവുകൾ

നിറവേറ്റുന്നതിനായി 2405-00-110-94 (പി) എന്ന ശീർഷകത്തിൽ 1,46,65,200/-) രൂപ അധിക ധനാനുമതി വഴി അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ച് നൽകിയിരുന്നില്ല.

ശിപാർശ

2405-00-121-97 - രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം.

വിഹിതം : 27,50,00,000 രൂപ (പദ്ധതിയേതരം)

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -111)

സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്നതിനായി 2405-00-121-97-00-12-00-NV എന്ന ശീർഷകത്തിൽ 27,50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയത് പൂർണ്ണമായും ചെലവഴിച്ചു. കൂടാതെ 2024-25 സാമ്പത്തിക വർഷം 38.62 കോടി രൂപ അനുവദിക്കുന്നതിനായി SDG ശിപാർശ നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ച് നൽകിയിരുന്നില്ല.

ശിപാർശ

2405-00-121-96 - മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 1,18,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 79598 അനുബന്ധ തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്നതിന് 1.93 കോടി രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -112)

<u>സ്വീകരിച്ച നടപടി</u>

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ള അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി 2405-00-121-96 (പി) എന്ന ശീർഷകത്തിൽ നിന്നും 118 ലക്ഷം വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഇതേ തുടർന്ന് 17.12.2024 മുതൽ ഒരു വർഷത്തേക്ക് 77431 അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ആക്സിഡന്റ് ഇൻഷ്വറൻസ് പുതുക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകി 2405-00-121-96(പി) എന്ന ശീർഷകത്തിൽ വകയിരുത്തിയ 118 ലക്ഷം രൂപയിൽ നിന്ന് 47,20,000/- രൂപ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച് നൽകിയിരുന്നു.

<u>ശിപാർശ</u>

2405-00-121-92 - <u>മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.</u>

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 236992 മത്സ്യത്തൊളിലാളികളെ ഇൻഷ്വർ ചെയ്യുന്നതിനായി 11.25 കോടി രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 1.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -113)

<u>സ്വീകരിച്ച നടപടി</u>

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ള മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി 2405-00-121-92 (പി) എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. അധിക ധനാനുമതിയിലൂടെ

2,72,95,000/- രൂപ 2405-00-121-92 (പി) എന്ന ശീർഷകത്തിൽ നൽകിയതനുസരിച്ച് 17.12.2024 മുതൽ ഒരു വർഷത്തേക്ക് 2,26,604 മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പുതുക്കുന്നതിന് ഒരാൾക്ക് 535/- രൂപ (ടാക്സ് ഉൾപ്പെടെ) എന്ന നിരക്കിൽ (5% പദ്ധതി നിർവ്വഹണ ചെലവ് ഉൾപ്പെടെ) ആകെ ആവശ്യമായ 12,72,94,797/- രൂപ M/s The New India Assurance Company ക്ക് നൽകുന്നതിന് വേണ്ടി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച് നൽകിയിരുന്നു.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 226093 മത്സ്യത്തൊഴിലാളികൾക്ക് 12,70,07,743/- രൂപ വിതരണം ചെയ്തു.

ശിപാർശ

2405-00-190-95 - കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ.എൽ.)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

അലങ്കാര മത്സ്യങ്ങളുടെ വലിയ തോതിലുള്ള ഉൽപാദനത്തിനും കയറ്റുമതിക്കുമായി സംസ്ഥാന സർക്കാർ രൂപീകരിച്ച Kerala Aqua Ventures International Limited (KAVIL) ന്റെ പ്രവർത്തനങ്ങൾക്കായും പദ്ധതി നിർവ്വഹണത്തിനായും വരുന്ന അധികച്ചെലവുകൾ വഹിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 9.15 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -114)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി മുൻഗണനാക്രമത്തിന്റെ ഭാഗമായി പദ്ധതി വിഹിതം 40 ലക്ഷമായി പരിഷ്കരിക്കുകയും ചെയ്തിരുന്നു. ടി തുക പൂർണ്ണമായും ചെലവഴിച്ചിരുന്നു.

ശിപാർശ

2405-00-800-91 - കേരള അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിക്ക് (അഡാക്) ഒറ്റത്തവണ സഹായം

വിഹിതം : ഇല്ല (പദ്ധതിയേതരം)

കേരള അക്വാകൾച്ചർ ഡെവലപ്പ്മെന്റ് ഏജൻസിക്ക് 2.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -115)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. കേരള അക്വാകൾച്ചർ ഡെവലപ്പ്മെന്റ് ഏജൻസി, (ADAK)-ക്ക് ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിനുള്ള ശിപാർശ ലഭ്യമായിരുന്നില്ല.

ശിപാർശ

4405-00-101-90 - അക്വാകൾച്ചർ ഡെവലപ്മെന്റ്

വിഹിതം : ഇല്ല (പദ്ധതി)

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 59.54 ലക്ഷം രൂപ ധനപുനഃവിനിയോഗം ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -116)

സ്വീകരിച്ച നടപടി

ടി ശീർഷത്തിൽ അധിക ധനാനുമതി മുഖേന ലഭിച്ച 30 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിരുന്നു.

ശിപാർശ

4405-00-101-89 - ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം : ഇല്ല (പദ്ധതി)

അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബ് തേവരയുടെ ഭരണാനുമതി ലഭിച്ച

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 6.40406 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -117)

<u>സ്വീകരിച്ച നടപടി</u>

Aquatic Animal Health Centre of Thevara എന്ന പദ്ധതിക്ക് 812.56 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയരുന്നു. 2024-25 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ആകെ 5,57,97,000 രൂപ അധിക ധനാനുമതിയിലൂടെ അനുവദിച്ചിരുന്നു. ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-103-98 - <u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയുടെ മുൻവർഷത്തെ കുടിശ്ശിക തുക അനുവദിക്കുന്നതിനായും നിലവിലെ പദ്ധതി നടത്തിപ്പിനായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -118)

<u>സ്വീകരിച്ച നടപടി</u>

എൻ.സി.ഡി.സി അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് 2023 പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയുടെ ഭരണാനുമതി 15.06.2024 ലെ G.O.(Rt) No. 296/2024/F&P പ്രകാരം നല്കുകയുണ്ടായി. ടി തുക 20.03.2025 ലെ G.O.(RT) No. 209/2025/F&P പ്രകാരം അനുവദിച്ച നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മത്സ്യഫെഡിന്റെ PSTSB അക്കൗണ്ടിലേയ്ക്ക് തുക ഫിഷറീസ് ഡയറക്ടർ അനുവദിച്ച നൽകിയിരുന്നുവെങ്കിലും സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകകളിലായിരുന്നതിനാൽ ആയത് Resume ചെയ്തു പോകുകയും ചെയ്തു. ശീർഷകത്തിലെ ബജറ്റ് വിഹിതം തന്നെ അനുവദിച്ചിട്ടില്ലാത്തതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4405-00-103-94 - തീരദേശ റോഡുകളുടെ നവീകരണം

വിഹിതം : 92,61,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ ബില്ലുകൾ തീർപ്പാക്കുന്നതിനും നിലവിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -119)

സ്വീകരിച്ച നടപടി

4405-00-103-94 തീരദേശ റോഡുകളുടെ നവീകരണം എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷം 9.61 കോടി രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചതിൽ 83,25,17,460/-രൂപ ചെലവഴിച്ചിരുന്നു. Letter of Credit വഴി ഫണ്ട് ലഭിക്കുന്ന ശീർഷകമായതിനാൽ അധിക ഫണ്ടിന് പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

ശിപാർശ

4405-00-103-93 - മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

120. മത്സ്യത്തൊഴിലാളി മേഖലയിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട വീടുകളുടെ പുനർ നിർമ്മാണത്തിന് വേണ്ടി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -120)

സ്വീകരിച്ച നടപടി

BIF&HDF (മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും) പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം

4405-00-103-93(പി) ശീർഷകത്തിൽ 20 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. ആകെ വകയിരുത്തലിന്റെ 49.84% ആയ 99,686,504/- രൂപയാണ് നടപ്പ് സാമ്പത്തിക വർഷം വിവിധ പ്രവൃത്തികൾക്കായി പദ്ധതി മുൻഗണനപ്രകാരം ശീർഷകത്തിൽ അനുവദിച്ചത്. ആയത് പൂർണ്ണമായും ചെലവഴിച്ചിരുന്നു.

ശിപാർശ

4405-00-103-92 - വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ - മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

വിഹിതം : ഇല്ല (പദ്ധതി)

കാലാവസ്ഥ വ്യതിയാനം മൂലം ഭവനം നഷ്ടപ്പെട്ടു വാടക വീട്ടിൽ കഴിയേണ്ടി വന്ന തിരുവനന്തപുരം ജില്ലയിലെ 284 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കുന്നതുവരെ പ്രതിമാസം 5500 രൂപ നിരക്കിൽ വാടക അനുവദിക്കുന്നതാണെന്ന സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിനായി 1.8744 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -121)

സ്വീകരിച്ച നടപടി

തിരുവനന്തപുരം ജില്ലയിൽ കാലാവസ്ഥ വ്യതിയാനം കാരണം തീരദേശത്ത് നിന്നും മാറി താമസിക്കേണ്ടി വന്നിട്ടുള്ള കുടുംബങ്ങൾക്ക് പുനരധിവാസ നടപടികൾ പൂർത്തിയാകുന്നതു വരെ പ്രതിമാസ ധന സഹായമായി 5500/- രൂപ വീതം വിതരണം ചെയ്യുന്നതിലേക്കായി 2024-25 സാമ്പത്തിക വർഷം 4405-00-103-92 (പ്ലാൻ) എന്ന ശീർഷകത്തിൽ ബജറ്റിൽ തുക അനുവദിച്ചിരുന്നില്ല.

ഈ സാമ്പത്തിക വർഷം ആനുകൂല്യ വിതരണം തുടരുന്നതിനായി അധിക ധനാനുമതി മുഖേന ആകെ 1,49,00,000/- രൂപ അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും 1,39,09,500/- രൂപ ചെലവഴിക്കുകയും 9,90,500/- രൂപ സറണ്ടർ ചെയ്തിട്ടുമുണ്ട്.

ശിപാർശ

4405-00-103-89 - <u>പുനർഗേഹം - കടൽത്തീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം</u>

വിഹിതം : 40,00,00,000 (പദ്ധതി)

പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ഭൂമി വില, ഭവന നിർമ്മാണ സഹായം എന്നിവ വിതരണം ചെയ്യുന്നതിനും നിർമ്മാണത്തിലിരിക്കുന്നതും ഉടൻ നിർമ്മാണം ആരംഭിക്കുന്നതുമായ ഫ്ലാറ്റ് സമുച്ചയങ്ങളുടെ ബിൽ തുക അനുവദിക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -122)

സ്വീകരിച്ച നടപടി

പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിയുടെ ഭൂമി വില, ഭവന നിർമ്മാണ സഹായം എന്നിവ വിതരണം ചെയ്യുന്നതിനും നിർമ്മാണത്തിലിരിക്കുന്നതും ഉടൻ നിർമ്മാണം ആരംഭിക്കുന്നതുമായ ഫ്ലാറ്റ് സമുച്ചയങ്ങളുടെ ബിൽ തുക അനുവദിക്കുന്നതിനും ഈ വർഷം ബജറ്റിൽ അനുവദിച്ച 40 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിരുന്നു. ഫണ്ടിന്റെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് അധിക ധനാനുമതിയായി 29.66 കോടി രൂപ അനുവദിച്ചിരുന്നു.

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 40,00,00,000 രൂപയും അധിക ധനാനുമതി വഴി ലഭിച്ച 29.66 കോടി രൂപയും ചേർത്ത് ആകെ 69,66,00,000/-രൂപ അനുവദിക്കുകയും അതിൽ നിന്നും 69,65,92,750 രൂപ ചെലവഴിക്കുകയും 7,250 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

4405-00-103-87 - <u>യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് & നെറ്റ് ഫാക്ടറി</u>

വിഹിതം : ഇല്ല (പദ്ധതി)

2018-19 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച പദ്ധതിയ്ക്ക് വേണ്ടി ഇതിനകം ചെലവായ തുക അനുവദിക്കുന്നതിനായും സ്ഥാപനത്തിന് ഹൈടെക് കറന്റ്

കണക്ഷനും വയറിംഗിനും മറ്റു പ്രവർത്തനങ്ങൾക്കുമായും 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -123)

<u>സ്വീകരിച്ച നടപടി</u>

ആലപ്പുഴ ജില്ലയിലെ പറവൂർ യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് 2019-20 സാമ്പത്തിക വർഷം 2405-00-800-96 (പി) എന്ന ശീർഷകത്തിൽ 550 ലക്ഷം രൂപയുടെ (മത്സ്യഫെഡ് വിഹിതം- 50 ലക്ഷം രൂപ, സർക്കാർ വിഹിതം -500 ലക്ഷം രൂപ) ഭരണാനുമതി നൽകുകയുണ്ടായി.

SDG യിൽ ഫണ്ടും ശിർഷകവും അനുവിക്കുന്നതിന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 2405-00-800-96 (പി) ശീർഷകത്തിൽ ആയിരം രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിരുന്നു. 2405-00-103-76(പി) ശീർഷകത്തിൽ നിന്നും 2405-00-800-96 (പി) ശീർഷകത്തിലേക്ക് 4 കോടി രൂപ റീ അപ്രോപ്രിയേഷൻ നടത്തി ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. ആയതനുസരിച്ച് ടി സ്ഥലത്ത് ട്വയിൽ ട്വിസ്റ്റിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനായി ബാക്കി തുക മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്ന് കൂടി ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കി പദ്ധതി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

<u>ശിപാർശ</u>

4405-00-104-55 - <u>മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ</u>

വിഹിതം : ഇല്ല (പദ്ധതി)

മത്സ്യബന്ധനതുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനും റവന്യൂ വകുപ്പിന് റീക്കൂപ്പ് ചെയ്ത് നൽകുന്നതിനുമായി 95 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -124)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ 95 ലക്ഷം രൂപ ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്തിരുന്നു. 2024-25 സാമ്പത്തിക വർഷം 74.29 ലക്ഷം രൂപ അധികധനാഭ്യർത്ഥന വഴി ലഭ്യമാക്കുകയും പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഫണ്ടുകളുടെ ചെലവഴിക്കലിന് സ.ഉ. അച്ചടി 76/2024/ധന തീയതി 31.08.2024 പ്രകാരം സർക്കാർ പരിധി ഏർപ്പെടുത്തിയതിനാൽ ശിപാർശ ചെയ്യപ്പെട്ട മുഴുവൻ തുകയും ലഭ്യമാക്കാനായിട്ടില്ല.

ശിപാർശ

4405-00-104-54 - <u>നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം</u>

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

RIDF Tranche XXVI, XXVII, XXVIII, XIX എന്നിവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -125)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 4405-00-104-54 ശീർഷകത്തിൽ 20 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. അഡീഷണൽ ആതറൈസേഷൻ ആയി 12.78 കോടി രൂപ നൽകിയിരുന്നു. ടി തുക ഉൾപ്പെടെ 31.03.2025 വരെ 32,77,90,120/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-37 - <u>മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും</u>
വിഹിതം : 9,50,00,000 രൂപ (പദ്ധതി)

ബ്രേക്ക് വാട്ടറുകളുടെ പുനരുദ്ധാരണത്തിനും ഡ്രെഡ്ജിംഗ് പ്രവൃത്തികൾക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ

ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -126)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിന് 950 ലക്ഷം രൂപ ബജറ്റ് വിഹിതം അനുവദിച്ചിരുന്നു. മേൽ ശീർഷകത്തിൽ സമിതി 10 കോടി രൂപ ശിപാർശ ചെയ്തിരുന്നു. അഡീഷണൽ ഓതറൈസേഷൻ മുഖേന 19.60 ലക്ഷം രൂപ ലഭിച്ചിരുന്നു. 31.03.2025 വരെ ടി ശീർഷകത്തിലെ ചെലവ് 9,69,58,,099/- രൂപയാണ് നാളിതുവരെയുള്ള ചെലവ്. സ.ഉ.(അച്ചടി)76/2024/ധന തീയതി 31.08.2024 പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം വരുത്തുന്നതിന് ഉത്തരവായതിനാൽ അധിക പ്രവർത്തനങ്ങൾ വിലയിരുത്താനായില്ല.

ശിപാർശ

4405-00-104-31 - തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികാസവും പുതിയ കൂട്ടിച്ചേർക്കലുകളും

വിഹിതം : 3,31,00,000 രൂപ (പദ്ധതി)

ആവിത്തോട്, മുഖദാർ എന്നീ ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപയും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പൊഴിയൂർ ഹാർബർ നിർമ്മാണത്തിന് പ്രാഥമികമായി അനുവദിച്ച 5 കോടി രൂപയും ഉൾപ്പെടെ 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -127)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിന് 331 ലക്ഷം രൂപയുടെ ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നു. 8 കോടി രൂപയാണ് ഈ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്തത്. 31.03.2025 വരെ ശീർഷകത്തിൽ നിന്നും 4,21,35,652/- രൂപ ചെലവഴിച്ചിട്ടുണ്ട്. അഡീഷണൽ ഓതറൈസഷൻ മുഖേന 90.36 ലക്ഷം രൂപ

അനുവദിച്ചിരുന്നു. 31.08.2024-ലെ (സർക്കാർ ഉത്തരവ് നം (അച്ചടി) 76/2024/ധന പ്രകാരം പ്ലാൻ ഫണ്ടുകൾ ബഡ്ജറ്റ് വിഹിതത്തിന്റെ പകുതിയായി നിജപ്പെടുത്തണം എന്ന നിർദ്ദേശം മൂലം അധിക പ്രവർത്തനങ്ങൾ വിലയിരുത്താനായില്ല.

ശിപാർശ

4405-00-109-97 - ഓഷനേറിയവും ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കൽ

വിഹിതം : ഇല്ല

കൊല്ലം ജില്ലയിൽ ബയോളജിക്കൽ റിസർവ്വ് ഇൻസ്റ്റിറ്റ്യൂട്ടും ഓഷനേറിയവും സ്ഥാപിക്കുന്നതിനായി 4405-00-109-97 എന്ന ശീർഷകത്തിൽ 1000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -128)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം "Pre Project Activities of Establishing an Oceanarium & Marine Biological Museum at Kollam District" എന്ന പദ്ധതിക്കായി പ്രസ്തുത ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന സ.ഉ.(സാധാ) നം.6165/2024/ഫിൻ തീയതി 12.08.2024 പ്രകാരം ഒരു കോടി രൂപ അനുവദിക്കുന്നതിനായി ഉത്തരവ്വ പുറപ്പെടുവിച്ചിരുന്നുവെങ്കിലും Ways & means clearance അനുമതി ലഭിക്കാത്തതിനാൽ തുക വിനിയോഗിക്കാൻ സാധിച്ചില്ല.

ശിപാർശ

4405-00-190-97 - എൻ.ബി.സി., എഫ്.ഡി.സി. ആന്റ് എൽ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ് മണി സഹായം

വിഹിതം : 30,00,000 രൂപ (പദ്ധതി)

എൻ.സി.ഡി.സി. അംഗീകരിച്ചതും സർക്കാരിന്റെ പരിഗണനയിലുള്ളതുമായ ഫിഷറിസ് ഡെവലപ്മെന്റ് പദ്ധതി 2023-ലെ ഓഹരി മൂലധനമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.8667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -129)

സ്വീകരിച്ച നടപടി

എൻ.സി.ഡി.സി. അംഗീകരിച്ചതും സർക്കാരിന്റെ പരിഗണനയിലുള്ളതുമായ ഫിഷറീസ് ഡെവലപ്പ്മെന്റ് പദ്ധതി 2024-25 സാമ്പത്തിക വർഷത്തിൽ 4405-00-190-97 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ആയത് അനുവദിച്ചു നൽകുന്നതിനായുള്ള ശിപാർശ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള ഭരണാനുമതി പുറപ്പെടുവിച്ചതിനുശേഷം മാത്രമേ ഫണ്ട് റിലീസിനുള്ള പ്രൊപോസൽ പരിഗണിക്കാൻ കഴിയൂവെന്നും G.O. (P) 76/2024/Fin dated 30.08.2024 പ്രകാരം approved Plan Prioritisation പരിശോധിച്ച് അതനുസരിച്ച് പ്രൊപോസൽ/ റിപ്പോർട്ട് സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ പ്രൊപോസൽ ഒന്നും ലഭ്യമാക്കാത്തതിനാൽ തുക അനുവദിക്കുവാൻ കഴിഞ്ഞില്ല ശീർഷകത്തിലെ ബജറ്റ് വിഹിതം തന്നെ അനുവദിച്ചിട്ടില്ലാത്തതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4405-00-800-75 - നിയമസഭാ നിയോജക മണ്ഡലം - ആസ്തി വികസന പദ്ധതി (എൽ.എ.സി. - എ.ഡി.എസ്.)

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

ആസ്തി വികസന പദ്ധതിയിൽ പൂർത്തീകരിക്കുന്ന പദ്ധതികൾക്ക് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -130)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം മേൽ ശീർഷകത്തിന് കീഴിൽ അനുവദിച്ചിട്ടുള്ള തുക 150 ലക്ഷം രൂപയായിരുന്നു. 2 കോടി രൂപയാണ് ഈ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്തത്. ആയതിൽ 31.03.2025 വരെ 1,02,76,344/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബഹു. നിയമസഭാ സാമാജികരിൽ നിന്നും പുതിയ പദ്ധതി ശിപാർശകൾ ലഭിക്കാതിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശീർഷകം പുന:സ്ഥാപിക്കുന്നതിന്

ശിപാർശ

4405-00-104-26 - അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 4405-00-104-26 എന്ന ശീർഷകം പുന:സ്ഥാപിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -131)

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം ടി ശീർഷകവും ബഡ്ജറ്റ് വിഹിതവും അനുവദിച്ചിട്ടില്ല. ശീർഷകം പുനഃസ്ഥാപിച്ചു 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ശീർഷകം പുനഃസ്ഥാപിച്ചു. ടി ശീർഷകത്തിൽ നാളിതുവരെ അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം ലഭിച്ച 21.28260 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പുതിയ ശീർഷകം അനുവദിക്കുന്നതിന്

ശിപാർശ

ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടതും അരൂർ, ചന്തിരൂർ പ്രദേശത്തെ മത്സ്യ വ്യവസായ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യവുമായ പൊതു മലിനജല സംസ്കരണ ശാല സ്ഥാപിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -132)

സ്വീകരിച്ച നടപടി

പദ്ധതി പ്രവർത്തനങ്ങൾക്ക് 4405-00-105-96-00-00-00 (പി) ശീർഷകം അനുവദിച്ച് ടോക്കൺ പ്രൊവിഷനായി 1000/- രൂപ വകയിരുത്തിയിരുന്നു. ഇതിലേക്ക് ആലപ്പുഴ ജില്ലാ കളക്ടർ മാനേജിംഗ് ഡയറക്ടർ ആയി രജിസ്റ്റർ ചെയ്ത ACCEPT Society തയ്യാറാക്കിയ 17.71 കോടി രൂപയുടെ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിരീക്ഷണങ്ങൾക്ക്

വിധേയമായി (10 + 5.5) 15.5 കോടി രൂപയായി പുതുക്കിയ പദ്ധതി പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

[06.10.2025-ലെ 168/പി.എസ്./2024/മ.ഉ.വ. നമ്പർ കത്ത് മുഖേന ലഭിച്ച 93 മുതൽ 132 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള കാലതാമസ പത്രിക 03.02.2026-ന് സഭയിൽ സമർപ്പിച്ചു.]

2. 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശിപാർശ

2401-00-001-86-99 - ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ വിവരസാങ്കേതിക വിദ്യ

വിഹിതം : 5,75,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയുടെ ഭാഗമായി വീഡിയോ കോൺഫറൻസ്/ വെർച്വൽ ക്ലാസ്റൂം ഉൾപ്പെടെയുള്ള ഐസിടി ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുടെ പരിപാലനവും നവീകരണവും എന്ന ഘടകത്തിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനും കേരള സ്റ്റേറ്റ് ഇന്റഗ്രേറ്റഡ് അഗ്രികൾച്ചർ ഡാറ്റാ ഹബ്ബിന്റെ (KHDH) വികസനം, ജിഐഎസ്. പ്ലാറ്റ്ഫോമിന്റെ വികസനവും ജി.ഐ.എസ്. ലാബിന്റെ സജ്ജീകരണവും എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തുന്നതിനും കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കമ്പ്യൂട്ടർവൽക്കരണത്തിനുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20.47 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -2)

സ്വീകരിച്ച നടപടി

ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ വിവരസാങ്കേതിക വിദ്യ പദ്ധതിയുടെ ഭാഗമായി വീഡിയോ കോൺഫറൻസ്/വെർച്വൽ ക്ലാസ്റൂം ഉൾപ്പെടെയുള്ള ഐ.സി.ടി. ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുടെ പരിപാലനവും നവീകരണവും എന്ന ഘടകത്തിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനും കേരള സ്റ്റേറ്റ് ഇന്റഗ്രേറ്റഡ് അഗ്രികൾച്ചർ ഡാറ്റാ ഹബ്ബിന്റെ (KHDH) വികസനം, ജി.ഐ.എസ്. പ്ലാറ്റ്ഫോമിന്റെ വികസനവും ജി.ഐ.എസ്. ലാബിന്റെ സജ്ജീകരണവും എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തുന്നതിനും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ

കമ്പ്യൂട്ടർ വൽക്കരണത്തിനുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20.47 കോടി രൂപ 2401-00-001-86-99 ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നതനുസരിച്ച് 05/12/2023 ലെ ADFW/8857/23 FIN-1 നമ്പർ കത്തു പ്രകാരം കൃഷി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുകയും മാനദണ്ഡങ്ങൾ പ്രകാരമുള്ള പുതുക്കിയ അപേക്ഷ അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കാൻ കൃഷി ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2402-00-102-81- ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി

വിഹിതം : 50,00,000 രൂപ (പദ്ധതി)

വകുപ്പിൽ e-office, e-service സംവിധാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -55)

സ്വീകരിച്ച നടപടി

വകുപ്പിൽ ഇ-ഓഫീസ്, ഇ-സർവീസ് സംവിധാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ Software updation നിമിത്തം ബയോമെട്രിക് punching device വിതരണം ചെയ്യുന്നതിന് കെൽട്രോൺ അസൗകര്യം അറിയിച്ചിരുന്നതിനാലും Third Party evaluation of soil conservation scheme-ന്റെ പ്രൊപ്പോസലിന് സർക്കാർ അനുമതി ലഭിക്കാതിരുന്നതിനാലും 2023-24 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയിൽ 20.52 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിരുന്നുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ അധിക ധനാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കപ്പെട്ടിരുന്നില്ല.

[26.05.2025-ലെ എ.എഫ്1/95/2023/കൃഷി നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 2, 55 എന്നിവയിലെ ശിപാർശകളിന്മേലുള്ള കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.]

2. <u>2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>

<u>ശിപാർശ</u>

ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം വിദേശ രാജ്യങ്ങളിലുൾപ്പെടെ വിവിധമേഖലകളിൽ തൊഴിൽ ചെയ്യുന്നവരെയും വ്യവസായ വാണിജ്യ സംരഭകരെയും സഹകരിപ്പിച്ച് കാർഷിക മൂല്യവർദ്ധന ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി സിയാൽ മാതൃകയിൽ ആരംഭിക്കുന്നതും ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, ഗുണമേന്മ ഉറപ്പുവരുത്തൽ, മാർക്കറ്റിംഗ് ഉൾപ്പെടെയുള ചുമതലകൾ നിർവഹിക്കുന്നതുമായ 100 കോടി രൂപ മൂലധനമുള്ള മാർക്കറ്റിംഗ് കമ്പനിക്കായി പുതിയ ശീർഷകം അനുവദിച്ച് 20 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -53)

<u>സ്വീകരിച്ച നടപടി</u>

പുതിയ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ 2022-23 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരം പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തുകയുണ്ടായില്ല. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിച്ചതിനെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനിക്ക് 4435-01-190-99-Kerala Agro Business Company Limited (KABCO) (PV) എന്ന ശീർഷകം ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും, 2025-26 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ, Kerala Agro Business Company Limited (KABCO) ന് ഈ വർഷം ഫണ്ട് ആവശ്യമുള്ള പക്ഷം ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ടി ശീർഷകത്തിൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു എന്ന വിവരം സമിതിയെ അറിയിക്കുന്നു.

<u>ശിപാർശ</u>

ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന് പുതിയ സാങ്കേതിക വിദ്യകൾ കരസ്ഥമാക്കുന്നതിനും

ആധുനിക ഉപകരണങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുമുള്ള മൂലധന നിക്ഷേപമായി പ്രഖ്യാപിച്ചിട്ടുള്ള 5 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -56)

സ്വീകരിച്ച നടപടി

കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന് പുതിയ സാങ്കേതിക വിദ്യകൾ കരസ്ഥമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള മൂലധന നിക്ഷേപമായി പ്രഖ്യാപിച്ച 5 കോടി രൂപ, 2022-23 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ടെന്നും ആയതിന്റെ ബഡ്ജറ്റ് ഹെഡ് "4401-00-190-86 PLAN" ആണെന്നുമുള്ള വിവരങ്ങൾ സമിതിയെ അറിയിക്കുന്നു.

[02.09.2025-ലെ AGRI-PU3/253/2023-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 53, 56 എന്നിവയിലെ ശിപാർശകളിന്മേലുള്ള കാലതാമസ പത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.]

പുതിയ ശീർഷകം അനുവദിക്കുന്നതിന്

ശിപാർശ

വെയർഹൗസിംഗ് കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സബ്സിഡൈസ്ഡ് നിരക്കിൽ ഗോഡൗണുകൾ വാടകയ്ക്ക് നൽകി വരുന്നുണ്ട്. ഈ വകയിൽ പ്രതിവർഷം 4 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നതിനാൽ പ്രസ്തുത വരുമാന നഷ്ടം നികത്തുന്നതിനായി 'New Service Procedure ' പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 5 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യാർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക -76)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണമടക്കമുള്ള വികസന ചെലവുകൾക്ക് വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ

സംസ്ഥാന ബജറ്റിൽ വർഷാവർഷം തുക വകയിരുത്തിവരുന്നുണ്ട്. ഇതിനു പുറമെ, പ്രവർത്തന ചെലവുകൊണ്ടുണ്ടാകുന്ന നഷ്ടം കൂടി ഏറ്റെടുക്കുന്നത് സംസ്ഥാനത്തിനു അധിക ബാധ്യത സൃഷ്ടിക്കുന്നതാകയാൽ സമിതി ശിപാർശ അംഗീകരിക്കുകയുണ്ടായില്ല.

[21.08.2025-ലെ AGRI-PU2/90/2022-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 76-ലെ ശിപാർശയിന്മേലുള്ള കാലതാമസപത്രിക 06.10.2025-ന് സഭയിൽ സമർപ്പിച്ചു.]

(1.)	**'പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

സർവ്വേ സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട അധികവിവരം

'പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ 77-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ റവന്യൂ (പി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 23.07.2020-ലെ സമിതിയോഗം പരിഗണിക്കുകയും പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി, കയ്യേറിയ സ്ഥലങ്ങൾ ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിക്കുന്നതിനു വേണ്ടി, പഞ്ചായത്തുമായി സഹകരിച്ച് റവന്യൂ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച സർവ്വേ സെൽ-ന്റെ പ്രവർത്തനങ്ങൾക്കായി അതാത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാന ഉന്നതതല സമിതിയിൽ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനത്തിന്റെ വിശദാംശം ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി പ്രസ്തുത ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച്, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി റവന്യൂ, സർവ്വേ, പോലീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എല്ലാ ജില്ലകളിലും സർവ്വേ സെൽ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് സഹിതം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ട് 24.05.2023 ലെ സമിതി യോഗത്തിൽ പരിഗണിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച സർവ്വേ സെല്ലിന്റെ കർത്തവ്യങ്ങളിൽ ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ

നിന്നും ബന്ധപ്പെട്ട കയ്യേറ്റങ്ങളുടെ പട്ടിക തയ്യാറാക്കി റവന്യൂ, സർവ്വേ, പോലീസ് എന്നീ വകുപ്പുകളുടെ മേൽനോട്ടത്തിൽ അവ ഒഴിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതും പ്രതിമാസ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതും അപ്രകാരം ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ റിപ്പോർട്ട് സംസ്ഥാന ഉന്നതതല സമിതി യോഗം വിലയിരുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണെന്നുമുള്ള പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രതിമാസ റിപ്പോർട്ട് പ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ഏകീകരിച്ചതിന്റെ പശ്ചാത്തലത്തിൽ സർവ്വേസെൽ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള തസ്തികകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസ്തുത ഉത്തരവ് പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും സമിതി നിർദ്ദേശിക്കുകയുണ്ടായി.

സർവ്വേ സെല്ലിന്റെ പ്രതിമാസ റിപ്പോർട്ട് സംബന്ധിച്ച വിശദാംശം, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ഏകീകരിച്ചതിന്റെ പശ്ചാത്തലത്തിൽ തസ്തികകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി സർവ്വേ സെൽ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുതുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് എന്നിവ 02.06.2023-ലെ സമിതിയോഗം ആവശ്യപ്പെട്ടു.

<u>സ്വീകരിച്ച നടപടി</u>

കൃഷിയും മൃഗസംരക്ഷണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി - I ന്റെ, പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ 77-ാം ഖണ്ഡികയിൻമേൽ, റവന്യൂ(പി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, 23.07.2020-ലെ സമിതി പരിഗണിച്ചിരുന്നു. സമിതിയുടെ നിർദ്ദേശമനുസരിച്ച്, പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി, ടി ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച്, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി റവന്യൂ, സർവ്വേ, പോലീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ, എല്ലാ ജില്ലകളിലും, സർവ്വേ സെൽ രൂപീകരിച്ച്, 15.01.2023-ലെ G.O(Rt) No.249/2023/RD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളിച്ച്

സമിതി മുമ്പാകെ അധിക വിവരത്തിൻമേലുള്ള റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 24.05.2023-ന് ചേർന്ന യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിയ്ക്കുകയും, ഓരോ മാസവും സർവ്വെ സെല്ലിന്റെ യോഗം ചേരുകയും ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ബന്ധപ്പെട്ട കയ്യേറ്റങ്ങളുടെ പട്ടിക തയ്യാറാക്കി, റവന്യൂ, സർവ്വേ, പോലീസ് എന്നീ വകുപ്പുകളുടെ മേൽനോട്ടത്തിൽ അവ ഒഴിപ്പിയ്ക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും, പ്രതിമാസ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതും, അപ്രകാരം ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ റിപ്പോർട്ട് സംസ്ഥാന ഉന്നതതല സമിതി യോഗം വിലയിരുത്തി തുടർനടപടി സ്വീകരിയ്ക്കേണ്ടതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ സമിതി പരാമർശിച്ചിരുന്നു. കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ഏകീകരിച്ചതിന്റെ പശ്ചാത്തലത്തിൽ സർവ്വേ സെൽ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള തസ്തികകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസ്തുത ഉത്തരവ് പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

സമിതിയുടെ നിർദ്ദേശമനുസരിച്ച് സർവ്വേ സെല്ലിന്റെ നാളിതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ഏകീകരിച്ചതിന്റെ പശ്ചാത്തലത്തിൽ 15.01.2023-ലെ G.O(Rt) No.249/2023/RD നമ്പർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള തസ്തികകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസ്തുത ഉത്തരവ് പുതുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. സർവ്വെ സെല്ലിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക ഈ റിപ്പോർട്ടിനൊപ്പം ഉള്ളടക്കം ചെയ്യുന്നു.

തിരുവനന്തപുരം ജില്ല

ക്രമ നം.	റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം	വില്ലേജ്	വിസ്തീർണ്ണം	ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ	ഒഴിപ്പിച്ചവ	ശേഷിക്കുന്നവ
1.	ചെറിയ കണിച്ചോട്ടു തോട്	വാമനപുരം	നാല് വില്ലേജുകളിലായി കയ്യേറ്റം തിട്ടപ്പെടുത്തി റിപ്പോർട്ടും മഹസറും തയ്യാറാക്കുവാൻ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വേ നടപടികൾ സ്വീകരിച്ചു വരുന്നു.			
2.	അയിരൂർക്കോണം	നെല്ലനാട്				
3.	മാങ്കോട്ടുകൊണം ഏലത്തോട്	തൊളിക്കോട്				
4.	കാക്കത്തോട്	കരിപ്പൂർ				

കൊല്ലം ജില്ല

ക്രമ നം.	റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം	വില്ലേജ്	വിസ്തീർണ്ണം	ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ	ഒഴിപ്പിച്ചവ	ശേഷിക്കുന്നവ
1.	11	അയണിവേലിക് കുളങ്ങര	0.1782 H	നടപടി സ്വീകരിച്ചു വരുന്നു	0	0
2.	15	വടക്കും തല	0.8206 H	നടപടി സ്വീകരിച്ചു വരുന്നു	0	0

ആലപ്പുഴ ജില്ല

ക്രമ നം.	റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം	വില്ലേജ്	വിസ്തീർണ്ണം	ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ	ഒഴിപ്പിച്ചവ	ശേഷിക്കുന്നവ
1.	1	പുതുപ്പള്ളി	28.18 ആർസ് കായൽ പുറമ്പോക്ക്	1	0	ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിർദ്ദേശം നൽകി
2.	1	ആറാട്ടുപുഴ	25 ചതു. മീറ്റർ	1	0	അസിസ്റ്റന്റ് എൻജിനീയർ ഇറിഗേഷൻ സബ് ഡിവിഷൻ മാവേലിക്കരയ്ക്ക് ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതിന് 15.04.24-ൽ നിർദ്ദേശം നൽകി
3.	1	ആറാട്ടുപുഴ	---	0	0	കായൽ പുറമ്പോക്ക് കൈയ്യേറ്റം തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവേയർക്ക് നിർദ്ദേശം നൽകി
4.	1	കണ്ടൂർ	10 ചതു. മീറ്റർ	1	0	അസിസ്റ്റന്റ് എൻജിനീയർ മൈനർ ഇറിഗേഷൻ കായംകുളത്തിന് 19.07.23-ൽ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി.

5.	1	കീരിക്കാട്	1.78 ആർസ്	1	0	കായംകുളം മുൻസിപ്പൽ സെക്രട്ടറിക്ക് ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതിന് 08.08.23-ൽ നിർദ്ദേശം നൽകി
6.	1	പാലമേൽ	1.60 ആർസ്	1	0	കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പാലമേൽ പഞ്ചായത്ത് സെക്രട്ടറിക്ക് 11.07.23-ൽ നിർദ്ദേശം നൽകി
7.	46	താമരക്കുളം	22.62 ആർസ്	46	0	കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് താമരക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് 07.07.23-ൽ നിർദ്ദേശം നൽകി

പത്തനംതിട്ട ജില്ല

ക്രമ നം.	റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം	വില്ലേജ്	വിസ്തീർണ്ണം	ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ	ഒഴിപ്പിച്ചവ	ശേഷിക്കുന്നവ
1.	2	റാന്നി	3.26 ആർ	2	0	2
2.	22	അങ്ങാടി	9.77 ആർ	22	2	20
3.	11	പഴവങ്ങാടി	7.56 ആർ	11	0	11
4.	2	ചെറുകോൽ	1.64 ആർ	2	0	2
5.	10	ആയിരൂർ	7.98 ആർ	10	0	10
6.	1	ചേത്തയ്ക്കൽ	0.20 ആർ	1	0	1
7.	1	കൊല്ലമുള	1.10 ആർ	1	1	0
8.	3	അത്തിക്കയം	4.05 ആർ	3	0	3
9.	153	കോട്ടാങ്ങൾ	1.70252	153	1	152

കോട്ടയം ജില്ല

കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

ഇടുക്കി ജില്ല

ക്രമ നം.	താലൂക്ക്	റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം	വില്ലേജ്	വിസ്തീർണ്ണം	ഒഴിപ്പിക്കൽ നടപടി സ്വീകരിച്ച വ	ഒഴിപ്പിച്ചവ	ശേഷിക്കുന്നവ
1.	ഇടുക്കി	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല
2.	ദേവികുളം	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല
3.	തൊടുപുഴ	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല
4.	പീരുമേട്	25	മഞ്ജുമല	0.3926	25	0	0
		500	പെരിയാർ		0	0	500
5.	ഉടുമ്പൻ ചോല	56	പൂപ്പാറ	0.7355	56	56	0

എറണാകുളം ജില്ല

ക്രമ നം.	റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം	വില്ലേജ്	വിസ്തീർണ്ണം	ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ	ഒഴിപ്പിച്ചവ	ശേഷിക്കുന്നവ
1.	1	കരുമാലൂർ	31.40 ആർ	1	0	1
2.	1	കിഴക്കുംഭാഗം	00.2347 ചതു.മീറ്റർ	1	1	0
3.	1	കീഴ്മാട്	01.34 ആർ	1	1	0
4.	3	ചെങ്ങമനാട്	0.40 ആർ	3	3	0
5.	126	എളംകുളം	1.1303 ഹെക്ടർ	126	---	126

തൃശ്ശൂർ ജില്ല

ക്രമ നം.	റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം	വില്ലേജ്	വിസ്തീർണ്ണം	ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ	ഒഴിപ്പിച്ചവ	ശേഷിക്കുന്നവ
1.	1	ചാഴൂർ	0.0040	1	0	1
2.	1	ചിറ്റിലപ്പിള്ളി	1.2069	1	0	1
3.	1	പുള്ള്	0.0364	1	0	1
4.	1	ആലപ്പാട്	0.0638	1	0	1
5.	1	കാട്ടുകുറ്റി	0.0718	1	0	1
6.	1	കുന്ദംകുളം	0.0023	1	0	1
7.	2	അയ്യന്തോൾ	0.0607	2	0	2
8.	9	ചെമ്പുക്കാവ്	0.0396	9	1	8
9.	3	പെരിങ്ങാവ്	0.0224	3	0	3
10.	1	ഇരുമ്പ്ര നെല്ലൂർ	0.0740	1	1	0

11.	1	ചിററനെല്ലൂർ	5.5 km River Side	1	1	0
12.	1	പുതുരുത്തി	0.3598	1	0	1
13.	1	എങ്കക്കാട്	0.1040	1	0	1
14.	16	ആല	0.6030	0	0	16
15.	39	ലോക മല്ലേശ്വരം	0.7562	0	0	39
16.	35	മേത്തല	0.8046	0	0	35
17.	10	പനങ്ങാട്	0.2297	0	0	10
18.	9	പുല്ലറ്റ്	0.3610	0	0	9
19.	39	പാപ്പിനിവട്ടം	0.5655	0	0	39
20.	9	പെരിങ്ങനം	0.1386	0	0	9
21.	8	കൈപ്പമംഗലം	0.2302	0	0	8
22.	24	എടത്തിരുത്തി	0.3040	0	0	24
23.	8	ചെന്ത്രാപ്പിന്നി	0.1913	0	0	8
24.	26	വള്ളിവട്ടം	2.5222	0	0	26
25.	1	കാട്ടൂർ	0.0051	0	0	1
26.	20	പടിയൂർ	0.3238	0	0	20
27.	76	പൊറിത്തിശ്ശേരി	0.2490	0	0	76
Total	**344**		**9.3292**	**24**	**3**	**341**

പാലക്കാട് ജില്ല

ക്രമ നം.	**റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം**	**വില്ലേജ്**	**വിസ്തീർണ്ണം**	**ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ**	**ഒഴിപ്പിച്ചവ**	**ശേഷിക്കുന്നവ**
1.	1	പുതുശ്ശേരി വെസ്റ്റ്	0.0263 ഹെക്ടർ	1	0	കയ്യേറ്റം ബുക്ക് ചെയ്ത് പഞ്ചായത്തിന് കൈമാറി
2.	4	മൂലത്തറ	0.2522 ഹെക്ടർ	4	1	3
3.	1	അയിലൂർ	0.0047 ഹെക്ടർ	0	1	0
4.	1	പട്ടാമ്പി	0.0376 ഹെക്ടർ	1	0	WP(C) 25213/2016 പ്രകാരം ബഹു.ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നു.
5.	1	തൃത്താല	0.2023 ഹെക്ടർ	1	0	WP(C) 31763/2022 പ്രകാരം ബഹു. ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നു.
6.	1	കാവശ്ശേരി 1	0.0060 ഹെക്ടർ	1	0	1

മലപ്പുറം ജില്ല

കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല

കോഴിക്കോട് ജില്ല

ക്രമ നം.	റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം	വില്ലേജ്	വിസ്തീർണ്ണം	ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ	ഒഴിപ്പിച്ചവ	ശേഷിക്കുന്നവ
1.	1	നരിപ്പറ്റ	0.049	1	0	1
2.	1	വാണിമേൽ	0.0121	1	0	1
3.	1	കായക്കൊടി	0.012	1	0	1
4.	2	കാവിലും പാറ	0.0676	2	0	2
5.	1	മണിയൂർ	4.2745	1	0	1
6.	1	വടകര	0.0019	1	0	1
7.	1	ഇങ്ങാപ്പുഴ	13.4 മീറ്റർ നീളം 2 അടി ഉയരം	1 പുതുപ്പാടി പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി	0	1
8.	5	കട്ടിപ്പാറ	1.8435 ഹെക്ടർ 0.75 മീറ്റർ	5 കട്ടിപ്പാറ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി	0	5
9.	1	കടവൂർ	ഷെഡ് നിർമിച്ചതിന്റെ ചെറിയൊരു ഭാഗം	1 താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി	0	1
10.	3	വാവാട്	0.02074 ഹെക്ടർ	3 കൊടുവള്ളി മുൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി	0	3
11.	2	പുത്തൂർ	0.530 ഹെക്ടർ	2 കൊടുവള്ളി മുൻസിപ്പൽ സെക്രട്ടറി, ഓമശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി	0	2

				എന്നിവർക്ക് നിർദ്ദേശം നൽകി		
12.	3	ഉണ്ണികുളം	0.39244 ഹെക്ടർ	3 ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി	0	3
13.	1	പുതുപ്പാടി	0.0418 ഹെക്ടർ	പുതുപ്പാടി പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി	0	1
14.	1	തിരുവമ്പാടി	0.0060 ഹെക്ടർ	1 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി		
15.	2	കൊടുവള്ളി	0.05279 ഹെക്ടർ	2 കൊടുവള്ളി മുൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി	0	2
16.	1	ചെറുവണ്ണൂർ	9 സെന്റ്	1 ചെറുവണ്ണൂർ വില്ലേജ് റീ സർവ്വേ 277-ൽ കണ്ടെത്തിയ ഒമ്പത് സെന്റ് പുഴ പുറംപോക്ക് കൈയേറ്റം ഒഴിപ്പിക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് ഭൂരേഖ തഹസിൽദാർ അറിയിച്ചിട്ടുണ്ട്.	0	1

വയനാട് ജില്ല

ക്രമ നം.	**റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം**	**വില്ലേജ്**	**വിസ്തീർണ്ണം**	**ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ**	**ഒഴിപ്പിച്ചവ**	**ശേഷിക്കുന്നവ**
1.	1	അച്ചൂരാനം	0.4047	ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചു വരുന്നു.	0	0

കണ്ണൂർ ജില്ല

ക്രമ നം.	റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങളുടെ എണ്ണം	വില്ലേജ്	വിസ്തീർണ്ണം	ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചവ	ഒഴിപ്പിച്ചവ	ശേഷിക്കുന്നവ
1	48	ചിറക്കൽ പുഴാതി എളയാവൂർ	1.9724 ഹെക്ടർ	48	0	48

കാസർഗോഡ് ജില്ല

കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല

കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ - എന്ന വിഷയത്തിന്മേൽ നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന 29.12.2021-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട റിപ്പോർട്ടിന്മേൽ 02.11.2022-ലെ യോഗത്തിൽ ആവശ്യപ്പെട്ട വിശദാംശവും ആയതിന്മേലുള്ള റിപ്പോർട്ടും

02.11.2022-ലെ സമിതിയോഗം ആവശ്യപ്പെട്ട വിശദാംശം

1. കൃഷിയുമായി ബന്ധപ്പെട്ട് ഓരോ മേഖലയിലും നടപ്പാക്കുന്ന കാര്യങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട്
2. കാപ്കോ സംബന്ധിച്ച വിശദവിവരങ്ങൾ
3. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുമായി ബന്ധപ്പെട്ട് ലഭിച്ച തുക, അവ ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ടതാണ് എന്നിവ സംബന്ധിച്ച വിശദാംശം
4. എ.ഐ.എഫ് പദ്ധതിയുമായി ബന്ധപ്പെട്ട കോൾഡ് സ്റ്റോറേജിന്റെ വിശദാംശം
5. കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽപ്പനയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പുറത്തിറക്കിയ 19 ശീതീകരണ വാഹനങ്ങൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകിയതിന്റെ വിശദാംശം

6. e-NAM മാർക്കറ്റുമായി ബന്ധപ്പെട്ട് ചെയ്ത കാര്യങ്ങൾ ഓരോ സീസണുമായി ബന്ധപ്പെട്ട് എത്ര മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള വിശദാംശം എന്നിവ ഉൾപ്പെടുന്ന റിപ്പോർട്ട്
7. കൃഷിയിടാധിഷ്ഠിത വിള ആസൂത്രണപദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് ഉദാഹരണ സഹിതമുള്ള വ്യക്തമായ റിപ്പോർട്ട്
8. കേരളത്തിലെ 1076 കൃഷിഭവനുകളിൽ എത്രയെണ്ണത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആയിട്ടുണ്ടെന്നും എത്രയെണ്ണം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രവർത്തനങ്ങളിലേക്ക് നീങ്ങിയിട്ടുണ്ടെന്നുമുള്ള വിശദാംശം.
9. കേരഗ്രാമവുമായി ബന്ധപ്പെട്ട് എത്രയിടങ്ങളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായി കേരസമിതി രൂപീകരിക്കുന്നുണ്ട് എന്നത് സംബന്ധിച്ച വിശദവിവരം.

<u>സ്വീകരിച്ച നടപടി</u>

<u>02.07.2025-ലെ യോഗത്തിൽ പരിഗണിച്ച റിപ്പോർട്ട്</u>

കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുമായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

1. കൃഷിയുമായി ബന്ധപ്പെട്ട് ഓരോ മേഖലയിലും നടപ്പാക്കുന്ന കാര്യങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

I. <u>കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപന പദ്ധതികൾ</u>

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിളകേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിന് 2022-23 വർഷം തുടക്കമിട്ടു. ഈ സമീപനത്തിൽ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ താഴെ പറയുന്നവയാണ്.

- കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ,
- ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി,
- കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

ഓരോ കൃഷിഭവനു കീഴിലും 10 കൃഷിയിടങ്ങൾ വീതം തെരഞ്ഞെടുത്ത് ആവശ്യമനുസരിച്ച സാങ്കേതിക-സേവന-ഉല്പാദനോപാധികൾ നൽകികൊണ്ട് അവയുടെ സമഗ്ര കാർഷിക വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അടുത്തപടിയായി പദ്ധതിയിലെ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ടു കർഷക ഉല്പാദന സംഘങ്ങൾ രൂപീകരിക്കുന്നതിനും "ഹബ് ആൻഡ് സ്പോക്ക്" മാതൃകയിൽ വിപണന ശൃംഖല വികസിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു.

II. <u>വിള വിസ്തൃതി വർദ്ധനവും വികസന സമീപനവും</u>

കർഷകർക്ക് പിന്തുണ നൽകികൊണ്ട് വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ കൃഷി സമ്പ്രദായത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമാണ് ഈ സമീപനം ലക്ഷ്യമിടുന്നത്. നെൽകൃഷി വികസനം, പച്ചക്കറി വികസനം, നാളികേര വികസനം, സുഗന്ധവ്യഞ്ജന വികസനം, പഴവർഗ്ഗങ്ങൾ-പുഷ്പം-ഔഷധസസ്യങ്ങളുടെ വികസനം, സംയോജിത കാർഷിക സമ്പ്രദായ മാതൃകയിലൂടെ വിളകളുടെ വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേര രക്ഷാ വാരം പദ്ധതി നടപ്പിലാക്കി. ഈ സമീപനത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

എ. നെൽകൃഷി വികസന പദ്ധതി :- തരിശുനിലകൃഷി, ഒരുപൂ കൃഷി ഇരുപ്പൂ കൃഷിയിലേയ്ക്കു മാറ്റുക എന്നീ പരിപാടികളിലൂടെ വിസ്തൃതി വിപുലീകരണ പ്രവർത്തനങ്ങൾ, സുസ്ഥിര നെൽകൃഷി വികസനത്തിനായി ഉല്പാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക്

റോയൽറ്റി എന്നിവയാണ് നെൽകൃഷി വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സവിശേഷ നെല്ലിനങ്ങളുടെ കൃഷിയും ഇതിലൂടെ പ്രോത്സാഹിപ്പിക്കുന്നു. രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാമിലൂടെ ഗുണമേന്മയുള്ള നെൽവിത്തുല്പാദനം നടപ്പിലാക്കിവരുന്നു. നെല്ലിന്റെ ഉത്പാദനക്ഷമതയെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഘടകം നെൽവിത്തിന്റെ ഗുണമേന്മയാണ്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം പ്രത്യേക പരിചരണ മുറകൾ പാലിച്ച് നെൽവിത്ത് ഉല്പാദിപ്പിക്കുകയും അവയുടെ ഗുണമേന്മ കൃഷി വകുപ്പിന്റെ വിത്ത് പരിശോധനാ ലാബുകളിൽ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ സീഡ് ടാഗ് നൽകിക്കൊണ്ട് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിരുന്നു.

കോൾ നിലങ്ങളിൽ ഇരുപ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പറേഷൻ ഡബിൾ കോൾ എന്ന ഘടകം നടപ്പിലാക്കി. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ബ്ലോക്ക്തല സംയോജനത്തോടെ പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് പിന്തുണ നൽകി.

ബി. പച്ചക്കറി വികസനം :- പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടു കൂടിയാണ് സംസ്ഥാനത്ത് പച്ചക്കറി വികസന പരിപാടി നടപ്പിലാക്കുന്നത്. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള കാർഷിക സർവ്വകലാശാല, കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ) തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തിയാണ് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നത്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പച്ചക്കറി കൃഷിയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം-മഴമറ, സ്ഥിരംപന്തലുകൾ, ജലസേചനം മുതലായവ വി.എഫ്.പി.സി.കെ മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പരിപാടികൾക്കുള്ള പിന്തുണ, പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ.

സി. നാളികേര വികസനം :- ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെയും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിലൂടെയും നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് നാളികേര വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ളതും പുതിയതുമായ തെങ്ങുകൾക്ക് ശാസ്ത്രീയ പരിപാലന മാർഗ്ഗങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക ഉൾപ്പെടെ മണ്ണ് പരിശോധനാ അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം, ജലസേചനം, രോഗകീടപരിപാലനം, തെങ്ങിൻതോട്ടങ്ങൾ ബഹുവിള കൃഷി സമ്പ്രദായം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

സമഗ്രമായ നാളികേര പുനരുജ്ജീവനവും നടീൽ പരിപാടികളും - നാളികേര മിഷൻ പരിപാടിയിലൂടെ കേരളത്തിലെ തെങ്ങുകളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും, കേരരക്ഷാവാരം, കേരഗ്രാമം പ്രവർത്തനങ്ങൾ, വിത്തുതേങ്ങ സംഭരണവും തെങ്ങിൻ തൈ ഉല്പാദനം എന്നീ ഘടകങ്ങളാണ് നടപ്പിലാക്കിയത്. കേര രക്ഷാ വാരത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള ആരോഗ്യകരവും ഉൽപ്പാദനക്ഷമതയുള്ളതുമായ എല്ലാ തെങ്ങുകളിലും സംയോജിത വളപ്രയോഗം, കീടരോഗ പരിപാലന പ്രവർത്തനങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കി.

ഡി. ജൈവകൃഷിയും ഉത്തമ കൃഷി രീതികളും :- വിഷരഹിത ആരോഗ്യകരമായ ഭക്ഷണത്തിന്റെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ജൈവകൃഷി രീതികൾ പരിശീലിക്കുന്ന കർഷകർക്ക് അവരുടെ പ്രീമിയം ഉല്പന്നങ്ങൾക്ക് അധിക വിലയുടെ നേട്ടം നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിട്ടു.

ഇ. കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി :- പ്രസ്തുത പദ്ധതി കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പരമ്പരാഗത പെട്ടിയും പറയും ഉപയോഗിച്ചുള്ള ജലസേചന സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ (10-50 എച്ച്.പി) എന്നിവ സ്ഥാപിക്കുന്നതിനും, അതിനായി ഉയർന്ന തിട്ടകൾ നിർമ്മിക്കുന്നതിനും ആയതിലൂടെ ഈ മേഖലയിലെ കർഷകർക്ക് സഹായകരമാകുന്നതാണ്. ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന പാടശേഖരങ്ങളുടെ

അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളും ഇതിലേയ്ക്ക് സംയോജിപ്പിച്ചിരുന്നു. കൂടാതെ പരമ്പരാഗത ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി കാർഷികമേഖലയിൽ സൗരോർജ്ജം ഉപയോഗപ്പെടുന്നതിന് അനർട്ടുമായി സഹകരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.കസും (PM KUSUM) ഉപയോഗപ്പെടുത്തിയിരുന്നു. ഇത് പ്രകാരം സ്ഥാപിക്കുന്ന പമ്പ്സെറ്റുകളുടെ മൂലധനചെലവിന്റെ 20% സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് അധിക സബ്സിഡിയായി നൽകി.

III. വിള വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതി

ഉല്പാദനക്ഷമത, സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് വിള വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതി. ഇടവിളയായിട്ടോ, പ്രാഥമിക വിളയ്ക്ക് ശേഷമോ, അല്ലെങ്കിൽ പ്രധാന വിളയായിട്ടോ മറ്റു ഉയർന്ന മൂല്യമുള്ള വിളകളുടെ പ്രോത്സാഹനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. കേരളത്തിലെ കാലാവസ്ഥയിലും മണ്ണിലും ചെറുധാന്യങ്ങൾ, ചെറുപയർ, ഉഴുന്ന് തുടങ്ങിയ പയർവർഗ്ഗങ്ങളും, എള്ള്, നിലക്കടല തുടങ്ങിയ എണ്ണ വിത്തുകളും ആദായകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇവ നെല്ലിന്റെ കാലാനുസൃതമായ തരിശുനിലങ്ങളിലും, തെങ്ങ് പോലുള്ള തോട്ടവിളകളുടെ ഇടവിളയായിട്ടും കൃഷി ചെയ്യാനും സാധിക്കും.

IV. യന്ത്രവൽക്കരണം

കർഷകത്തൊഴിലാളി ക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടപ്പലാക്കുന്നതിനും തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക കർമ്മസേനകളും, അഗ്രോ സർവ്വീസ് സെന്ററുകളും രൂപീകരിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സംസ്ഥാനത്തുടനീളം 107 അഗ്രോ സർവ്വീസ് സെന്ററുകളും 368 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചു വരുന്നു. യന്ത്രവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷികകർമ്മ സേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തി സേവനപ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് ഒറ്റ കേന്ദ്രത്തിലൂടെ നൽകുന്നത് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. കൂടാതെ ഇവയെ സംയോജിപ്പിച്ച്

കാർഷികമേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകളായി (കൃഷിശ്രീ സെന്ററുകൾ) വികസിപ്പിക്കുന്നതിനും എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ നൽകി. പ്രസ്തുത പദ്ധതിയിൽ 800 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 129.98841 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

V. കാർഷിക വിജ്ഞാന വ്യാപന സേവനങ്ങൾ

(i) ഞങ്ങളും കൃഷിയിലേയ്ക്ക് :- സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷിക മേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക് " എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ ക്യാമ്പയിനിന്റെ പ്രധാന ലക്ഷ്യങ്ങൾ കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക, ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളികളാക്കുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക, കാർഷിക മേഖലയിലെ മൂല്യ വർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക, പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക, കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് കൃഷി അനുബന്ധ വകുപ്പുകളുമായും ഏകോപിപ്പിച്ചാണ് ക്യാമ്പയിൻ നടപ്പിലാക്കിയത്. സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക് " എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധനവ്, വിപണി എന്നീ മേഖലകളിലായി 23,569 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി.

(ii) കൃഷിദർശൻ :- കർഷകരും കൃഷി വകുപ്പുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ ഭരണകർത്താക്കൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നനതിനും ആയതിനുള്ള പരിഹാരം ഫീൽഡ് തലത്തിൽ തന്നെ കാണുന്നതിനുമായി രൂപീകരിച്ച പദ്ധതിയാണ് കൃഷിദർശൻ. കൃഷിദർശൻ

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 ഓഗസ്റ്റ് 17 ന് (ചിങ്ങം 1) കർഷകദിനാചരണത്തിനോട് അനുബന്ധിച്ച് നടത്തുകയുണ്ടായി. ആദ്യ കൃഷിദർശൻ പരിപാടി തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിലും, രണ്ടാമത്തെ കൃഷിദർശൻ പരിപാടി കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിലും, മൂന്നാമത്തെ കൃഷിദർശൻ പരിപാടി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിലും നാലാമത്തെ കൃഷിദർശൻ പരിപാടി ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്കിലും സംഘടിപ്പിച്ചു.

(iii) അഗ്രോക്ലിനിക്കുകളുടെ നടത്തിപ്പ്:- കർഷകർക്ക് നൂതന കൃഷി രീതികളും സാങ്കേതിക അറിവുകളും പകർന്നു നൽകുന്നതിന് കാർഷിക വിജ്ഞാന വ്യാപനം നല്ല പങ്ക് വഹിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും മികച്ച പരമ്പരാഗത വിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതിക വിദ്യകളും ഫീൽഡ്തല പ്രദർശനങ്ങളിലൂടെ ജനകീയമാക്കുന്നതിനും ലക്ഷ്യമിട്ടു. കൃഷി പാഠശാല, കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിലൂടെ നടപ്പാക്കുന്ന കാർഷിക വിവരവും വിനിമയവും പദ്ധതിയും, സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന പദ്ധതിയും മാനവശേഷി വികസനം എന്നീ പദ്ധതികളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കി.

(iv) നിലവിലെ സാഹചര്യത്തിന്റെ സാങ്കേതിക വിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തു കൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കേന്ദ്രാധിഷ്ഠിത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIMS പോർട്ടൽ, K SWIFT തുടങ്ങിയ വിവര സാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പിലാക്കി.

VI. വരുമാനം ഉറപ്പാക്കലും റിസ്ക് ലഘൂകരണവും

നഷ്ട സാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പു വരുത്തുന്നതിനും, പ്രകൃതിക്ഷോഭം മൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭങ്ങൾ

നേരിടുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര നടപടി എന്നീ പദ്ധതികളിലൂടെ നടപ്പിലാക്കി.

VII. വിപണനം, സംഭരണം,മൂല്യവർദ്ധനവും

കർഷകർക്ക് സുദൃഢവും ഉയർന്ന വരുമാനം ഉറപ്പാക്കുന്നതിന് വേണ്ടി കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വിപണന സംവിധാനം ഘട്ടം ഘട്ടമായി ഏർപ്പെടുത്തി വരുന്നു. കാര്യക്ഷമമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക എന്നീ ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വിപണി വികസനം
2. വില സ്ഥിരതയ്ക്ക് വിപണി ഇടപെടൽ
3. കാർഷിക വിപണനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും.

കാർഷിക മൊത്ത വ്യാപാര വിപണികളുടെയും ജില്ലാ സംഭരണ കേന്ദ്രങ്ങളുടെയും ശാക്തീകരണം, അഗ്മാർക്ക് നെറ്റ് വഴി വിപണി വിവര ശേഖരണം, കേരളഗ്രോ ബ്രാൻഡഡ് അനുവദിക്കലും കേരളഗ്രോ ബ്രാൻഡഡ് ഷോപ്, ഇക്കോഷോപ്പ് തുടങ്ങിയവയ്ക്കുള്ള ധനസഹായം അനുവദിക്കൽ എന്നിവ വിപണി വികസനത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. വിലസ്ഥിരതക്കുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങളുടെ ഭാഗമായി ഓണവിപണികളുടെ സംഘടിപ്പിക്കൽ, പഴം-പച്ചക്കറിക്കുള്ള അടിസ്ഥന വില പ്രഖ്യാപനം, കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരണം, മാർക്കറ്റ് ഫെഡ് മുഖേന കൊപ്ര സംഭരണം, സപ്ലൈകോ മുഖേന നെല്ല് സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് തുടങ്ങിയവ നടപ്പിലാക്കുന്നു.

കാർഷിക വിപണനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും എന്ന പദ്ധതിയിൽ FPOs/FIGs മുഖേന യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള ചെറുകിട ഇടത്തരം പ്രോസസ്സിംഗ് സംരംഭങ്ങൾക്കുള്ള സഹായം, SFAC മുഖേന ചെറുകിട/ ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾക്കുള്ള സഹായം, SFAC വഴി നിലവിലുള്ള കർഷക ഉത്പാദക സംഘടനകളുടെ നവീകരണം, DPR ക്ലിനിക്കുകൾ, പാക്കേജ് ഡിസൈൻ, ഡെവലപ്മെന്റ് & ഹാൻഡ്ഹോൾഡിങ് ടെക്നോളജി ട്രാൻസ്ഫറിന് IIP യുമായി ചേർന്നുള്ള പദ്ധതി തുടങ്ങിയവ നടപ്പിലാക്കി.

VIII. മറ്റു പദ്ധതികൾ

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും:- കൃഷി വകുപ്പിന്റെ കീഴിലുള്ള 64 ഫാമുകൾ മുഖേനയും മൂന്ന ടിഷ്യൂകൾച്ചർ ലാബുകൾ മഖേനയും നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗ വിളകൾ, സുഗന്ധവ്യഞ്ജന വിളകൾ മുതലായവയുടെ മേൽത്തരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിവിധ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കി. പ്രസ്തുത പദ്ധതിയിൽ ഫാമുകളിൽ മാതൃവൃക്ഷത്തോട്ടങ്ങളുടെ പരിപാലനവും, പുതിയവ വെച്ച് പിടിപ്പിക്കലും, അടിസ്ഥാന സൗകര്യ വികസനം, സംയോജിത കൃഷി സമ്പ്രദായ യൂണിറ്റുകളുടെ സ്ഥാപനം, ഫാം ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം തുടങ്ങിയവയും VFPCK മുഖേനയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനം എന്നിവ നടപ്പിലാക്കി.

മണ്ണിന്റെയും വിളകളുടേയും ആരോഗ്യപരിപാലനവും ഉൽപാദനക്ഷമത ഉയർത്തലും:- കേരളത്തിൽ 90% മണ്ണും അമ്ലസ്വഭാവമുള്ളതാണ്. ഇതിന് പരിഹാരമായി മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായ വസ്തുക്കളും സൂക്ഷ്മ ദ്വിതീയ മൂലകങ്ങളും വന്യ മൂലകങ്ങളും സൗജന്യ നിരക്കിൽ കർഷകർക്ക് നൽകി മണ്ണിന്റെ വിള ഉല്പാദന ശേഷി വർദ്ധിപ്പിച്ചു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്ന പരിപാടി പുരോഗമിക്കുന്നു. ഇത് സമീകൃത വള പ്രയോഗത്തിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും സാഹചര്യമൊരുക്കുന്നു.

വിള ആരോഗ്യ പരിപാലനം:- സുസ്ഥിര കൃഷി വികസനത്തിന്റെ പ്രധാന ഘടകമായ വിള ആരോഗ്യ പരിപാലന പദ്ധതിയിൽ കീടരോഗ നിർമ്മാണ പ്രവർത്തനങ്ങൾ, സസ്യ ആരോഗ്യ ക്ലിനിക്കുകൾ, കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് (KCPM) മുഖേനയുള്ള കീടരോഗ നിരീക്ഷണം, കീടരോഗബാധ നിയന്ത്രിക്കുന്നതിനുള്ള പ്രകൃതി സൗഹാർദ്ദ മാർഗ്ഗനിർദ്ദേശ ബുള്ളറ്റിനുകൾ തുടങ്ങിയവ നടപ്പിലാക്കി.

ലബോറട്ടറികളുടെ ആധുനീകരണം:- കാർഷിക സമൂഹത്തിനുവേണ്ടി കൃഷി വകുപ്പ് നൽകി വരുന്ന പ്രധാന സേവനങ്ങൾ ഫലഭൂയിഷ്ഠത നിർണ്ണയിക്കുന്നതിനുള്ള മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത്, ജൈവ ജീവാണു വളങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ തുടങ്ങിയവയുടെ ഗുണമേന്മ പരിശോധന എന്നിവയാണ്. ഈ സേവനങ്ങൾ ലഭ്യമാക്കുന്ന വിത്ത്

പരിശോധന ലാബുകൾ, രാസവള/കീടനാശിനി ഗുണനിലവാര പരിശോധന ലാബുകൾ, മണ്ണ് പരിശോധന ലാബുകൾ, എന്നിവയുടെ ശാക്തീകരണം ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. ബയോടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെന്ററിന്റെ ശാക്തീകരണം, രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിനും വാഹന ചെലവും ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

IX. <u>**കേന്ദ്രാവിഷ്കൃത പദ്ധതികൾ:-**</u>

ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ-മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എം.ഐ.ഡി.എച്ച്) 30% മുതൽ 55% വരെയും കമ്മ്യൂണിറ്റി ഇറിഗേഷനും, മാനവശേഷി വികസനത്തിനുമായി 100% കേന്ദ്ര ധനസഹായം ലഭ്യമാണ്. രാഷ്ട്രീയ കൃഷി വികാസ് യോജന-ആർ.കെ.വി.വൈ -പദ്ധതി അധിഷ്ഠിത കാർഷിക പ്രവർത്തനങ്ങൾക്ക് 25% മുതൽ 100% വരെ കേന്ദ്ര ധനസഹായം ലഭ്യമാണ്.

കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായി -സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ -40% മുതൽ 80% വരെ കേന്ദ്ര ധനസഹായം നൽകി വരുന്നു.

ധാന്യ വിളകളുടെയും എണ്ണക്കുരു, എണ്ണപ്പന എന്നിവ ഉൾപ്പെടെയുള്ള മറ്റു ഭക്ഷ്യയോഗ്യമായ എണ്ണ ഉല്പാദിപ്പിക്കുന്ന വിളകളുടെയും ഉല്പാദന വർദ്ധനവിനായി - ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ-എൻ.എഫ്.എസ്.എം - 40% മുതൽ 50% വരെയും പരിശീലന പരിപാടികൾക്കും വിജ്ഞാന വ്യാപന പ്രദർശന പരിപാടികൾക്കും 100% കേന്ദ്ര ധനസഹായം തെരഞ്ഞെടുത്ത ജില്ലകളിൽ ലഭ്യമാണ്. ആത്മ പദ്ധതിയുടെ ഭാഗമായി വിവിധ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിനും, കർഷകർക്കായി പരിശീലന പരിപാടികൾ, പഠനയാത്രകൾ, വിജ്ഞാന വ്യാപന-പ്രദർശന പരിപാടികൾ നടപ്പിലാക്കുന്നതിനായി കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ദേശീയ പദ്ധതിഎസ്.എം.എ.ഇ 100% കേന്ദ്ര ധനസഹായം ലഭ്യമാണ്. തെങ്ങു കൃഷി വ്യാപനം പുനരുജ്ജീവനം എന്നിവയ്ക്കായി നാളികേര വികസന ബോർഡ് പദ്ധതികൾ -50% മുതൽ 100% കേന്ദ്ര ധനസഹായം നൽകി വരുന്നു. കാർഷിക ഉപയോഗത്തിനായി സാങ്കേതിക ജലസേചന രീതികൾ പ്രചരിപ്പിക്കുന്നതിന് പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന-പി.എം.കെ.എസ്.വൈ-45% മുതൽ 55% കേന്ദ്ര ധനസഹായം നൽകി വരുന്നു.

കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ കർഷകരുടെ ജീവിത ശൈലി മെച്ചപ്പെടുത്തുന്നതിനും സംയോജിത കൃഷി രീതിയിലൂടെ ഉല്പാദന വർദ്ധനവും സുസ്ഥിരമായ

വരുമാനവും ലഭ്യമാക്കുന്നതിന് റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി 25% മുതൽ 100% കേന്ദ്ര ധനസഹായം നൽകി വരുന്നു.

കാർഷിക ആവശ്യത്തിനായി മണ്ണ് പരിശോധിച്ച് അതിന്റെ അവസ്ഥ മനസിലാക്കുന്നതിന് സോയിൽഹെൽത്ത് കാർഡ് 100% കേന്ദ്ര ധനസഹായം നൽകി വരുന്നു.

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ സീഡ്സ്-ഓയിൽപാം (NMEO-OP) പ്രകാരം ഓയിൽ പാം കൃഷി വ്യാപിപ്പിക്കുന്നതിനായി ഹെക്ടറിന് 20000 രൂപ നൽകി വരുന്നു.

<u>കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപ്പിലാക്കുന്ന നൂതന പദ്ധതികളും പദ്ധതി ഘടകങ്ങളും</u>

(i) നെൽകൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ ഫോളിയർ ആപ്ലിക്കേഷൻ:- പത്ര പോഷണത്തിലൂടെ നൽകുന്ന സൂക്ഷ്മ പോഷകങ്ങൾ നെല്ലിന്റെ വിളവിനെ ക്രിയാത്മകമായി ബാധിക്കുന്നുണ്ട്എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട്, നെൽകൃഷി വികസന പദ്ധതിയിൽ " നെൽകൃഷിയിൽ സൂക്ഷമ മൂലകങ്ങളുടെയും, നാനോ യൂറിയ പോലെയുള്ള പുതുതലമുറ വളങ്ങളുടെയും ഫോളിയർ ആപ്ലിക്കേഷൻ" എന്ന പുതിയ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ii) തുറസ്സായ കൃഷിയിടങ്ങളിലെ കൃത്യതാ കൃഷി:- പരമ്പരാഗത കൃഷിരീതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, ശരാശരി വിളവ് വർദ്ധിപ്പിക്കുന്നതിന് കൃത്യമായ അളവിൽ ഉല്പാദനോപാധികൾ ഉപയോഗിക്കുന്ന ഒരു സമീപനമാണ് കൃത്യതാ കൃഷി അല്ലെങ്കിൽ പ്രിസിഷൻ ഫാമിംഗ്. ഈ കൃഷി രീതിയിലൂടെ ഉല്പാദനം കൂട്ടുന്നതിനോടൊപ്പം ഉല്പാദന ചെലവുകൾ കുറയുകയും ചെയ്യും. പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "തുറസ്സായ കൃഷിയിടങ്ങളിലെ കൃത്യതാ കൃഷി" എന്ന പുതിയ ഘടകം നടപ്പിലാക്കിയിട്ടുണ്ട്.

(iii) ഹൈബ്രിഡ് പച്ചക്കറി വിത്ത് ഉത്പാദനം:- മെച്ചപ്പെട്ട സങ്കരയിനം പച്ചക്കറി വിത്തുകളുടെ ഉപയോഗത്തിലൂടെ കേരളത്തിൽ പച്ചക്കറി കൃഷിയിൽ മികച്ച ഉല്പാദനവും 2023-24 സാമ്പത്തിക വർഷത്തിൽ 13.78 ലക്ഷം ഹൈബ്രിഡ് പച്ചക്കറി വിത്ത് പാക്കറ്റുകളും 116.66 ലക്ഷം തൈകളും വിതരണം ചെയ്തിട്ടുണ്ട്.

(iv) ഓണത്തിന് ഒരു പൂക്കുട:- സംസ്ഥാനത്ത് പുഷ്പകൃഷിയുടെ വികസനത്തിന് അടുത്ത സാമ്പത്തിക വർഷത്തേക്ക് ഒരു പുതിയ ഘടകം കരട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പുഷ്പകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ടിഷ്യൂ കൾച്ചർ യൂണിറ്റുകൾ ഉൾപ്പെടെയുള്ള

പുതിയ പുഷ്പകൃഷി നഴ്സറികൾ സ്ഥാപിക്കുന്നതിനും ഗ്രേഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പാക്കിംഗ് സെന്ററുകൾക്കും മാർക്കറ്റ് ഇന്റലിജൻസ് സപ്പോർട്ടിനും പ്രോത്സാഹനം നൽകിയിട്ടുണ്ട്.

(v) മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സോയിൽ ഹെൽത്ത് കാർഡ് പോർട്ടൽ സ്ഥാപനം, സോയിൽ ക്യാമ്പയിനുകളുടെ നടത്തിപ്പ്, പച്ചിലവളപ്രയോഗ പ്രോത്സാഹനം എന്നിവ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(vi) 2023-24 സാമ്പത്തിക വർഷത്തിൽ ഭൗമ സൂചിക പട്ടം ലഭിച്ച വിളകളുടെ ജൈവ കൃഷി പ്രോത്സാഹനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓണാട്ടുകര എള്ള് കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു.

(vii) കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് സഹായകരമായ കേന്ദ്ര സർക്കാരിന്റെ SMAM പദ്ധതിയ്ക്ക് ടോപ് അപ്പ് ആനുകൂല്യം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(viii) "വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷക ഉൽപാദക സംഘങ്ങൾക്ക് ചെറുകിട നാമമാത്ര മൂല്യവർധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, ഇത്തരത്തിലുള്ള യൂണിറ്റുകൾക്ക് പവർ സബ്സിഡി നൽകുവാനുമുള്ള പദ്ധതി ഘടകങ്ങൾ കരട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ix) കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജസ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.

(x) കൃഷി ഭവനുകളിൽ നൂതന സാങ്കേതികവിദ്യയുടെ ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(xi) ഓഫീസ് ഓട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പിന് ഒരു ജി.ഐ.എസ്. ഫ്ലാറ്റ്ഫോമും ജി.ഐ.എസ്. ലാബുകളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(xii) കൃഷി വകുപ്പിന്റെ സമഗ്ര വിവര ശേഖരണത്തിനും ക്രോഡീകരണത്തിനുമായി കേരള അഗ്രികൾച്ചർ ഡാറ്റാബേസ് മാനേജ്മെന്റ് ആൻഡ് മെയിന്റനൻസ് സിസ്റ്റം (KADMMS) സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

2. <u>കാബ്കോ</u>

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സുശക്തമായ വിപണി സംവിധാനം ഏർപ്പെടുത്തുന്നതിലേക്കും ലക്ഷ്യമിട്ടാണ് സംസ്ഥാന കൃഷി വകുപ്പ് കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചത്. 07.08.2023-ലെ സ.ഉ.(കൈ) നം.71/2023/Agri പ്രകാരമാണ് കാബ്കോ രൂപീകരിച്ച് ഉത്തരവായത്. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്ന 6 മാർക്കറ്റുകളെ കാബ്കോയുടെ നിയന്ത്രണത്തിലാക്കി അവയുടെ ആസ്തി ബാദ്ധ്യതകൾ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. ബഹു. കൃഷി വകുപ്പ് മന്ത്രി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി മാനേജിംഗ് ഡയറക്ടർ ആയും ടി കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

3. <u>കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ (KERA).</u>

കാലാവസ്ഥാവ്യതിയാനം, പകർച്ച വ്യാധികൾ എന്നിവ ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധന ശേഷി വർദ്ധിപ്പിക്കുന്നതിനും, മൂല്യ ശൃംഖല നവീകരിക്കുന്നതിനുമായി സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയാണ് കേര. ആയതിന് G.O.(MS) No.9/2024/AGRI/ date 11/01/2024 പ്രകാരം ഭരണാനുമതി നല്കി പദ്ധതിയുടെ അടങ്കൽ തുക 285 ദശലക്ഷം യു.എസ് ഡോളർ (2372.57 കോടി രൂപ) ഇതിൽ 200 ദശലക്ഷം യു.എസ് ഡോളർ (1664.958 കോടി രൂപ) ലോക ബാങ്ക് വയ്പയും 85 ദശലക്ഷം യു.എസ് ഡോളർ (707.44 കോടി രൂപ) സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി 2025-26 സാമ്പത്തിക വർഷം 100 കോടി രൂപ വകയിരുത്തിയുണ്ട്.

4. <u>അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്</u>

കാർഷിക മേഖലയിലെ പ്രാഥമിക സംസ്കരണ യൂണിറ്റുകളുടെ കാർഷിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ 2020

ജൂലൈയിൽ ആരംഭിച്ച ഇടത്തരം ദീർഘകാല വായ്പാ പദ്ധതിയാണ് കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (Agriculture Infrastructure Fund). ഇത് ആകെ ഒരു ലക്ഷം കോടി രൂപയുടെ പദ്ധതിയാണ്. നമ്മുടെ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന വിഹിതം 2520 കോടി രൂപയാണ്. 9%മാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന വായ്പയുടെ പരമാവധി പലിശ നിരക്ക്. ആയതിൽ 3% കേന്ദ്ര സർക്കാർ പലിശയുടെ കിഴിവായി നൽകുന്നു. കേരളത്തിൽ 2023-24 വർഷത്തിൽ 972 അപേക്ഷകളിലായി 298.34 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 888 അപേക്ഷകളിലായി 244.74 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

5. എ.ഐ.എഫ് പദ്ധതിയുമായി ബന്ധപ്പെട്ട കോൾഡ് സ്റ്റോറേജിന്റെ വിശദാംശം

അടിസ്ഥാനസൗകര്യ വികസന നിധി വായ്പാ പരിധിയിൽ വരുന്ന ഒരു പ്രവർത്തനമാണ് കോൾഡ്സ്റ്റോറേജ് സംവിധാനം കേരളത്തിൽ മൊത്തം 17 അപേക്ഷകളിലായി 9.26 കോടി രൂപയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ട്.

6. കർഷകരുടെ ഉല്പന്നങ്ങൾ വില്പനയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പുറത്തിറക്കിയ 19 ശീതികരണ വാഹനങ്ങൾ ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകിയതിന്റെ വിശദാംശം.

കർഷകരുടെ ഉല്പന്നങ്ങൾ വില്പനയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 19 ശീതികരണ വാഹനങ്ങൾ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	എണ്ണം	വാഹനം സ്വീകരിച്ച ഏജൻസിയുടെ പേര്
1	തിരുവനന്തപുരം	1	നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക്
2	കൊല്ലം	1	ഡിസ്ട്രിക്ട് ലൈവ്സ്റ്റോക്ക് & ഹോർട്ട് പ്രൊഡ്യൂസർ മാർക്കറ്റിംഗ് സൊസൈറ്റി
3	പത്തനംതിട്ട	1	എലന്തൂർ സർവ്വീസ് സഹകരണ ബാങ്ക്
4	പത്തനംതിട്ട	1	കോയിപ്പുറം ഫാർമർ എക്സ്റ്റൻഷൻ ഓർഗാനിസ്
5	ആലപ്പുഴ	1	ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്ക്
6	ആലപ്പുഴ	1	കഞ്ഞിക്കുഴി സൊസൈറ്റി
7	ആലപ്പുഴ	1	ഹോർട്ടികോർപ്പ്
8	കോട്ടയം	1	നീലൂർ സർവ്വീസ് സഹകരണ ബാങ്ക്

9	ഇടുക്കി	1	മാങ്കുളം സർവ്വീസ് സഹകരണ ബാങ്ക്
10	ഇടുക്കി	1	നെയ്ശേരി അഗ്രോ ഫുഡ് പ്രൊഡ്യൂസർ കമ്പനി
11	എറണാകുളം	1	പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക്
12	എറണാകുളം	1	പെരിയാർ വാലി ഫാർമർ പ്രൊഡ്യൂസർ കമ്പനി, കോതമംഗലം
13	തൃശ്ശൂർ	1	പെരിങ്ങന്നൂർ സർവ്വീസ് സഹകരണ ബാങ്ക് നം. 297
14	തൃശ്ശൂർ	1	തൃശ്ശൂർ സർവ്വീസ് സഹകരണ ബാങ്ക് നം. 4140
15	തൃശ്ശൂർ	1	മറ്റത്തൂർ സ്വാശ്രയ കർഷക സമിതി
16	പാലക്കാട്	1	തടുക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് എഫ്.534
17	പാലക്കാട്	1	ഫെഡറേറ്റഡ് പുതൂർ വെജിറ്റബിൾ ക്ലസ്റ്റർ, അഗളി
18	വയനാട്	1	വിമലാനഗർ എഫ്.ഐ.ജി., മാനന്തവാടി
19	കാസർഗോഡ്	1	കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് നം. C.862
	ആകെ	19	

7. <u>e-NAM മാർക്കറ്റുമായി ബന്ധപ്പെട്ട് ചെയ്ത കാര്യങ്ങൾ, ഓരോ സീസണുമായി ബന്ധപ്പെട്ട് എത്ര മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള വിശദാംശം എന്നിവ ഉൾപ്പെടുന്ന റിപ്പോർട്ട്</u>

സംസ്ഥാന കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 6 മാർക്കറ്റ്കളിൽ e-NAM പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി മാർക്കറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

i) നഗര കാർഷിക മൊത്ത വ്യാപാര വിപണി, ആനയറ, തിരുവനന്തപുരം.

ii) ഗ്രാമീണ കാർഷിക മൊത്ത വിപണി, നെടുമങ്ങാട്, തിരുവനന്തപുരം.

iii) നഗര കാർഷിക മൊത്ത വ്യാപാര വിപണി, മരട്, എറണാകുളം.

iv) ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി, മൂവാറ്റുപുഴ, എറണാകുളം.

v) നഗര കാർഷിക മൊത്ത വ്യാപാര വിപണി, വേങ്ങേരി, കോഴിക്കോട്.

vi) ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി, സുൽത്താൻ ബത്തേരി, വയനാട്.

പ്രസ്തുത മാർക്കറ്റ്കൾക്ക് e-NAM പദ്ധതി പ്രകാരം മാർക്കറ്റുകളുടെ വികസന പ്രവർത്തനങ്ങൾക്കായി മാർക്കറ്റ് ഒന്നിന് 30 ലക്ഷം രൂപ നിരക്കിൽ ആകെ 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

8. കൃഷിയിടാധിഷ്ഠിത വിള ആസൂത്രണം നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ക്രമ നമ്പർ 1-ൽ ഉൾപ്പെട്ടിട്ടുണ്ട്.

9. കേരളത്തിലെ 1076 കൃഷി ഭവനകളിൽ എത്രയെണ്ണത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആയിട്ടുണ്ടെന്നും, എത്രയെണ്ണം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലേയ്ക്ക് നീങ്ങിയിട്ടുണ്ടെന്നുമുള്ള വിശദാംശം.

കേരളത്തിലെ മുഴുവൻ കൃഷി ഭവനകളിലും കുറഞ്ഞത് ഒരു എണ്ണം മൂല്യവർദ്ധിത ഉല്പന്നമെങ്കിലും തയ്യാറാക്കി എന്ന് ഉറപ്പാക്കി, 1076 കൃഷി ഭവനകളിലായി 1658 മൂല്യവർദ്ധിത ഉല്പന്നങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

10. കേരഗ്രാമവുമായി ബന്ധപ്പെട്ട് എത്രയിടങ്ങളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായി കേര സമിതി രൂപീകരിക്കുന്നുണ്ട് എന്നത് സംബന്ധിച്ച വിശദവിവരം.

മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി കേരസമിതികൾ രൂപീകരിക്കപ്പെട്ടിട്ടില്ല. കേര ഗ്രാമങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായാണ് കേര സമിതികൾ രൂപീകരിക്കപ്പെടുന്നത്. കൂടാതെ മൂല്യവർദ്ധിത യൂണിറ്റുകൾ തുടക്കം കുറിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ടു ലക്ഷം രൂപ വീതം ഓരോ കേരഗ്രാമത്തിനും ഒരു സഹായമായി നൽകി വരുന്നു.

കേരഗ്രാമം പദ്ധതി തുടങ്ങിയ നാൾ മുതൽ 2022-23 വരെ 433 കേരസമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേരസമിതികളുടെ പ്രവർത്തനങ്ങൾക്കും മൂല്യവർദ്ധിത യൂണിറ്റുകൾക്കും തുടക്കം കുറിക്കുന്നതിനായി ഒരു തവണ സഹായമായി തുക കേരസമിതികൾക്ക് അനുവദിച്ചിട്ടുണ്ട്.

22.01.2026-ലെ യോഗത്തിൽ പരിഗണിച്ച റിപ്പോർട്ട്

1. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുമായി ബന്ധപ്പെട്ട് ലഭിച്ച തുക ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ടതാണെന്നതു സംബന്ധിച്ച വിശദാംശം.

വിളവെടുപ്പിന് ശേഷമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുന്ന മധ്യകാല - ദീർഘകാല വായ്പ പദ്ധതിയാണ് അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്. ഈ പദ്ധതി പ്രകാരം എടുക്കുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് കേന്ദ്ര സർക്കാർ പ്രതിവർഷം 3% പലിശ സബ് വെൻഷൻ, പരമാവധി 7 വർഷത്തേക്ക് അനുവദിക്കുന്നു. AIF പദ്ധതിയിൽ ബാങ്കുകൾ വിതരണം ചെയ്ത വായ്പാ തുക, അനുവദിച്ച വിവിധ പ്രവർത്തന മേഖലകൾ എന്നിവ ചുവടെ ചേർക്കുന്നു.

മേഖല തിരിച്ചുള്ള പ്രോജക്റ്റ്, അപേക്ഷകൾ, വിതരണം ചെയ്ത തുക 2023-24, 2024-25

ക്രമ നം.	പ്രോജക്റ്റ് മേഖല	2023-24		2024-25	
		അപേക്ഷകളുടെ എണ്ണം	ബാങ്കുകൾ വിതരണം ചെയ്ത വായ്പാ തുക (കോടി രൂപ)	അപേക്ഷകളുടെ എണ്ണം	ബാങ്കുകൾ വിതരണം ചെയ്ത വായ്പാ തുക (കോടി രൂപ)
1	പ്രാഥമിക സംസ്കരണ കേന്ദ്രം	459	130.40	546	122.40
2	സംയോജിത പ്രാഥമിക ദ്വിതീയ സംസ്കരണ കേന്ദ്രം	0	0	35	4.78
3	മറ്റുള്ളവ	81	24.43	66	21.84
4	കസ്റ്റം ഹയറിങ് സെന്റർ	225	29.54	423	54.89
5	വെയർഹൗസ്	28	21.17	41	31.02
6	കോമ്പോസിറ്റ് പ്രോജക്റ്റ് (പല ഘടകങ്ങൾ ഉൾപ്പെടുന്ന പ്രോജക്റ്റ്	16	11.17	11	9.93
7	സോർട്ടിങ് & ഗ്രേഡിംഗ് യൂണിറ്റ്	7	2.84	11	9.93
8	കോൾഡ് സ്റ്റോഴ്സ് & കോൾഡ് ചെയിൻ	11	6.70	18	10.01
9	സ്മാർട്ട് കൃഷി കൃത്യതാ കൃഷി എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രോജക്റ്റുകൾ	34	8.82	39	6.02
10	കൃഷിയിടം / വിളവെടുപ്പ് യന്ത്രവൽക്കരണം	0	0	36	8.18
11	വിളവെടുപ്പാനന്തര	11	5.61	15	4.51

	പ്രവർത്തനങ്ങൾക്കുള്ള പ്രോജക്റ്റുകൾ				
12	ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം	8	3.12	13	2.69
13	ബയോസ്റ്റിമുലന്റ് നിർമ്മാണ യൂണിറ്റ്	0	0	1	1.40
14	ഹൈഡ്രോപോണിക് ഫാമിങ്	2	0.24	4	0.91
15	പോളിഹൗസ് / ഗ്രീൻഹൗസ്	0	0	2	0.43
16	പാക്കേജിങ് യൂണിറ്റുകൾ	3	0.12	3	0.76
17	അസ്സെയിങ് യൂണിറ്റുകൾ	1	0.40	0	0
18	ലോജിസ്റ്റിക് ഫെസിലിറ്റി	1	0.16	6	1.00
19	കൂൺ കൃഷി	1	0.02	29	2.93
20	സൈലോ (Silos)	0	0	2	2.55
21	വിളകളുടെ ക്ലസ്റ്ററുകൾക്കുള്ള സപ്ലൈ ചെയിൻ അടിസ്ഥാന സൗകര്യ വികസനം	0	0	2	1.02

2. കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽപ്പനയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പുറത്തിറക്കിയ 19 ശീതീകരണ വാഹനങ്ങൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകിയതിന്റെ വിശദാംശം.

കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽപ്പനയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾ / എഫ്.പി.ഒ/ ഹോർട്ടികോർപ്പ് തുടങ്ങിയ ഏജൻസികൾക്ക് സൗജന്യമായി 100% സബ്സിഡി നിരക്കിൽ) ശീതീകരണ വാഹനങ്ങൾ അനുവദിച്ചിരുന്നു. ഇതിനായി ട്രാൻസ്പോർട്ടേഷൻ സബ്സിഡി വേറെ അനുവദിച്ചിട്ടില്ല.

കൃഷി വകുപ്പിന്റെ കീഴിലെ കാർഷിക മൊത്ത വ്യാപാര വിപണികളിലും, ജില്ലാ സംഭരണ കേന്ദ്രങ്ങളിലും ഉത്പന്നങ്ങൾ കൊണ്ടുവരുന്ന കർഷകർക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി അനുവദിക്കാറുണ്ട്. 2024-25 വർഷം 51.09669 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിച്ചു.

3. <u>കൃഷിയിടാധിഷ്ഠിത വിള ആസൂത്രണം നടപ്പാക്കിയത് സംബന്ധിച്ച് ഉദാഹരണ സഹിതമുള്ള വിശദാംശം.</u>

(i) ജില്ല - തിരുവനന്തപുരം
ബ്ലോക്ക് - പള്ളിച്ചൽ
കൃഷി ഭവൻ - കല്ലിയൂർ
കർഷകൻ - ശ്രീമതി നിർമ്മല ദേവി ആർ.ഒ., രേവതി, പകലൂർ, പള്ളിച്ചൽ പി.ഒ.

ആകെയുള്ള 93 സെന്റ് കൃഷി ഭൂമിയിൽ തെങ്ങ്, വാഴ, പച്ചക്കറി മുതലായവ കൃഷി ചെയ്തിരുന്നു. പ്രതിവർഷം തെങ്ങിൽ നിന്നും 70 എണ്ണം നാളികേരവും നേന്ത്രവാഴയിൽ നിന്നും ശരാശരി 8 കി. ഗ്രാം / വാഴ, പച്ചക്കറി കൃഷിയിൽ നിന്നും ഒരു സെന്ററിൽ 30-40 കി.ഗ്രാം എന്ന തോതിലും ആദായം ലഭിച്ചിരുന്നു. ചെറുകാർഷിക ഉപകരണങ്ങളായ മൺവെട്ടി പിക്കാസ്, അർബാന തുടങ്ങിയവ കൃഷിപ്പണികൾക്കായി ഉപയോഗിച്ചിരുന്നു. വാർഷിക വരുമാനം 77,500/- രൂപ മാത്രമായിരുന്നു.

മാതൃകാ കൃഷിയിട യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ശ്രീമതി. നിർമ്മലാ ദേവിയുടെ കൃഷിയിടം സന്ദർശിച്ചതിൽ, ചുറ്റും ധാരാളം പാഴ് മരങ്ങൾ നിൽപ്പുള്ളത് കാരണം വിളകൾക്ക് ആവശ്യത്തിന് സൂര്യപ്രകാശം ലഭിക്കുന്നില്ല എന്നും, നിലവിലുള്ള നീർച്ചാലുകളെ പുനരുജ്ജീവിപ്പിച്ചാൽ ജലലഭ്യത ഉറപ്പാക്കാനാകുമെന്നും, പാർശ്വഭിത്തി ബലപ്പെടുത്തുന്നതിലൂടെ മണ്ണൊലിപ്പ് തടയാനാകുമെന്നും ഇതിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കാമെന്നും കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൃഷിയിടത്തിലുള്ള തണൽ മരങ്ങൾ നീക്കം ചെയ്യുന്നതും നീർച്ചാലുകൽ പുനരുജജീവിവിക്കുന്നതും, പാർശ്വഭിത്തി ബലപ്പെടുത്തുന്നതും നിർണ്ണായക ഘടകങ്ങളായി കണ്ടെത്തുകയും ഫാം പ്ലാൻ തയ്യാറാക്കി അവതരിപ്പിച്ച് അംഗീകാരം നേടുകയും ചെയ്തിരുന്നു.

നിർണ്ണായക ഘടങ്ങൾ നടപ്പിലാക്കിയതിലൂടെ കൃഷിയിടത്തിൽ ആവശ്യത്തിനുള്ള സൂര്യപ്രകാശവും, ജലസേചനവും ഉറപ്പാക്കാനും, മണ്ണൊലിപ്പ് തടയുന്നതിനും കഴിഞ്ഞു. ഇതിലൂടെ കർഷന് വാഴ, പച്ചക്കറി എന്നീ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കിഴങ്ങുവർഗ്ഗ വിളകൾ കൂടി കൃഷി ചെയ്യുന്നതിനും സാധിച്ചു. പച്ചക്കറി വിളകളുടെ ഉൽപ്പാദനം 45-50 കി.ഗ്രാമായും, വാഴയിൽ നിന്നും 9 കിലോ ഗ്രാം/ വാഴ എന്നതായും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വിള വിസ്തൃതിയും വർദ്ധിപ്പിച്ചതിലൂടെ കർഷകന്റെ വാർഷിക

വരുമാനം 1,10,000 ആയി ഉയർത്താൻ ഫാം പ്ലാൻ പദ്ധതി മുഖേനെ സാധിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങൾ സംഘ മൈത്രിയിലും, ക്ലസ്റ്റർ മാർക്കറ്റിലും പ്രാദേശികമായും വിറ്റഴിക്കുന്നു.

(ii) ജില്ല - കൊല്ലം
ബ്ലോക്ക് - പത്തനാപുരം
കൃഷി ഭവൻ - പിറവന്തൂർ
കർഷകൻ - ശ്രീമതി ഹബൂസ ബീവി, ഹൃദയ, പുന്നല.

ശ്രീമതി ഹബൂസ ബീവിക്ക് തരിശുഭൂമി ഉൾപ്പെടെ 96 സെന്റ് കൃഷി ഭൂമിയാണുള്ളത്. തെങ്ങ്, വാഴ, പച്ചക്കറി, കവുങ്ങ്, കുരുമുളക് മുതലായ കാർഷിക വിളകളും, ആട് 2 എണ്ണം, കോഴി 100 എണ്ണവും വളർത്തുന്നു. മൂന്നര ലക്ഷം രൂപയായിരുന്നു കർഷകന്റെ വാർഷിക വരുമാനം.

വന്യമൃഗശല്യമായിരുന്നു കൃഷിയിടത്തിലെ പ്രധാന വെല്ലുവിളി. ഒപ്പം കോഴിത്തീറ്റയുടെ വില വർദ്ധനയും, വന്യമൃഗങ്ങൾ കാരണം കാര്യമായ ലാഭം കൃഷിയിൽ നിന്നും ലഭിച്ചിരുന്നില്ല. സോളാർ വേലി നിർമ്മാണം, തേനീച്ച കൃഷി, കോഴി വളർത്തലുമാണ് നിർണ്ണായക ഘടകങ്ങളായി കണ്ടെത്തിയത്. സോളാർ വേലി തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുകയും സംയോജിക കൃഷിയിൽ ഉൾപ്പെടുത്തി അസോള യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തു. തേനീച്ചക്കൂട്ടും കോഴിക്കുഞ്ഞുങ്ങളും ഫാം പ്ലാൻ പദ്ധതി പ്രകാരവും സഹായം നൽകി. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി കൂടി അനുവദിച്ചതിലൂടെ ജലസേചനം ഉറപ്പാക്കാനും സാധിച്ചു.

ഫാം പ്ലാൻ പദ്ധതി നടപ്പിലാക്കിയതോടെ തരിശു ഭൂമി കൃഷിയോഗ്യമാക്കാനും വന്യമൃഗ ശല്യം പരിഹരിക്കാനും സാധിച്ചു. ഇതിലൂടെ തരിശായികിടന്ന 40 സെന്റ് സ്ഥലത്ത് കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്യാൻ സാധിച്ചു. വാഴ, പച്ചക്കറി, കുരുമുളക് എന്നീ വിളകളുടെ ഉൽപ്പാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാൻ പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്. വാർഷിക വരുമാനം 9 ലക്ഷം രൂപയായി ഉയർത്താനും സാധിച്ചു.

(iii) ജില്ല - തൃശ്ശൂർ
ബ്ലോക്ക് - വെള്ളാങ്ങല്ലൂർ
കൃഷി ഭവൻ - വെള്ളാങ്ങല്ലൂർ
കർഷകൻ - ശ്രീ. പുഷ്കരൻ, തയ്യിൽ വീട്

ഫാം പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ശ്രീ. പുഷ്കരൻ തയ്യിൽ വീട്

എന്നയാൾക്ക് തെക്കുകര വില്ലേജിൽ 171/6, 292/2-6, 298/2-2 എന്നീ സർവ്വേ നമ്പരുകളിലായി സ്വന്തമായി 102 സെന്റ് കൃഷി ഭൂമിയാണുണ്ടായിരുന്നത്. കൂടാതെ പാട്ടത്തിനെടുത്ത 2 ഏക്കറിൽ നെൽകൃഷിയുമുണ്ടായിരുന്നു.

സ്വന്തമായുള്ള കൃഷി സ്ഥലത്ത് കായ്ഫലമുള്ള 20 എണ്ണം തെങ്ങ്, 25 എണ്ണം വാഴ, 5 എണ്ണം ജാതി, 60 എണ്ണം കവുങ്ങ്, 20 സെന്റിൽ പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, തീറ്റപ്പുല്ലും കൃഷി ചെയ്തിരുന്നു. നാല് പശുവും, 5 കോഴിയും വളർത്തുകയും ചെയ്തിരുന്നു. പുല്ലുവെട്ടി, ട്രാക്ടർ, ഞാറുനടീൽ യന്ത്രം, തെങ്ങുകയറ്റ യന്ത്രം, സ്പ്രേയർ എന്നിവ കൃഷിയിടത്തിൽ ഉപയോഗിച്ചിരുന്നു. ജലസേചനത്തിനായി തുറന്ന കിണറും പമ്പ്സെറ്റും ഉപയോഗിച്ചിരുന്നു. കൃഷി മൃഗസംരക്ഷണം മേഖലകളിൽ നിന്നായി ആകെ 1,00,000/- രൂപ വാർഷിക വരുമാനവും നേടിയിരുന്നു.

കൃഷിയിട യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി സ്ഥല സന്ദർശനം നടത്തി ഫാം പ്ലാൻ തയ്യാറാക്കിയിരുന്നു. കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനായി വിള വിസ്തൃതിയും നിർണ്ണായക ഘടകങ്ങളായി കണ്ടെത്തിയിരുന്നു. ചെടികളുടെ വളർച്ചയ്ക്കും മണ്ണിന്റെ ഫലഭൂഷ്ടി വർദ്ധിപ്പിക്കുന്നതിനുമായി വേപ്പിൻ പിണ്ണാക്ക് 100 കിലോ ഗ്രാം, എല്ലുപൊടി 100 കി.ഗ്രാം നൽകി. കൂടാതെ കവുങ്ങിൻ തൈ 25 എണ്ണം, തെങ്ങിൻ തൈ 10 എണ്ണം, ജാതിതൈ 5 എണ്ണം എന്നിവ പദ്ധതി പ്രകാരം കർഷകന് നൽകി.

പദ്ധതി നടപ്പിലാക്കിയതിലൂടെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർധിപ്പിക്കാനായി. പച്ചക്കറികളുടെ വിളവ് ഒരു സെന്റിൽ നിന്നും 50 കിലോയായി ഉയർത്താനും വാഴ ഒന്നിൽ നിന്ന് 5 കി.ഗ്രാമും, ഒരു വർഷം ഒരു തെങ്ങിൽ നിന്നും 50 നാളികേരവും അധിക വിളവ് ലഭിക്കുന്നുണ്ട്. കവുങ്ങിൽ നിന്നും ആനുപാതികമായ വിള വർദ്ധനവുണ്ടായിട്ടുണ്ട്. ഇഞ്ചി, മഞ്ഞൾ എന്നിവ ഇടവിളയായി കൃഷി ചെയ്യുന്നുണ്ട്. ചാണകം ഉണക്കിപ്പൊടിച്ച് ഒരു ചാക്കിന് 250 രൂപ എന്ന നിരക്കിൽ വിൽപ്പനയും നടത്തുന്നുണ്ട്. കൃഷിയിടത്തിൽ ഇത്തരത്തിലുള്ള ഇടപെടലിലൂടെ കർഷകന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും സ്ഥായിയായി നിലനിർത്തുന്നതിനും സഹായകമാകുന്നുണ്ട്. ശ്രീ. പുഷ്കരൻ ഇരിഞ്ഞാലക്കുട FPO യിൽ അംഗമാണ്.

(iv) ജില്ല - മലപ്പുറം
ബ്ലോക്ക് - പെരിന്തൽമണ്ണ
കൃഷി ഭവൻ - താഴേക്കോട്
കർഷകൻ - ശ്രീമതി കദീജാഫസ് വി., കൊട്ടുവായിക്കൽ വീട്, താഴേക്കോട്.

ശ്രീമതി കദീജാഫസിന് പതിനെട്ട് ഏക്കറാണ് ആകെയുള്ള കൃഷി സ്ഥലം. ഇതിൽ 2 ഏക്കർ സ്ഥലത്താണ് ഫാം പ്ലാൻ പദ്ധതി നടപ്പിലാക്കിയത്. തെങ്ങ് അടിസ്ഥാനമാക്കിയുള്ള ഒരു സംയോജിത കൃഷിരീതിയാണ് തുടർന്ന് വന്നിരുന്നത്. തെങ്ങ് 650 എണ്ണം, കവുങ്ങ് 300 എണ്ണം, നാലര ഏക്കറിൽ കട്ടം കൃഷിരീതി (Intensive cultivation) വിജയകരമായി നടപ്പിലാക്കുന്നു. ഈ രീതിയിൽ 180 മാവുകൾ, നൂറോളം പ്ലാവുകൾ, കശുമാവുകൾ എന്നിവ പരിപാലിക്കുന്നു. ഒപ്പം സപ്പോട്ട, ജാതി, പേര തുടങ്ങിയ ഫലവൃക്ഷങ്ങളും കൃഷി ചെയ്യുന്നു. പത്ത് സെന്റിൽ വാഴ, പത്ത് സെന്റ് സ്ഥലത്ത് ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവ്യഞ്ജന വിളകളും, എട്ട് സെന്റിൽ മരച്ചീനിയും, കൃഷി ഭൂമിയുടെ അതിരുകളിലായി തീറ്റപ്പുൽ കൃഷിയും ചെയ്തു വരുന്നു. 4 പശുക്കളും 2 പശുകിടാങ്ങളും, 15 നാടൻ കോഴികൾ, 10 താറാവുകൾ, 10 സെന്റിൽ മത്സ്യകൃഷിയും ചെയ്യുന്നുണ്ട്. വാർഷിക വരുമാനമായി 3,36,000/- രൂപ ലഭിച്ചിരുന്നു.

കൃഷിയിടത്തിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതിനാലും ജൈവ കൃഷിക്ക് പ്രാധാന്യം കൊടുക്കുന്നതിനാലും ഫാം പ്ലാൻ പദ്ധതിയിലെ നിർണ്ണായക ഘടകമായി 1 എണ്ണം പശു വാങ്ങുന്നതിനാണ് ധനസഹായം നൽകിയിരുന്നത്. ഇതിലൂടെ പാൽ വിൽപ്പനയോടൊപ്പം തൈര്, നെയ്യ് തുടങ്ങിയവയും ഉൽപ്പാദിപ്പിച്ച് പ്രാദേശികമായി വിൽപ്പന നടത്തി അധിക വരുമാനം നേടുന്നു.

മൂല്യ വർദ്ധിത ഉല്പന്നങ്ങളായി വാഴയിൽ നിന്നും ബനാന ടോഫി കുന്നംകായപ്പൊടി, നാളികേരത്തിൽ നിന്നും വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, ചമ്മന്തിപ്പൊടി, ചക്കയിൽ നിന്നും ചിപ്സ്, ചക്ക പൗഡർ, തേനിൽ നിന്ന് തേൻ കാന്താരി, തേൻ വെളുത്തുള്ളി, തേൻ ഇഞ്ചി, ലിപ്ബാം, പൈൻബാം, സ്കിൻ ക്രീം മുതലായവ ഉൽപ്പാദിപ്പിച്ച് വിപണം നടത്തുകയും ചെയ്യുന്നുണ്ട്.

പദ്ധതി നടപ്പിലാക്കിയതിനു ശേഷം ജൈവ കൃഷിയുടെയും, ഇഞ്ചി, കുരുമുളക് എന്നിവയുടെ വിള വിസ്തൃതി വർദ്ധിപ്പിക്കുകയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്

സ്ഥാപിക്കുകയും ചെയ്തു. കർഷകന്റെ വാർഷിക വരുമാനം 4,80,000/- രൂപയായി ഉയർത്താനും സാധിച്ചു. പെരിന്തൽമണ്ണ ബ്ലോക്ക് തല FPO-യിൽ അംഗമാണ്.

(v) ജില്ല – കണ്ണൂർ
ബ്ലോക്ക് - തളിപ്പറമ്പ്
കൃഷി ഭവൻ - ചെങ്ങളായി
കർഷകൻ - ശ്രീമതി ഡെയ്സി ജോസഫ്, കഴിയാത്ത് വീട്, ചുഴലി.

ശ്രീമതി ഡെയ്സി ജോസഫിന് സ്വന്തമായുള്ള 3 ഏക്കർ ഭൂമിയിൽ നിന്നും 2 ഏക്കറാണ് ഫാം പ്ലാൻ പ്ലോട്ടായി തിരഞ്ഞെടുത്തിരുന്നത്. പശു വളർത്തൽ, കോഴി വളർത്തൽ, തീറ്റപ്പുൽ കൃഷി, പച്ചക്കറി കൃഷി. ഫലവൃക്ഷങ്ങളുടെ കൃഷി, തേനീച്ച കൃഷി എന്നിവയാണ് പ്രധാനമായും ചെയ്തിരുന്നത്. ശാസ്ത്രീയമായ രീതിയിൽ മണ്ണ് പരിശോധനയും വളപ്രയോഗവും നടത്താത്തതിനാൽ കമുകിലും തെങ്ങിലും നിന്നുള്ള വരുമാനം വളരെ കുറവും, നാളികേരവും, പച്ചക്കറിയും വീട്ടാവശ്യത്തിന് മാത്രമാണ് ലഭിച്ചിരുന്നത്.

കായ്ഫലമുള്ള 20 കവുങ്ങുകളാണ് ഉണ്ടായിരുന്നത്. ഒരു കവുങ്ങിൽ നിന്നും ശരാശരി 15 കി.ഗ്രാം വിളവും 1,50,000/- രൂപ വരുമാനവും, വാഴകൃഷിയിൽ നിന്നും ശരാശരി 8 കി.ഗ്രാം/വാഴ വിളവും 50,000/- രൂപ വരുമാനവും, തീറ്റപ്പുല്ലിൽ നിന്നും 10,000/- രൂപയും കാർഷിക വിളകളിൽ നിന്നും വാർഷിക വരുമാനമായി ലഭിച്ചിരുന്നു. ഫാം പ്ലാൻ പ്ലോട്ടായി മാറ്റുന്നതിനുള്ള കൃഷിയിട സന്ദർശനത്തിൽ, കർഷകന്റെ വരുമാന വർദ്ധനവിനും, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൂട്ടുന്നതിനായി ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുകയും, വിള വിസ്തൃതി വർദ്ധിപ്പിക്കേണ്ടതാണെന്നും കണ്ടെത്തി.

ഫാം പ്ലാൻ പ്ലോട്ടിലെ നിർണ്ണായക ഘടകങ്ങളായി തേനീച്ചപെട്ടികളും, വളവും പദ്ധതി സഹായമായി നൽകിയിരുന്നു. ഒരേക്കർ സ്ഥലത്ത് പയർ, കോവൽ വിളകളും, 50 സെന്റ് സ്ഥലത്ത് തീറ്റപ്പുൽ കൃഷിയും, 225 എണ്ണം നേന്ത്രവാഴയും പുതുതായി കൃഷി ചെയ്യുകയുണ്ടായി.

ശാസ്ത്രീയ വിള പരിപാല മുറകൾ പാലിച്ച് കൃഷി ചെയ്തതിലൂടെ പയർ, കോവൽ വിളകളിൽ നിന്നും 7,000 കിലോയോളം വിളവും 3,60,000/- രൂപ വരുമാനവും

ഉറപ്പാക്കാൻ കഴിഞ്ഞു. നേന്ത്രവാഴയിൽ നിന്നും ശരാശരി 10 കിലോഗ്രാം വിളവ് ലഭിച്ചിരുന്നു. ഇതിൽ നിന്നും 1,12,500/- രൂപ വരുമാനവും നേടാനായി. തീറ്റപ്പുൽ വിസ്തൃതി വർദ്ധിപ്പിച്ചതിനാൽ കാലിത്തീറ്റയുടെ ചെലവ് ഗണ്യമായി കുറക്കാനായി. ഇതിലൂടെ ഏകദേശം 50,000/- രൂപ ലാഭിച്ചു. പശുക്കളിൽ നിന്നും 50-60 ലിറ്റർ പാൽ ശരാശരി ലഭിക്കുന്നതിലൂടെ 2,25,000/- രൂപ വരുമാനം നേടാനായിട്ടുണ്ട്. തേനീച്ച കൃഷിയിൽ നിന്നും മികച്ച വരുമാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. നിർണ്ണായക ഘടകമായി നൽകിയ തേനീച്ച പെട്ടികളിൽ നിന്നും ശരാശരി 50 കിലോ ഗ്രാം തേനുൽപ്പാദിപ്പിക്കുകയും ശരാശരി 25,000/- രൂപ വരുമാനവും ലഭിക്കുന്നു. തളിപ്പറമ്പ് ബ്ലോക്കിന് കീഴിൽ തുടങ്ങിയ തളിപ്പറമ്പ് കർഷക ഉല്പാദന സംഘം (TAPS) FPO യിൽ അംഗമാണ്.

4. <u>കേരഗ്രാമവുമായി ബന്ധപ്പെട്ട് എത്രയിടങ്ങളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി കേര സമിതി രൂപീകരിക്കുന്നുണ്ട് എന്നത് സംബന്ധിച്ച വിശദവിവരം</u>

കേരഗ്രാമങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമാണ് കേരസമിതികൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. കൂടാതെ മൂല്യവർധിത യൂണിറ്റുകൾ തുടക്കം കുറിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതം ഓരോ കേരഗ്രാമത്തിനും ഒരു തവണ സഹായമായി നൽകി വരുന്നു. കേരഗ്രാം പദ്ധതി തുടങ്ങിയ നാൾ മുതൽ 2024-25 വരെ 497 കേരസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കുന്ന 25 കേരസമിതികൾ ഉണ്ട്. വെളിച്ചെണ്ണ, വിർജിൻ കോകോനട്ട് ഓയിൽ, ചമ്മന്തിപൊടി, ഉരുക്ക് വെളിച്ചെണ്ണ, ഹെയർ ഓയിൽ, ദന്തപാല വെളിച്ചെണ്ണ, തീയൽക്കൂട്ട്, കറിക്കൂട്ടുകൾ, ചക്കിലാട്ടിയ വെളിച്ചെണ്ണ, കയർ പിത്ത്, ഇളനീർ ജ്യൂസ് തുടങ്ങിയ വൈവിധ്യമുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**ജില്ല**	**കേരസമിതി/കേരഗ്രാമം**	**മൂല്യവർദ്ധിത ഉത്പന്നം**
1.	തിരുവനന്തപുരം	1. സമൃദ്ധി കേരസമിതി, വെങ്ങാനൂർ 2. കരകുളം കേരകർഷക സമിതി	വിർജിൻ കോക്കനട്ട് ഓയിൽ, ചമ്മന്തിപൊടി
2.	പത്തനംതിട്ട	1. പന്തളം തെക്കേക്കര	വെളിച്ചെണ്ണ

		കേരസമിതി 2. അട്ടൂർ കേരസമിതി	
3.	ആലപ്പുഴ	1. അരൂക്കുറ്റി 2. കഞ്ഞിക്കുഴി 3. മുഹമ്മ 4. തകഴി 5. അമ്പലപ്പുഴ നോർത്ത്	തേങ്ങാ ചമ്മന്തി പൊടി, വെളിച്ചെണ്ണ
4.	എറണാകുളം	കീരംപാറ കോതമംഗലം	വെളിച്ചെണ്ണ, കൊപ്ര
5.	തൃശ്ശൂർ	1. നടത്തറ 2. ചാഴൂർ	1. വെളിച്ചെണ്ണ, വെന്ത വെളിച്ചെണ്ണ, ധന്തപാല വെളിച്ചെണ്ണ, ഹെയർ ഓയിൽ, നാളികേര ചമ്മന്തി പൊടി, തീയൽക്കൂട്ട് 2. വെളിച്ചെണ്ണ
6.	പാലക്കാട്	1. കരിമ്പ 2. ശ്രീകൃഷ്ണപുരം കേരസമിതി 3. വിളയൂർ	മരച്ചക്കിലാട്ടിയ കല്ലടിക്കോടൻ വെളിച്ചെണ്ണ
7.	മലപ്പുറം	1. കോഡൂർ 2. മക്കരപ്പറമ്പ് 3. തൃപ്രങ്ങോട്	1. കൊയർപിത്ത് 2. ഇളനീർ ജ്യൂസ് 3. വെളിച്ചെണ്ണ
8.	കോഴിക്കോട്	ഒളവണ്ണ	വെളിച്ചെണ്ണ
9.	കണ്ണൂർ	1. കുത്തുപറമ്പ് 2. കൂടാളി 3. കീഴല്ലൂർ 4. മുണ്ടേരി	1. കറിക്കൂട്ടുകൾ 2. വെളിച്ചെണ്ണ
10.	കാസർഗോഡ്	1. അജാനൂർ കേരഗ്രാമം 2. മഞ്ചേശ്വർ കേരസമിതി	ഇളനീർ ജ്യൂസ്, ഉരുക്ക് വെളിച്ചെണ്ണ

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി ചേർന്ന 22.06.2021-ലെ സമിതി യോഗത്തിൽ, കേരളത്തിൽ കുളമ്പുരോഗം വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ സമിതി നൽകിയ നിർദ്ദേശവും സർക്കാർ സ്വീകരിച്ച നടപടികളും

സമിതി നിർദ്ദേശം

കേരളത്തിനു പുറത്തു നിന്നും കൊണ്ടുവരുന്ന കന്നുകാലികൾക്ക് കൃത്യമായ പരിശോധന നടത്താത്തതിനാൽ കേരളത്തിൽ കുളമ്പ് രോഗം ക്രമാതീതമായി വർദ്ധിക്കുന്നതായി സമിതി നിരീക്ഷിച്ചു. കൂടാതെ, ചരക്ക് സേവന നികുതി നിലവിൽ വന്നതിനുശേഷം, കേരളത്തിലെ നിരവധി ചെക്ക് പോസ്റ്റുകൾ ഒഴിഞ്ഞു

കിടക്കുകയാണെന്നും അപ്രകാരമുള്ള ചെക്ക് പോസ്റ്റുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികൾക്ക് ക്വാറന്റൈൻ സംവിധാനവും കൃത്യമായ പരിശോധനയും നടത്തുന്നതിനായി ഉപയോഗപ്രദമാക്കാൻ സാധിക്കുമെന്നും സമിതി വിലയിരുത്തി. അതിനുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ മൃഗസംരക്ഷണം, നികുതി, ധനകാര്യം എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടി

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി 1-ന്റെ 02/11/2022-ൽ ചേർന്ന യോഗത്തിൽ കേരളത്തിൽ കുളമ്പുരോഗം വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് സമിതി നൽകിയ നിർദ്ദേശത്തിന്മേൽ നികുതി (സി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിക്കുകയും ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തണമെന്നും താൽക്കാലികാടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിച്ച് ക്വാറന്റൈൻ സെന്ററുകൾ ഫലപ്രദമാക്കുവാനും ജി.എസ്.ടി. വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ ഒഴിഞ്ഞുകിടക്കുന്നവ താൽക്കാലികമായി ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി വീണ്ടും ആവശ്യപ്പെടുന്നതിനും മൃഗസംരക്ഷണ വകുപ്പിനോട് നിർദ്ദേശിക്കുകയും ഇക്കാര്യത്തിൽ മന്ത്രിതലത്തിൽ യോഗം ചേരുന്നതിനായി ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

സബ്ജക്ട് കമ്മിറ്റി - 1 ന്റെ ശിപാർശയിന്മേൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 08.11.2023-ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലും യോഗം ചേരുകയുണ്ടായി. യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

(1) ക്വാറന്റൈൻ സംവിധാനത്തിനും രോഗപരിശോധനയ്ക്കും ആവശ്യമായ ചെക്ക്പോസ്റ്റുകളുടെ വിവരങ്ങൾ മൃഗസംരക്ഷണവകുപ്പ് സംസ്ഥാന ചരക്ക്-സേവനനികുതി വകുപ്പുമായി പങ്കുവയ്ക്കുന്നതിനും ആയത് പരിശോധിച്ച്, സംസ്ഥാന ചരക്ക് സേവനനികുതി വകുപ്പ് കമ്മീഷണർ തീരുമാനം കൈകൊള്ളേണ്ടതുമാണ്.

(2) ചെക്ക്പോസ്റ്റുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന്

പ്രത്യേക പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ധനകാര്യവകുപ്പ് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്വാറന്റൈൻ സംവിധാനത്തിനും രോഗപരിശോധനയ്ക്കും ആവശ്യമായ ചെക്ക്പോസ്റ്റുകളുടെ വിവരങ്ങൾ മൃഗസംരക്ഷണ ഡയറക്ടറേറ്റിൽ നിന്ന് സംസ്ഥാന ചരക്ക്-സേവനനികുതി വകുപ്പ് കമ്മീഷണർക്ക് നേരിട്ട് കൈമാറുകയും കൂടാതെ ഈ വിവരം മൃഗസംരക്ഷണ വകുപ്പിൽ നിന്ന് നികുതി വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടത് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ ആണ്. തീരുമാനം ഇതുവരെ ഈ വകുപ്പിൽ അറിയിച്ചിട്ടില്ല.

ചെക്ക്പോസ്റ്റുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 5 ചെക്ക്പോസ്റ്റുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുമ്പോൾ പ്രതിവർഷം 26,55,000/- രൂപ ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകത്തിൽ ഇതിനായി തുക വകയിരുത്തിയിട്ടില്ല എന്നിരുന്നാലും ടി തുക "Strengthening of Veterinary Service” എന്ന പദ്ധതിയുടെ കീഴിൽ 'Strengthening of Border Checkposts for Effective Monitoring and Disease Surveillance' എന്ന ഘടകത്തിൽ 2403-00-101-97-34 OC എന്ന ശീർഷകത്തിൽ അനുവദിച്ച 100 ലക്ഷം രൂപയിൽ നിന്നും കണ്ടെത്തി, ചെക്ക്പോസ്റ്റുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

തിരുവനന്തപുരം,
2026 ഒക്ടോബർ 16.

ടി. സിദ്ദിഖ്,
ചെയർപേഴ്സൺ,
സബ്ജക്റ്റ് കമ്മിറ്റി I.

അനുബന്ധം

02.07.2025-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I, 2025 ജൂലൈ 2-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണും ബഹു.കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിങ് മുഖേന) യോഗം ചേർന്നു.

തദവസരത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
2. ശ്രീ. സി.എച്ച്. കുഞ്ഞമ്പു , എം.എൽ.എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ :

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
3. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
4. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണം & ക്ഷീരവികസന വകുപ്പ് & മാനേജിങ് ഡയറക്ടർ (ഇൻ-ചാർജ്), കേരള ഫീഡ്സ് ലിമിറ്റഡ്
2. ശ്രീമതി ഷീബ ജോർജ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീ. സുരേഷ് കുമാർ കെ., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്

4. ശ്രീമതി ബിന്ദു സി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി ശോഭ വി. ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ (പി.യു.) വകുപ്പ്
6. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
7. ശ്രീമതി എസ്. റിനി റാണി, ഡയറക്ടർ, ഭൂജല വകുപ്പ്
8. ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
9. ശ്രീമതി സിനില ഉണ്ണികൃഷ്ണൻ, ഡയറക്ടർ (ഇൻ-ചാർജ്), ക്ഷീരവികസന വകുപ്പ്
10. ശ്രീ. ദത്തൻ സി. എസ്., അഡീഷണൽ ഡയറക്ടർ (സോയിൽ സർവേ), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
11. ശ്രീ. ആനന്ദബോസ് ഡി., അഡീഷണൽ ഡയറക്ടർ (മണ്ണ് സംരക്ഷണം), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
12. ശ്രീമതി സലീനാമ്മ കെ. പി., അഡീഷണൽ ഡയറക്ടർ, ധനകാര്യ (പ്ലാനിങ്) വകുപ്പ്
13. ശ്രീമതി ഷഫീന ബി., ജോയിന്റ് സെക്രട്ടറി, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
14. ശ്രീ. ബിജു പി. പോൾ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
15. ശ്രീമതി ഷിജി വി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
16. ഡോ. സലിൽകുട്ടി, മാനേജിങ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്
17. ഡോ. പി. സെൽവ കുമാർ, മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
18. ഡോ. ആർ. രാജീവ്, മാനേജിങ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
19. ശ്രീ. ദിനേശൻ എ. കെ., ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി
20. ശ്രീ. കോശി കെ. അലക്സ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിങ്), ക്ഷീരവികസന വകുപ്പ്
21. ശ്രീ. അബ്ദുസമദ് കെ. പി., ഡെപ്യൂട്ടി ഡയറക്ടർ (മണ്ണ് സംരക്ഷണം), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

സമിതി, 2021-ലെ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സബോർഡിനേറ്റ് സർവീസ് വിശേഷാൽ കരട് ചട്ടം, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്,2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി

റിപ്പോർട്ടുകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയലുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. 2021- ലെ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സബോർഡിനേറ്റ് സർവീസ് വിശേഷാൽ കരട് ചട്ടം

(ഫയൽ നം. 15657/സബ്.സി.സി2/2021/നി.സെ)

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

29/12/2021 ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സബോർഡിനേറ്റ് സർവീസിലെ വിവിധ തസ്തികകളിലേയ്ക്കുള്ള സ്പെഷ്യൽ റൂൾസിന്റെ പുതുക്കിയ കരട് ചട്ടം സമിതി പരിഗണിക്കുകയും ചർച്ചയ്ക്കു ശേഷം ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട് 29.12.2021-ലെ സമിതി യോഗം നൽകിയ നിർദ്ദേശങ്ങൾ നിയമം, പി & എ.ആർ.ഡി., പി.എസ്.സി. എന്നീ വകുപ്പുകളുമായി ചേർന്ന് പരിശോധിച്ചശേഷം മാറ്റങ്ങൾ വരുത്തിയാണ് പുതുക്കിയ കരട് ചട്ടം തയ്യാറാക്കിയതെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സബോർഡിനേറ്റ് സർവീസ് കരട് ചട്ടങ്ങളിലെ കാറ്റഗറി 3 ആയ ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് എന്നത് കാറ്റഗറി 4 ആയ പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഹെഡ് ക്ലാർക്ക്-ന്റെ പ്രൊമോഷൻ തസ്തിക ആയതിനാലും രണ്ട് തസ്തികകളുടെയും യോഗ്യത ഒന്നായതിനാലും തസ്തിക 3-ൽ യോഗ്യത പ്രത്യേകമായി കാണിക്കേണ്ടതില്ലെന്നും കാറ്റഗറി 4-ൽ പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയിൽ 'by transfer from the category of Upper Division Clerk to the Department' എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും ഇതിന്റെ അഭാവത്തിൽ എന്ത് ചെയ്യണമെന്ന് സൂചിപ്പിക്കണമെന്നുമുള്ള 29.12.2021-ലെ സമിതി ശിപാർശ പ്രകാരം കാറ്റഗറി 3-ന് പുതിയതായി ചേർത്തിരുന്ന യോഗ്യതകൾ ഒഴിവാക്കിയിട്ടുണ്ടെന്നും കാറ്റഗറി 4-ൽ ഡയറക്ട് റിക്രൂട്ട്മെന്റ് മുഖേന നിയമനം ലഭിക്കുന്നവർക്ക് പ്രൊമോഷന് അക്കൗണ്ട് ടെസ്റ്റ് യോഗ്യത ആവശ്യമായതിനാൽ കാറ്റഗറി 3-ലേയ്ക്കുള്ള പ്രൊമോഷന് പ്രസ്തുത യോഗ്യത ഒഴിവാക്കിയിട്ടില്ലെന്നും കാറ്റഗറി

4-ലെ പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിൽ by transfer-ന്റെ അഭാവത്തിൽ നേരിട്ടുള്ള നിയമനം നടത്താൻ കരട് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കാറ്റഗറി 4-ലേക്കുള്ള നിയമനം രണ്ട് കാറ്റഗറികളിൽനിന്നുള്ള Combined Seniority List-ൽ നിന്നും ആകുമ്പോൾ ഡോക്യുമെന്റേഷൻ അസിസ്റ്റന്റിന്റെ ഒരൊഴിവ് മാത്രം വരുന്ന സാഹചര്യത്തിൽ നിയമനം നൽകുന്നത് ഏത് തസ്തികയിൽനിന്നായിരിക്കുമെന്നുള്ള സമിതിയുടെ ചോദ്യത്തിന് " In the case of item (i) in column (3), the seniority shall be fixed based on rule 27 (a) of the Kerala State and Subordinate Service Rules, Part II." എന്ന വ്യവസ്ഥ ചേർത്തിട്ടുണ്ടെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയുടെ പരിഗണനയ്ക്ക് ആദ്യം സമർപ്പിച്ച കരട് ചട്ടത്തിൽ ഉണ്ടായിരുന്ന കാറ്റഗറി 3-ലേയ്ക്കുള്ള ബൈട്രാൻസ്ഫർ പ്രൊമോഷന് എം.ഒ.പി. പാസ്സാകണമെന്ന വ്യവസ്ഥ പുതുക്കിയ കരട് ചട്ടത്തിൽ ഉൾപ്പെടുത്താതിരുന്നത് ടെക്നിക്കൽ സ്ലാഫായതു കൊണ്ടാണെന്നും കാറ്റഗറി 3-ലേയ്ക്കുള്ള ബൈട്രാൻസ്ഫർ പ്രൊമോഷന് എം.ഒ.പി. പാസ്സാകണമെന്ന വ്യവസ്ഥകൂടി ചട്ടത്തിൽ ഉൾപ്പെടുത്താമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുകയും ഭേദഗതി സമിതി അംഗീകരിക്കുകയും ചെയ്തു.

കാറ്റഗറി 4 രണ്ട് കാറ്റഗറികളിൽനിന്നുള്ള കമ്പയിൻഡ് ലിസ്റ്റായതിനാൽ ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനുള്ള അനുപാതം നിശ്ചയിക്കണമെന്ന വ്യവസ്ഥ പി.എസ്.സി. ഒഴിവാക്കിയതിൽ വ്യക്തത വരുത്തണമെന്ന സമിതി ശിപാർശയിൽ പബ്ലിക്കേഷൻ അസിസ്റ്റന്റ്, ഹെഡ് ക്ലാർക്ക് എന്നീ രണ്ട് തസ്തികകൾക്കും ആവശ്യമായ യോഗ്യത ഒന്നായതിനാൽ ഒരു തസ്തികയായി കണക്കാക്കുന്നതിനാലാണ് പ്രസ്തുത വ്യവസ്ഥ പി.എസ്.സി. ഒഴിവാക്കിയതെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും സമിതി അത് അംഗീകരിക്കുകയും ചെയ്തു.

പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനത്തിന് ഡിഗ്രി വേണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയതിന്റെ കാരണം

ആരാഞ്ഞതിന് ഭൂവിനിയോഗ ബോർഡിലെ ജോലിയുടെ സ്വഭാവമനുസരിച്ചാണ് ഡിഗ്രി വേണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ബൈട്രാൻസ്ഫർ അപ്പോയിന്റ്മെന്റിന് അഡീഷണൽ ക്വാളിഫിക്കേഷൻ വേണമെന്ന് നിഷ്കർഷിക്കുന്നത് ശരിയായ നടപടിയല്ലെന്നും ഉയർന്ന തസ്തികയിലെത്തുമ്പോൾ ജോലിയുടെ സ്വഭാവത്തിൽ മാറ്റം വരുമെന്നതിനാൽ ഡിഗ്രി ക്വാളിഫിക്കേഷൻകൂടി വേണമെന്ന് നിഷ്കർഷിക്കുന്നതിൽ തെറ്റില്ലെന്നുമുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ സമിതി അംഗങ്ങൾ ഉന്നയിച്ചപ്പോൾ ഓരോ തസ്തികയുടെയും യോഗ്യത നിശ്ചയിക്കുന്നത് ജോലിയിലെ കർത്തവ്യങ്ങൾ അടിസ്ഥാനമാക്കിയാണെന്നും പ്രൊമോഷൻ തസ്തികയ്ക്ക് ഉയർന്ന യോഗ്യത നിശ്ചയിച്ചതിൽ നിയമപരമായ അപാകതയില്ലെന്നും ഭരണവകുപ്പിന് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

സീനിയർ ക്ലാർക്ക്, പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഹെഡ് ക്ലാർക്ക് തസ്തികകളിലെ സാങ്ഷൻഡ് പോസ്റ്റ് ഓരോന്നുവീതമാണെന്നും പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നത് സീനിയർ ക്ലാർക്ക് തസ്തികയിൽനിന്നാണെന്നിരിക്കെ ഒരാൾക്കുവേണ്ടിയാണ് ഇത്തരമൊരു വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും നിലവിൽ ഡെപ്യൂട്ടേഷൻ മുഖേനയാണ് പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിരിക്കുന്നതെന്നും ഇത്തരമൊരു വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നത് ഡെപ്യൂട്ടേഷനിൽ നിയമിതനായ വ്യക്തിയെ സംരക്ഷിക്കാൻ വേണ്ടിയാണോ എന്ന് സംശയത്തിനിടവരുത്തുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിൽ ആവശ്യമെങ്കിൽ അധിക യോഗ്യത ഉൾപ്പെടുത്താവുന്നതും ഭാവിയിൽ പ്രശ്നം വരികയാണെങ്കിൽ അതിൽ മാറ്റം വരുത്താവുന്നതുമാണെന്നും സീനിയർ ക്ലാർക്ക് എന്ന ഒരു പോസ്റ്റിനുവേണ്ടിയാണ് അധിക യോഗ്യത ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നതെന്നും ബൈ ട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളില്ലെങ്കിൽ ഈ തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്താവുന്നതാണെന്നും ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തുന്നതിനായി അധികയോഗ്യത ഉൾപ്പെടുത്തുന്നതിൽ അപാകതയില്ലെന്നും ഡിഗ്രി യോഗ്യത ഇല്ലാത്തപക്ഷം സീനിയർ

ക്ലാർക്കിനെ ഈ തസ്തികയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി വിശദീകരിച്ചു.

നിയമ വകുപ്പ് അംഗീകരിച്ചതിനാലും പി.എസ്.സി. ഇതിൽ പ്രത്യേകിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും വകുപ്പിന്റെ തീരുമാനം അംഗീകരിക്കാവുന്നതാണെന്ന് സമിതി തീരുമാനിച്ചു.

കാറ്റഗറി 4-ലെ പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിലെ by transfer നിയമനത്തിലേക്കുള്ള യോഗ്യതയായ Pass in Account Test (Lower) or (Higher) എന്നതുകൂടാതെ എം.ഒ.പി. കൂടി ഉൾപ്പെടുത്തണമെന്ന ഭേദഗതി സമിതി അംഗീകരിച്ചു.

കാറ്റഗറി 5-ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1- തസ്തികയിലേക്കുള്ള കാറ്റഗറി 6, 7, 8 എന്നീ തസ്തികകളിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ പ്രൊമോഷൻ സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന സമിതി ശിപാർശയിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് കാറ്റഗറി 6, 7, 8 തസ്തികകളായ ടെക്നിക്കൽ അസിസ്റ്റന്റ്, ലബോറട്ടറി അസിസ്റ്റന്റ്, പ്ലാനിങ് സർവേയർ ഗ്രേഡ് II/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II- എന്നിവയിൽ നിന്നും യോഗ്യതയുള്ളവരെയാണ് തിരഞ്ഞെടുക്കുന്നതെന്നും പ്രസ്തുത യോഗ്യതകൾ കാറ്റഗറി 5-ലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1 തസ്തികയിലെ യോഗ്യതയോട് ഏകീകരിച്ചതായും കാറ്റഗറി 5-ലേക്ക് പ്രൊമോഷന് യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

കാറ്റഗറി 5-ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1- തസ്തികയ്ക്ക് കരട് ചട്ടത്തിൽ ആദ്യം ഉൾപ്പെടുത്തിയിരുന്ന വിദ്യാഭ്യാസ യോഗ്യതയായ Diploma in Civil Engineering (Three year course) from any institution recognized by the Government of Kerala എന്നത് കൂടാതെ രണ്ട് യോഗ്യതകൾ അധികമായി ഉൾപ്പെടുത്തുവാനുള്ള കാരണം സമിതി ആരാഞ്ഞു. കാറ്റഗറി 6, 7, 8 തസ്തികയിലുള്ളവർക്ക് രണ്ട് യോഗ്യതകളും ഉള്ളതുകൊണ്ടാണ് കരട് ചട്ടത്തിൽ അധികമായി രണ്ട് യോഗ്യതകൾകൂടി ഉൾപ്പെടുത്തിയതെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. 29.12.2021-ൽ പരിഗണിച്ച ചട്ടത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ സമിതിക്കു നൽകുന്ന കുറിപ്പിൽ കൃത്യമായും

ഉൾപ്പെടുത്തേണ്ടതായിരുന്നെന്നുള്ള പരാമർശത്തോടുകൂടി സമിതി ആയത് അംഗീകരിച്ചു.

കാറ്റഗറി-8 ലെ പ്ലാനിങ് സർവേയർ ഗ്രേഡ്-II/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II-ലും പുതിയ ക്വാളിഫിക്കേഷൻ ചേർത്തിരിക്കുന്നതായി സമിതി ചൂണ്ടിക്കാട്ടുകയും ആയതിന് പി&എ.ആർ.ഡി.-യുടെ നിർദേശമനുസരിച്ചാണ് പ്രസ്തുത അധിക യോഗ്യത ഉൾപ്പെടുത്തിയതെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരണം നൽകിയപ്പോൾ അഡീഷണൽ ക്വാളിഫിക്കേഷൻ കൂടിച്ചേർക്കുമ്പോൾ അതിന്റെ കാരണം കൂടി കുറിപ്പിൽ ഉൾപ്പെടുത്തി നൽകണമെന്ന നിർദ്ദേശത്തോടെ സമിതി അംഗീകരിച്ചു.

ക്ലാസ്സ്-IV-എംപ്ലോയീസിൽനിന്നുള്ള ബൈ ട്രാൻസ്ഫർ നിയമനം നടത്തുന്ന ആർട്ടിസ്റ്റ് തസ്തികയ്ക്ക് സാങ്ഷൻഡ് പോസ്റ്റ് ഒരെണ്ണം ഉണ്ടെങ്കിലും പേ റിവിഷൻ ഓർഡറിൽ പ്രസ്തുത തസ്തിക ചേർത്തിട്ടില്ലെന്ന കാര്യം നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. അടുത്ത പേ റിവിഷൻ ഓർഡറിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് പ്രസ്തുത നിയമനം നടത്തുന്നതെന്നും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കാർട്ടോഗ്രാഫിക് അസിസ്റ്റന്റ്, ആർട്ടിസ്റ്റ് എന്നിവ ക്ലാസ്സ്-IV എംപ്ലോയീസിൽനിന്നുള്ള പ്രൊമോഷൻ തസ്തികകളാണെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ക്ലാസ്സ്-IV എംപ്ലോയീസ് ആരൊക്കെയാണെന്നതും സാങ്ഷൻഡ് സ്ട്രെങ്ത്തിൽ പറഞ്ഞിട്ടുള്ള എൽ.ഡി. ടൈപ്പിസ്റ്റ്, ക്ലാർക്ക്, സി.എ, സീനിയർ ക്ലാർക്ക് എന്നീ തസ്തികകളെ സംബന്ധിച്ചും ചട്ടത്തിൽ വ്യക്തമാക്കിയിട്ടില്ലെന്നുള്ള സമിതിയുടെ ചോദ്യത്തിന് പ്രസ്തുത തസ്തികകളെ കോമൺ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് റൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് " ഭൂവിനിയോഗ വകുപ്പ്" (Land Use Department) എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് 13-06-2025-ലെ സ.ഉ(കൈ) നം4/2025/P&EA പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസിൽ ' കേരള

സംസ്ഥാന ഭൂവിനിയോഗ ബോർഡ് ' എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ ' ഭൂവിനിയോഗ വകുപ്പ് ' (Land Use Department) എന്ന് മാറ്റം വരുത്തേണ്ടതാണെന്ന ഭേദഗതി സമിതി അംഗീകരിച്ചു.

ചട്ടം 8 - ടെസ്റ്റ്

കാറ്റഗറി 1, 2 എന്നിവ പ്രൊബേഷൻ കാലയളവിനുള്ളിൽ കരട് ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന യോഗ്യതയ്ക്ക് പുറമെ എം.ഒ.പി. കൂടി പാസ്സാകണമെന്ന വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു.

II. ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന

1. **സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

(ഫയൽ നം. 5438/സബ്.സി.സി2/2023/നി.സെ.)

(E-File No.KLS/276/2025-SubCC2)

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 2, 55 എന്നിവയിലെ ശിപാർശകളിന്മേൽ 02/07/2024, 26/05/2025 - എന്നീ തീയതികളിലെ എ എഫ് 1/ 95/2023/കൃഷി നമ്പർ കത്തുകൾ പ്രകാരം കൃഷി (ഫാംസ്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2. **സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

(ഫയൽ നം. 12047/സബ്.സി.സി2/2024/ലെജി.)
(E-File No.KLS/2322/2025-SubCC2)

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 14, 15 എന്നിവയിലെ ശിപാർശകളിന്മേൽ 16.06.2025 -ലെ AGRI -EB2/138/ 2024-AGRI നമ്പർ കത്ത് പ്രകാരം കൃഷി (ഇ.ബി.) വകുപ്പ്, ഖണ്ഡിക 3, 8, 9, 19, 20, 23, 27-31, 34-37, 40, 41, 44, 46, 50 എന്നിവയിലെ ശിപാർശകളിന്മേൽ 25.04.2025-ലെ

PA1/103/2024-AGRI നമ്പർ കത്ത് പ്രകാരം കൃഷി (പി.എ.) വകുപ്പ്, ഖണ്ഡിക 48-ലെ ശിപാർശയിന്മേൽ 16.05.2025-ലെ എഎഫ്2/234/2024-കൃഷി നമ്പർ കത്ത് പ്രകാരം കൃഷി (ഫാംസ്) വകുപ്പ്, ഖണ്ഡിക 7, 42, 43, 51 എന്നിവയിലെ ശിപാർശകളിന്മേൽ 12.06.2025-ലെ എ.ജി.2/179/2024-കൃഷി നമ്പർ കത്ത് പ്രകാരം കൃഷി (കൃഷി) വകുപ്പ്, 78 മുതൽ 82 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ 12.06.2025-ലെ എഫ്3/ 142/2024/എ.എച്ച് നമ്പർ കത്ത് പ്രകാരം മൃഗസംരക്ഷണ (എഫ്) വകുപ്പ്, 83 മുതൽ 92 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ 12.06.2025-ലെ ഡി3/ 246/2024 ഡിഡി നമ്പർ കത്ത് പ്രകാരം ക്ഷീര വികസന വകുപ്പ് എന്നിവ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

1. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ - എന്ന വിഷയത്തിന്മേൽ 02.11.2022-ലെ യോഗം ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നം. 19920/സബ്സി.സി.2/2021/നി.സെ.)

പ്രസ്തുത വിഷയത്തിന്മേൽ കൃഷി (എൻ.സി.എ) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് - അധികവിവരം ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നം. 5946/സബ്സി.സി.2/2023/നി.സെ.)

പ്രസ്തുത വിഷയം സർവെ സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട തുടർ നടപടി സംബന്ധിച്ചുള്ളതാണെന്നും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ഏകീകരിച്ചതിന്റെ പശ്ചാത്തലത്തിൽ തസ്തികകളിൽ വന്നിട്ടുള്ള മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടെന്നും അതിന്മേൽ നടപടി സ്വീകരിച്ചുവരികയാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി.

പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗങ്ങളും എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ഖണ്ഡിക 77-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച 23.07.2020-ലെ യോഗത്തിൽ

സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നിലവിലെ യോഗത്തിന്റെ തലേ ദിവസം മാത്രമാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിച്ചിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി സബ്ജക്ട് കമ്മിറ്റി ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി ലഭ്യമാക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി. 15.01.2023-ലെ ഉത്തരവുപ്രകാരം വന്നിട്ടുള്ള മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്നും ഫയലിൽ നടപടി സ്വീകരിച്ചുവരികയാണെന്നുമുള്ള മറുപടിയാണ് റവന്യൂ വകുപ്പിൽ നിന്നും അറിയിച്ചിരിക്കുന്നതെന്നും സർവെ സെൽ രൂപീകരിച്ചതിനുശേഷം കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാതെ രണ്ട് വർഷത്തിനുമുമ്പ് സ്വീകരിച്ച നടപടി സംബന്ധിച്ചുള്ള റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും നിരീക്ഷിച്ച സമിതി, വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള നിരുത്തരവാദപരമായ സമീപനത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു.

തിരുവനന്തപുരം ജില്ലയിലെ നാല് വില്ലേജുകളിലായി കൈയേറ്റം തിട്ടപ്പെടുത്തി റിപ്പോർട്ടും മഹസറും തയ്യാറാക്കാൻ വില്ലേജ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും സർവെ നടപടികൾ സ്വീകരിച്ചുവരുന്നതായും പരാമർശിക്കുന്നുണ്ടെങ്കിലും പ്രസ്തുത നടപടികളിലെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ലെന്നും ആലപ്പുഴ ജില്ലയിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പാലമേൽ പഞ്ചായത്ത് സെക്രട്ടറിക്ക് രണ്ട് വർഷം മുൻപ് നിർദേശം നൽകിയതു സംബന്ധിച്ചാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും ചൂണ്ടിക്കാട്ടിയ സമിതി, സർവെ സെൽ രൂപീകരിച്ചതിനുശേഷം കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

തോട് പുറമ്പോക്കുകൾ എൽ.എസ്.ജി.ഡി.-യുടെ അധീനതയിൽപ്പെട്ടതായതിനാലാണ് കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ പഞ്ചായത്തുകൾക്ക് 2023-ൽ നിർദേശം നൽകിയതെന്നും എല്ലാ മാസവും പ്രവൃത്തി റിവ്യൂ ചെയ്യാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിരുന്നതായും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കുകയും രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് സമിതിയ്ക്ക് ഉറപ്പു നൽകുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.25-ന് അവസാനിച്ചു.

[

30.09.2025-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I 2025 സെപ്റ്റംബർ 30-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിന് ശേഷം നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയുടെ അധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിങ് മുഖേന) യോഗം ചേർന്നു.

തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
4. ശ്രീ. മുരളി പെരുനെല്ലി ,എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി രജി ഡി.ഒ. , ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. മിൻഹാജ് ആലം, പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ്
2. ശ്രീ. അബ്ദുൾ നാസർ ബി., സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
3. ശ്രീമതി വി. വിഘ്നേശ്വരി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
4. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് & മാനേജിങ് ഡയറക്ടർ (ഇൻ-ചാർജ്), കേരള ഫീഡ്സ് ലിമിറ്റഡ്
6. ശ്രീമതി ലതകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
7. ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ, ഡയറക്ടർ, കൃഷി വകുപ്പ്
8. ശ്രീമതി ചെൽസാസിനി വി., ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

9. ഡോ. എം. സി. റെജിൽ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
10. ശ്രീമതി ശാലിനി ഗോപിനാഥ്, ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
11. ഡോ. ബെറിൻ പത്രോസ്, ഡയറക്ടർ (പ്ലാനിങ്), കേരള കാർഷിക സർവകലാശാല
12. ഡോ. കെ. സുധൻ, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
13. ശ്രീമതി സ്മിത ആർ. നായർ, അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
14. ശ്രീമതി സപ്ന എസ്., അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ), കൃഷി വകുപ്പ്
15. ശ്രീ. ദത്തൻ സി. എസ്., അഡീഷണൽ ഡയറക്ടർ (മണ്ണ് സർവേ), മണ്ണ് സർവേ മണ്ണ് സംരക്ഷണ വകുപ്പ്
16. ശ്രീമതി സലീനമ്മ കെ. പി., അഡീഷണൽ ഡയറക്ടർ (പ്ലാനിങ്), കൃഷി വകുപ്പ്
17. ശ്രീ. അനൂപ് എം. ആർ., ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്
18. ശ്രീമതി റീന ഡി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
19. ശ്രീ. സുതൻ ഡബ്ല്യു. ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
20. ഡോ. പി. സഹദേവൻ, മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്
21. ശ്രീമതി സലിനി പി. കെ., മാനേജിങ് ഡയറക്ടർ (ഇൻ-ചാർജ്), കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ

സമിതി, വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക കരട് ചട്ടങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും Kerala Fishermen Welfare Societies (Determination of Strength of Committees and conduct of Election) Rules 1980-ലെ 6(1)(a) ഭേദഗതി-S.R.O., സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ, ആനുകാലിക റിപ്പോർട്ടിന്റെ കരട്, ആക്ഷൻ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക കരട് ചട്ടങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുന്നത് സംബന്ധിച്ച്.

1. 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവകലാശാല (ഭേദഗതി) ആക്ട്

(ഫയൽ നം. 21681/സബ്.സി.സി.2/2021/നി.സെ)
(മത്സ്യബന്ധന തുറമുഖ വകുപ്പ്)

15.11.2021-ൽ വിജ്ഞാപനം ചെയ്ത പ്രസ്തുത ആക്റ്റിന്മേൽ കരട് ചട്ടം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 15.01.2022 മുതൽ വകുപ്പിന് കത്തുകളും തുടർന്ന് ഓർമ്മക്കുറിപ്പുകളും അയച്ചുവെങ്കിലും നാളിതുവരെയും കരട് ചട്ടം ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

പ്രസ്തുത കരട് ചട്ടം സംബന്ധിച്ച ഫയൽ നിയമ വകുപ്പ് പരിശോധിച്ച ശേഷം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നതിനായി തിരികെ നൽകിയിട്ടുണ്ടെന്ന് നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

17.09.2025-ൽ രൂപീകരിച്ച പുതിയ ഭരണസമിതിയുടെ യോഗം കൂടിയശേഷം കരട് ചട്ടങ്ങളുടെ കരട് സബ്മിറ്റ് ചെയ്യാമെന്ന് കുഫോസിൽ നിന്നും അറിയിച്ചിട്ടുള്ളതായി മത്സ്യബന്ധന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

22021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്ട്

(ഫയൽ നം. 896/സബ്.സി.സി.2/2023/നി.സെ)
(മത്സ്യബന്ധന തുറമുഖ വകുപ്പ്)

നിയമ വകുപ്പിന്റെ ശിപാർശയോടുകൂടി ലഭിച്ച 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റിന്മേലുള്ള കരട് ചട്ടം നിലവിൽ വകുപ്പിന്റെ പരിഗണനയിലാണുള്ളതെന്നും ഒക്ടോബർ 15-ാം തീയതിക്കുള്ളിൽ കരട് ചട്ടം ലഭ്യമാക്കാമെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

3. 2023-ലെ ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ-കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നം. 13560/സബ്.സി.സി.2/2024/ലെ.ജി)

&

4. <u>2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്ട്-തുടർനടപടി സംബന്ധിച്ച്.</u>

(ഫയൽ നം. 12157/സബ്.സി.സി.2/2024/ലെ.ജി)
(ക്ഷീരവികസന വകുപ്പ്)

പ്രസ്തുത കരട് ചട്ടങ്ങൾ നിയമ വകുപ്പ് പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്ന് നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിക്കുകയും കരട് ചട്ടങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

5. <u>2024-ലെ കേരള കന്നുകാലി പ്രജനന ആക്ടിന്മേലുള്ള കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ നം. KLS/38/2025-Subc C2)

(മൃഗസംരക്ഷണ വകുപ്പ്)

പ്രസ്തുത കരട് ചട്ടം നിയമ വകുപ്പ് പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്ന് നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിക്കുകയും കരട് ചട്ടം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

6. <u>The Kerala Veterinary and Animal Sciences University (Amendment) Act, 2024-ന്മേലുള്ള കരട് ചട്ടം) ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ നം. KLS/69/2025-Subc C2)

പ്രസ്തുത കരട് ചട്ടത്തിന്റെ ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അടുത്ത മന്ത്രിസഭാ യോഗത്തിൽ അത് സമർപ്പിക്കുന്നതാണെന്ന് മൃഗ-സംരക്ഷണ ക്ഷീര വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

കുടിശ്ശിക ഫയലുകൾ ഫയൽ അദാലത്ത് മുഖേന എത്രയുംവേഗം തീർപ്പാക്കണമെന്ന് ബഹു. സ്പീക്കറുടെ ഉത്തരവുണ്ടെന്നും അതിനാൽ കുടിശ്ശിക കരട് ചട്ടം ഉൾപ്പെടെ വകുപ്പുകളിൽ നിന്നുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

II The Kerala Fishermen Welfare Societies (Determination of Strength of Committees and conduct of Election) Amendment Rule-S.R.O (55/2025) സാധൂകരിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നം. KLS/4844/2025-Subc C2)

2025 ജനുവരിയിൽ വിജ്ഞാപനം ചെയ്ത SRO No.55/2025 യുടെ Short title and commencement:- (1) These rule may be called the Kerala Fishermen Welfare Societies (Determination of strength of Committees and conduct of Election) Amendment Rule, 2024 എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് 2025 ജനുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നതിനാൽ വർഷം 2025-ൽ എന്നല്ലേ വരേണ്ടതെന്നും റൂൾ 6 (1) (a)-യിലെ 'is a deaf, mute or blind or is a leper; or' എന്നതിലെ 'deaf/mute/blind എന്ന വാക്കുകൾ ഒഴിവാക്കുമ്പോൾ സെമി കോളൻ (;) കഴിഞ്ഞ് വരുന്ന 'or' എന്ന വാക്ക് ഒഴിവാക്കേണ്ടതുണ്ടോ എന്നും 'or' എന്ന വാക്കും അതിനോടൊപ്പം ഒഴിവാക്കുകയാണെങ്കിൽ റൂൾ 6(1)(a) എന്ന clause മുഴുവൻ ഒഴിവാക്കപ്പെടുമെന്നതിനാൽ റൂൾ 6 (1)-ൽ (b), (c), (d) ക്ലോസുകൾ പുനരക്കം ചെയ്യേണ്ടതുണ്ടോ എന്നും പരിശോധിക്കണമെന്നുള്ള നിർദ്ദേശങ്ങളോടു കൂടി Kerala Fishermen Welfare Societies (Determination of Strength of Committees and conduct of Election) Amendment Rule (S.R.O. No 55/2025) സമിതി സാധൂകരിച്ചു.

III. ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന

1. **2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന**

(ഫയൽ നം. 13092/സബ്.സി.സി.2/2022/നി.സെ)

(E-File No 7431/2025)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 53, 56 എന്നിവയിലെ ശിപാർശകളിന്മേൽ 02/09/2025-ലെ AGRI -PU3/253/ 2023-AGRI നമ്പർ കത്ത്

പ്രകാരവും ഖണ്ഡിക 76-ലെ ശിപാർശയിന്മേൽ 21/08/2025-ലെ AGRI-PU2/90/2022-AGRI നമ്പർ കത്ത് പ്രകാരവും കൃഷി (പി.യു,) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2. **2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന**

(ഫയൽ നം. 12047/സബ്.സി.സി2/2024/ലെജി.)
(E-File No. 2322/2025)

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 1, 11, 13, 49 എന്നിവയിലെ ശിപാർശകളിന്മേൽ 05/07/2025-ലെ NCA3/195/ 2024-AGRI നമ്പർ കത്ത് പ്രകാരം കൃഷി (എൻ.സി.എ) വകുപ്പും ഖണ്ഡിക 4, 5, 6, 10, 12, 14, 15, 24, 25, 26 എന്നിവയിലെ ശിപാർശകളിന്മേൽ 30/08/2025-ലെ AGRI-PB2/261/ 2024-AGRI നമ്പർ കത്ത് പ്രകാരം കൃഷി (പി.ബി.) വകുപ്പും ഖണ്ഡിക 16, 21 എന്നിവയിലെ ശിപാർശകളിന്മേൽ 12/06/2025 -ലെ എ.ജി.3/ 126/2024-അഗ്രി.നമ്പർ കത്ത് പ്രകാരം കൃഷി (കൃഷി) വകുപ്പും ഖണ്ഡിക 22, 47, 52, 53 എന്നിവയിലെ ശിപാർശകളിന്മേൽ 31/07/2025-ലെ AGRI-IFA1/124/ 2024-AGRI നമ്പർ കത്ത് പ്രകാരം കൃഷി (ഐ.എഫ്.എ.) വകുപ്പും ഖണ്ഡിക 54, 55 എന്നിവയിലെ ശിപാർശകളിന്മേൽ 24/06/2025-ലെ AGRI-PU3/166/2024-AGRI നമ്പർ കത്ത് പ്രകാരം കൃഷി (പി.യു.) വകുപ്പും ഖണ്ഡിക 58, 59 എന്നിവയിലെ ശിപാർശകളിന്മേൽ 02/07/2025-ലെ AGRI-PU2/86/2024-AGRI നമ്പർ കത്ത് പ്രകാരം കൃഷി (പി.യു.) വകുപ്പും ഖണ്ഡിക 56 ലെ ശിപാർശയിന്മേൽ 20/06/2025I-ലെ PLGEA-B1/156/2024- PLGEA നമ്പർ കത്ത് പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പും പ്രസ്തുത റിപ്പോർട്ടിലെ 60 മുതൽ 77 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ 30/07/2025-ലെ G1/ 112/2024/AH നമ്പർ കത്ത് പ്രകാരം മൃഗസംരക്ഷണ (ജി) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 54, 55 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ വിവരസാങ്കേതിക വിദ്യ, വിവിധ പരിശീലനങ്ങൾ എന്നിവയ്ക്കായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് തുക വകയിരുത്തിയിട്ടില്ലെന്നും സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ലഭിക്കുന്ന

സെന്റേജ് ചാർജിൽനിന്നും കെ.എൽ.ഡി.സി.-ക്ക് ഭരണപരമായ ചെലവുകൾക്കുള്ള തുക കണ്ടെത്തുവാനാകുമെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതെന്നും എന്നാൽ അഞ്ച് മുതൽ എട്ട് ശതമാനം വരെയാണ് നിലവിൽ സെന്റേജ് ചാർജെന്നും അതിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽനിന്ന് ചെലവുകൾക്കുള്ള തുക കണ്ടെത്താൻ സാധിക്കുന്നില്ലെന്നും പി.എസ്.സി. മുഖേനയുള്ള നിയമനം നടത്തുന്ന സ്ഥാപനത്തിന് 200 കോടി രൂപയുടെ പ്രോജക്ടുകളെങ്കിലുമുണ്ടെങ്കിൽ മാത്രമേ നിലനിൽക്കാൻ സാധിക്കുകയുള്ളൂവെന്നും അക്രെഡിറ്റഡ് ഏജൻസി എന്ന നിലയിൽ കെ.എൽ.ഡി.സി.-യുടെ സെന്റേജ് ചാർജ് പി.ഡബ്ല്യൂ.ഡി. സെന്റേജ് ചാർജിന് (13.7 ശതമാനം) തുല്യമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ പ്രോജക്ടുകൾ കുറഞ്ഞാലും ചെലവുകൾ മീറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിച്ചുവരുന്ന സ്റ്റോക്കുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സി.സി.ടി.വി. സ്ഥാപിക്കുന്നതിന് 23 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന ഖണ്ഡിക 58-ലെ ശിപാർശ പരിഗണിക്കാത്തതിന്റെ കാരണം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വെയർഹൗസിങ് കോർപ്പറേഷന്റെ ബാലൻസ്ഷീറ്റ് പരിശോധിച്ചതിൽ കഴിഞ്ഞ വർഷം അഞ്ച് കോടി രൂപയുടെ ലാഭമുണ്ടായിരുന്നതുകൊണ്ട് തനത് ഫണ്ട് ഉപയോഗിച്ച് സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള ചെലവുകൾ കണ്ടെത്താൻ സാധിക്കുമെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതെന്നും അതിൻപ്രകാരം തനത് ഫണ്ട് ഉപയോഗിച്ച് സി.സി.ടി.വി. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

പത്തനംതിട്ട ജില്ലയിലെ കോന്നിയിലും കാസർഗോഡ് ജില്ലയിലെ പെരിയയിലും വെയർഹൗസിങ് കോർപ്പറേഷന്റെ ഗോഡൗണുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി സമിതി ആരാഞ്ഞപ്പോൾ ഗോഡൗണുകളുടെ നിർമ്മാണവും തനത് ഫണ്ട് ഉപയോഗിച്ച് നടത്താനാണ് ധനകാര്യവകുപ്പ് അറിയിച്ചിരിക്കുന്നതെന്നും കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി, പെരിയയിലെ വെയർഹൗസിങ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ മുഖേന സമർപ്പിച്ചിട്ടുണ്ടെന്നും ആർ.ഐ.ഡി.എഫ് വഴി പത്തനംതിട്ട ജില്ലയിലെ

വെയർഹൗസിങ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സാങ്ഷനായിട്ടുണ്ടെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

IV ആനുകാലിക റിപ്പോർട്ട്, ആക്ഷൻടേക്കൺ റിപ്പോർട്ട് എന്നിവയുടെ കരട് പരിഗണന

സമിതി 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർഥനകളുടെ പരിശോധനസംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

V. വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയുടെ പരിഗണന

2021-2022 സാമ്പത്തിക വർഷം കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയ്ക്ക് അനുവദിച്ച ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക സമിതി അംഗീകരിച്ചു.

യോഗം രാവിലെ 11.30-ന് അവസാനിച്ചു.

22.01.2026-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I, 2026 ജനുവരി 22-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണും ബഹു. കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. അബ്ദുൾ നാസർ ബി., സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ശ്രീമതി ശാലിനി ഗോപിനാഥ്, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
3. ശ്രീമതി ചെൽസാസിനി വി., ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
4. ശ്രീ. സജ്ജു കെ. സുരേന്ദ്രൻ, ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
5. ഡോ. എം. സി. റെജിൽ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
6. ശ്രീ. ഷിബു എ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ്
8. ശ്രീ. എൻ. ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീ. ജാഫർഖാൻ എസ്., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
11. ഡോ. സിന്ധു കെ., അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
12. ശ്രീമതി സലീനാമ്മ കെ. പി., അഡീഷണൽ ഡയറക്ടർ (പ്ലാനിങ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
13. ശ്രീമതി സ്മിത ആർ. നായർ, അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
14. ശ്രീമതി ശ്രീലക്ഷ്മി ആർ., അഡീഷണൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
15. ഡോ. അപർണ വിൽസൺ, ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

16. ശ്രീമതി ചിത്ര കെ. ദിവാകരൻ, ജോയിന്റ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്
17. ശ്രീമതി റീന ഡി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
18. ശ്രീ. കെ. മദൻ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
19. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
20. ശ്രീമതി ഷീബ ഖമീർ, ജോയിന്റ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
21. ശ്രീ. സതീഷ് കുമാർ എ. പി., ജോയിന്റ് ഡയറക്ടർ (പ്രോജക്ട്), മത്സ്യബന്ധന വകുപ്പ്
22. ശ്രീമതി ബേബി ഷീജ കോഹൂർ, ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

സമിതി, The Special Rules for the Kerala Soil Conservation Service (Amendment) Rules, 2025-(S.R.ONo.1051/2025), സമിതി യോഗ നിർദേശങ്ങളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, അധികവിവര റിപ്പോർട്ടുകൾ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ, ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയലുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I **The Special Rules for the Kerala Soil Conservation Service (Amendment) Rules, 2025 - (No.1051/2025) S.R.O. സാധൂകരിക്കുന്നത് സംബന്ധിച്ച്**

(File No.KLS/9315/2025-Subc C2)

The Special Rules for the Kerala Soil Conservation Service (Amendment) Rules, 2025 - S R O (No.1051/2025) പരിഗണിച്ച സമിതി താഴെപ്പറയുന്ന ചട്ടങ്ങൾ പരിശോധിക്കാൻ നിർദ്ദേശിച്ചു.

Rules 2. Amendment of the Rules :- എന്ന ഹെഡ്ഡിൽ Kerala Soil Conservation Service Rules, 2008 എന്നത് Kerala Soil Conservation Service Special Rules, 2008 എന്ന രീതിയിൽ മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുക.

Rules 2. Sub Rule (2) - Note:- (1) - ൽ Case 1, 2, 3 എന്നിവയിൽ Category (a), Category(b), Category (c) എന്നത് വ്യക്തമായി നൽകിയിട്ടുണ്ട്. ഇതുപോലെ "A ratio of 5:2:1 shall be maintained between (a).....(b)....(c)....Kerala Soil Conservation Subordinate Service Rules" എന്നതിൽ (a), (b), (c) എന്നത് Category (a), Category (b), Category (c) എന്നിങ്ങനെ വ്യക്തത വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുക.

Rules 2. Sub Rule (3) - (ii) - Category 2- Principal Soil Chemist/Joint Director (Soil Survey) - തസ്തികയുടെ Direct Recruitment-ന്റെ യോഗ്യതകളിൽ (iv) - "Experience in Soil Survey/Remote sensing for 5 years (minimum) in a Government Department/Institution recognized by the Government of Kerala after attaining the qualification in item (i) above" എന്നാണ്. Item (i) എന്നത് 'Degree in Agriculture ആണ്. എന്നാൽ Category 3 - Deputy Director (Soil Survey) - തസ്തികയുടെ Direct Recruitment-ന്റെ യോഗ്യതകളിലെ Item (iii)-ൽ "Experience in Soil Survey for a period of 5 years after attaining the qualification mentioned in item (ii) above" എന്നാണ്. Item (ii) എന്നത് "M.Sc. in Agriculture with specialization in Soil Science or Soil Survey" എന്നതാണ്. Principal Soil Chemist/Joint Director (Soil Survey)-ക്ക് Degree in Agriculture-ഉം Deputy Director (Soil Survey)-ക്ക് M.Sc. in Agriculture യോഗ്യതയും നിശ്ചയിച്ചിരിക്കുന്നു. Category 3 - Deputy Director (Soil Survey)-തസ്തികയുടെ Direct Recruitment-ന്റെ യോഗ്യതകളിലെ Item (iii)-ൽ "Experience in Soil Survey for a period of 5 years after attaining the qualification mentioned in item (ii) above എന്നതിലെ 'item (ii) above' എന്നതിനുപകരം 'Item (i) above' എന്ന് മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുക.

Explanatory Note - ലെ "....method of appointment prescribed for the category 4, Assistant Director/District Soil Conservation Officer in BRANCH I - SOIL CONSERVATION..." എന്നതിൽ 'Assistant Director' എന്നത് 'Assistant Director of Soil Conservation' എന്ന് മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുക. അതുപോലെ "The post of Principal Soil Chemist/Joint Director

of BRANCH II- SOIL SURVEY created vide G.O.(Ms.) No. 211/2015/AD dated 17th November, 2015 has not been included in the Special Rules" എന്നാണുള്ളത്. ടി തസ്തിക രൂപീകരിച്ചിരിക്കുന്നത് 17-11-2015 - തീയതിയിൽ ആണെന്ന് വ്യക്തമാക്കിയിരിക്കുന്നു . എന്നാൽ റൂൾസിലെ commencement date 01-04-2023 ആണ്. ഇതിനിടയിലെ കാലയളവിൽ ടി തസ്തികയിലുണ്ടായിരുന്നവരെ പരിഗണിക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുക.

സമിതിക്കുള്ള കുറിപ്പിൽ 'മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ വിശേഷാൽ (ഭേദഗതി) ചട്ടങ്ങൾ, 2025' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും ചട്ടത്തിന്റെ പേര് ഇംഗ്ലീഷിൽ 'Kerala Soil Conservation Service Rules, 2008' The Special Rules for the Kerala Soil Conservation Service (Amendment) Rules, 2025 എന്നാണ് മുൻ ചട്ടത്തിലും ഭേദഗതി ചട്ടത്തിലും രേഖപ്പെടുത്തിയിരിക്കുന്നത്. 'Soil Survey' എന്നത് കൂടി ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുക.

സമിതിനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അപാകതകൾ പരിഹരിച്ചുകൊണ്ട് Erratum പ്രസിദ്ധീകരിച്ച് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമെന്നും കാലതാമസപത്രിക അംഗീകരിക്കണമെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ അഭ്യർഥിക്കുകയും കാലതാമസപത്രിക സമിതി അംഗീകരിക്കുകയും ചെയ്തു.

II **'കാർഷിക ഉൽപന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിന്മേൽ 02-11-2022-ലെ യോഗം ആവശ്യപ്പെട്ട അധികവിവരം സംബന്ധിച്ച്**

(ഫയൽ നം. 19920/സബ്സി.സി.2/2021/നി.സെ)

പ്രസ്തുത വിഷയത്തിന്മേൽ കൃഷി (എൻ.സി.എ) വകുപ്പ് ലഭ്യമാക്കിയ അധികവിവര_റിപ്പോർട്ട് സമിതി അംഗീകരിച്ചു.

III **22-06-2021-ലെ സമിതി യോഗതീരുമാനത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്**

(ഫയൽ നം.10783 സബ്.സി.സി2/2021 നി.സെ.)

ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്ന വിഷയം

മൃഗസംരക്ഷണ-ധനകാര്യ വകുപ്പുകൾ സംയോജിതമായി ചർച്ച ചെയ്തിരുന്നെന്നും കരാർ അടിസ്ഥാനത്തിൽ വെറ്ററിനി ഡോക്ടർമാരെ നിയമിക്കുന്നതുൾപ്പെടെയുള്ള സംവിധാനങ്ങൾ ആവശ്യമാണെന്നും ബഹു.മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി അറിയിച്ചു. തദവസരത്തിൽ പ്രസ്തുത വിഷയത്തിലെ നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു.

ജി.എസ്.ടി. വകുപ്പിന്റെ പ്രധാനപ്പെട്ട അഞ്ച് ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഒരു കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകി വെറ്ററിനറി ഡോക്ടർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്ന വിഷയം "Strengthening of Border Checkposts for Effective Monitoring and Disease Surveillance" എന്ന ഘടകത്തിൽ ഉൾപ്പെടുത്താമെന്ന് സർക്കാരിൽനിന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

തുടർന്ന് ജി.എസ്.ടി. വകുപ്പിന്റെ പ്രധാനപ്പെട്ട അഞ്ച് ചെക്ക്പോസ്റ്റുകളിൽ കരാർ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 06-10-2025-ന് സർക്കാരിൽനിന്നും നിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവശ്യനടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറും സമിതിയെ അറിയിച്ചു.

മുൻകാലങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുളമ്പുരോഗം ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ കാരണത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഏഴ് പ്രധാനതരം വൈറസുകളും അവയുടെ അൻപതോളംവരുന്ന സബ്ടൈപ്പുകളുമാണ് ഈ രോഗം പരത്തുന്നതെന്നും കുളമ്പുരോഗത്തിന് പൂർണ്ണ ചികിത്സയില്ലെന്നും പ്രതിരോധ വാക്സിൻ സ്വീകരിച്ച കന്നുകാലികൾക്ക് രോഗം പിടിപെട്ടാലും രോഗത്തിന്റെ തീവ്രത കുറവായിരിക്കുമെന്നും ആറ് മാസത്തിലൊരിക്കൽ കന്നുകാലികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തിയാൽ ഒരുപരിധിവരെ നിയന്ത്രിക്കാൻ സാധിക്കുമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

സംസ്ഥാനത്തിനകത്തെ കന്നുകാലികൾക്ക് പ്രതിരോധവാക്സിൻ നൽകിയാലും അയൽസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കന്നുകാലികളിൽനിന്ന് രോഗം

വ്യാപിക്കുന്ന ഒരു അവസ്ഥാവിശേഷമാണ് നിലനിൽക്കുന്നതെന്നും കേന്ദ്ര സർക്കാരിന്റെ നിർദേശപ്രകാരം കേരളത്തെ ഡിസീസ് ഫ്രീ സോണായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും പ്രതിരോധ കുത്തിവയ്പുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും 2026 ഫെബ്രുവരി 11-ാം തീയതിയ്ക്കകം 100 വാക്സിൻ നൽകാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നതെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഓരോ വർഷവും ആയിരക്കണക്കിന് കന്നുകാലികളെയാണ് അയൽസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്നതെന്നും കേന്ദ്ര സർക്കാരിന്റെ നിർദേശമനുസരിച്ച് എല്ലാ വർഷവും സംസ്ഥാനത്തിനകത്തെ കന്നുകാലികൾക്ക് കൃത്യമായി പ്രതിരോധ വാക്സിൻ നൽകുന്നുണ്ടെങ്കിലും അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധനകൾക്ക് വിധേയമാക്കിയാൽ മാത്രമേ കുളമ്പു രോഗമുണ്ടോയെന്ന് കണ്ടെത്താൻ കഴിയുകയുള്ളുവെന്നും നിലവിൽ ജി.എസ്.ടി.-യുടെ അഞ്ച് ചെക്ക്പോസ്റ്റുകളിൽ ഇതിനായുള്ള പരിശോധനകൾ നടത്തുന്നുണ്ടെന്നും ബഹു.മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി വ്യക്തമാക്കി.

പ്രസ്തുത വിഷയത്തിന്മേൽ മൃഗസംക്ഷണ (ജി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

IV **ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന**

1. **സമിതിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

(ഫ.നം.12047/സബ്.സി.സി2/2024/ലെജി.
E-File No.KLS/2322/2025-Sub CC2)

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 93 മുതൽ 132 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ 06/10/2025-ലെ 168/പി.എസ്./2024/മ.ക്ഷ.വ. നമ്പർ കത്ത്

പ്രകാരം മത്സ്യബന്ധന തുറമുഖ (പി. എസ്.) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് കാലതാമസപത്രിക സഹിതം സമിതി അംഗീകരിച്ചു.

2. <u>സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്</u>

(E-File No. KLS/3270/2025-Sub C C2)

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 65,66 എന്നിവയിലെ ശിപാർശകളിന്മേൽ 21/10/2025 തീയതിയിലെ എ എഫ്2/99/2025 - കൃഷി നമ്പർ കത്ത് പ്രകാരം കൃഷി (ഫാംസ്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

V <u>ബജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയുടെ പരിഗണന</u>

(File No. KLS/425/2025-Subc C2)

2024-2025 സാമ്പത്തിക വർഷം മത്സ്യബന്ധന തുറമുഖ വകുപ്പിന് അനുവദിച്ച ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക സമിതി അംഗീകരിച്ചു.

VI സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയലുകൾ

1. <u>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷിവകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ സംബന്ധിച്ച് 01/08/2018-ലെ യോഗം</u>

(ഫ. നം. 3862/സബ്.സി.സി2/2018/നി.സെ.
E-File No. KLS/2421/2025-Sub C2)

പാൽ, മാംസം, മുട്ട, മത്സ്യം, പച്ചക്കറികൾ എന്നിവയിലെ വിഷാംശം പരിശോധിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ യോഗ്യരായ ഉദ്യോഗസ്ഥരെക്കൂടി ഭക്ഷ്യസുരക്ഷാ അതോറിറ്റിയിൽ വിന്യസിച്ച് കൊണ്ട് നിയമവിധേയമായി പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ 2024 ജൂലൈ 1ന് ചേർന്ന സംയുക്തയോഗത്തിൽ, പ്രസ്തുത വിഷയം സംബന്ധിച്ച് നിയമവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നിയമപ്രകാരം സ്വീകരിക്കാൻ കഴിയുന്ന നടപടികൾ സംബന്ധിച്ച് ചർച്ച നടത്തി തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത യോഗം അടിയന്തരമായി ചേരണമെന്ന 26.03.2025 തീയതിയിലെ സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടികളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ 2025 സെപ്റ്റംബർ മാസം പ്രസ്തുത വിഷയം സംബന്ധിച്ച് യോഗം ചേരണമെന്നാശ്യപ്പെട്ടുകൊണ്ട് നിയമ വകുപ്പിൽനിന്ന് ആരോഗ്യകുടുംബക്ഷേമം, ക്ഷീരവികസനം എന്നീ വകുപ്പ് സെക്രട്ടറിമാർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും വകുപ്പ് സെക്രട്ടറിക്ക് യോഗത്തിൽ ഹാജരാകുന്നതിന് അസൗകര്യമുള്ളതിനാൽ സൗകര്യപ്രദമായ തീയതി പിന്നീട് അറിയിക്കാമെന്നുള്ള മറുപടി ക്ഷീരവികസന വകുപ്പ് ലഭ്യമാക്കിയിരുന്നുവെങ്കിലും തീയതി നിശ്ചയിച്ച് അറിയിച്ചിട്ടില്ലാത്തതിനാൽ യോഗം ചേർന്നിട്ടില്ലെന്ന് നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഭക്ഷ്യവസ്തുക്കളിലെ മായവുമായി ബന്ധപ്പെട്ട് 2018-ലെ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ഉന്നയിച്ച ഗൗരവമേറിയ വിഷയത്തിന്മേൽ നാളിതുവരെ യോഗം ചേർന്നിട്ടില്ല എന്നത് സമിതിയോട് പ്രകടിപ്പിക്കുന്ന അനാദരവാണെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്റ്റിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ള ക്ഷീരവികസന വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥരെ ഫുഡ് സേഫ്റ്റി ഓഫീസർമാരായി സർക്കാരിന് നിയമിക്കാം എന്ന് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായ കത്തിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത കാര്യം ആക്റ്റിൽ ഉള്ളതാണെന്നും 15.05.2023-ൽ ഇത് സംബന്ധിച്ച് ആരോഗ്യകുടുംബക്ഷേമ വകുപ്പിന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞുവെന്നും എന്നാൽ ടി വിഷയത്തിൽ മീറ്റിങ് നടത്താനുള്ള ഫയൽ നിയമവകുപ്പിന് ലഭ്യമായത് 25.08.2025-ലാണെന്നും നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പാലിന്റെ ശുദ്ധത പരിശോധിക്കുന്നതിനും മായം കണ്ടെത്തുമ്പോൾ കേസ് എടുക്കുന്നതിനും ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്റ്റ്-ലെ വ്യവസ്ഥകൾ പ്രകാരം സാധിക്കുമോ എന്നത് സംബന്ധിച്ച്

തർക്കങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ് 26/03/2025-ലെ യോഗത്തിന്റെ തുടർച്ചയായി പ്രസ്തുത വിഷയം പരിശോധിക്കുന്നതിനും നിയമഭേദഗതി വരുത്തുന്നതിനും നിയമ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നതെന്ന് സമിതി വ്യക്തമാക്കി.

ക്ഷീരവികസന വകുപ്പിന്റെ മൂന്ന് താത്ക്കാലിക ചെക്ക് പോസ്റ്റുകളിൽ പാലിന്റെ പരിശോധന നടത്തുന്നുണ്ടെങ്കിലും മായം കലർന്നിട്ടുള്ളതായി ബോധ്യപ്പെട്ടാൽ നടപടിയെടുക്കുന്നതിനായി വകുപ്പിന് അധികാരമില്ലെന്നും ടി വിഷയത്തിൽ കോടതിയിൽ കേസ്സുകൾ നിലവിലുണ്ടെന്നും പരിശോധനാഫലം പോസിറ്റീവ് ആയി വരുന്ന സാഹചര്യത്തിലും ഏതാനും മണിക്കൂറുകൾക്കുശേഷം ആയത് നെഗറ്റീവ് ആകാറുണ്ടെന്നും ചെക്ക് പോസ്റ്റുകളും ലാബുകളും ഒരേ സ്ഥലത്തുതന്നെ ക്രമീകരിച്ച് പരിശോധിച്ചാൽ മാത്രമേ കൃത്യമായ രീതിയിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത കാര്യങ്ങൾ വിലയിരുത്തി പാലിന്റെ പരിശോധനയിൽ കൂടുതൽ കൃത്യത വരുത്തുന്നതിനും പൊതുജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. പാലിന്റെ പരിശോധന നടത്തുന്നതിനും നടപടി എടുക്കുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകുക എന്നതാണ് ഇക്കാര്യത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്ന് വ്യക്തമാക്കാനുള്ളതെന്നും അല്ലെങ്കിൽ, ടി ചെക്ക്പോസ്റ്റുകളുടെ നിയന്ത്രണം ആരോഗ്യ വകുപ്പിന് കൈമാറിക്കൊണ്ട് പരിശോധനകൾക്കും നടപടികൾ എടുക്കുന്നതിനുമുള്ള അധികാരം ആരോഗ്യ വകുപ്പിന് തന്നെ നൽകുന്നതായിരിക്കും ഉചിതമെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിക്കുകയും ചെയ്തു.

ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിന് ആരോഗ്യ വകുപ്പിൽ മതിയായ ഉദ്യോഗസ്ഥരില്ലാതിരിക്കുകയും എന്നാൽ ക്ഷീരവികസന വകുപ്പിന് പാലിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള അധികാരമില്ല എന്ന കാര്യം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളതെന്നും ചെക്ക് പോസ്റ്റുകളിൽ പാലിന്റെ പരിശോധന കൃത്യമായ സമയപരിധിക്കുള്ളിൽ നടത്തി

ഫലം ലഭ്യമാക്കേണ്ടതുള്ളതിനാൽ നിയമവകുപ്പ് മന്ത്രി അടിന്തരമായി യോഗം വിളിച്ചുചേർത്ത് പ്രസ്തുത വിഷയം ചർച്ച ചെയ്ത് പരിഹാരം കാണണമെന്നും 01.07.2024-ൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചിരുന്നു. ആയതിനാൽ പാലും അനുബന്ധ ഉത്പന്നങ്ങളും പരിശോധന നടത്തുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിനുമുള്ള അധികാരം ക്ഷീരവികസന വകുപ്പിൽ തന്നെ നിലനിർത്തണമെന്നും ഈ വിഷയത്തിൽ നിയമവകുപ്പ് ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചേർന്ന് അടിയന്തരമായി യോഗം നിശ്ചയിച്ച് തീയതി അറിയിക്കണമെന്നും ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി നിർദ്ദേശിച്ചു.

ഇതുമായി ബന്ധപ്പെട്ട് 2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുചേർക്കണമെന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നിയമപ്രകാരം സ്വീകരിക്കാൻ കഴിയുന്ന നടപടി സംബന്ധിച്ച് ചർച്ച നടത്തി തീരുമാനം കൈക്കൊള്ളുന്നതിന് വേണ്ടിയാണ് നിയമ വകുപ്പിനെ ചുമതലപ്പെടുത്തിയത്. എന്നാൽ നിയമ വകുപ്പിൽനിന്നും ഇതുസംബന്ധിച്ച് നാളിതുവരെ യാതൊരു വിവരവും ലഭ്യമായിട്ടില്ലെന്നാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് കമ്മീഷണർ അറിയിച്ചിരിക്കുന്നതെന്നും അതിനാൽ 15 ദിവസത്തിനകം നിയമ വകുപ്പ് ഇതുസംബന്ധിച്ച യോഗം വിളിക്കേണ്ടതാണെന്നും സമിതി ആവശ്യപ്പെട്ടു.

ഇതിനായി 15 ദിവസത്തിന്റെ ആവശ്യമില്ലെന്ന് ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി വ്യക്തമാക്കുകയും അടിയന്തരമായി യോഗം കൂടുന്നതിന് നിയമ വകുപ്പിന്റെ ഭാഗത്തുനിന്ന് നടപടി സ്വീകരിക്കണമെന്ന് ചെയർപേഴ്സൺ നിർദ്ദേശിക്കുകയും ചെയ്തു.

2. <u>പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും പ്രത്യേക റിപ്പോർട്ട് - അധികവിവരം ലഭ്യമാക്കാത്തത് സംബന്ധിച്ച്-</u>

(ഫയൽ നം. 5946/സബ്.സി.സി2/2023/നി.സെ.)

പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടുമായി ബന്ധപ്പെട്ട് സർവേ സെൽ രൂപീകരിക്കണമെന്ന സമിതി ശിപാർശയുടെ

അടിസ്ഥാനത്തിൽ രൂപീകരിച്ച സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച തുടർ റിപ്പോർട്ട് പരിഗണിച്ച സമിതി, സർവേ സെൽ രൂപീകരിച്ചതിനുശേഷം കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാത്തതിനാൽ വിശദമായ റിപ്പോർട്ടും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ഏകീകരിച്ചതിന്റെ പശ്ചാത്തലത്തിൽ തസ്തികകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി സർവേ സെൽ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുതുക്കുന്നതിനായി സ്വീകരിച്ച നടപടി റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദേശിച്ചിരുന്നെങ്കിലും നാളിതുവരെ റവന്യൂ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്ന വിഷയം സമിതി പരിഗണിച്ച അവസരത്തിൽ, യോഗത്തിൽ ഹാജരാകണമെന്ന് ആവശ്യപ്പെട്ട് റവന്യൂ വകുപ്പിന് കത്ത് നൽകുകയും, ഫോൺ മുഖേന അറിയിക്കുകയും ചെയ്തിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ യോഗത്തിൽ ഹാജരായിട്ടില്ലെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

സമിതി യോഗത്തിൽ റവന്യൂ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ ഹാജരായിട്ടില്ലായെന്നു മനസ്സിലാക്കിയ സമിതി, യോഗത്തിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ഹാജരാകാത്തതിന്റെ വിശദീകരണം ആവശ്യപ്പെടണമെന്ന് നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.25-ന് അവസാനിച്ചു.

<u>06.02.2026-ലെ യോഗനടപടിക്കുറിപ്പ്</u>

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I 2026 ഫെബ്രുവരി 06-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസ് മുഖേന) യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>വീഡിയോ കോൺഫറൻസിംങ് മുഖേന പങ്കെടുത്ത അംഗങ്ങൾ</u>

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി രജി ഡി. ഒ. , ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ബി. അശോക്, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ/പ്രിൻസിപ്പൽ സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
2. ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
3. ശ്രീ.സജ്ജു കെ.സുരേന്ദ്രൻ,ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
4. ശ്രീമതി രശ്മി സി. പി., ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
5. ഡോ. ബെറിൻ പത്രോസ്, ഡയറക്ടർ (പ്ലാനിങ്), കേരള കാർഷിക സർവ്വകലാശാല
6. ശ്രീ. സന്ദീപ് കുമാർ, ഡയറക്ടർ, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ
7. ശ്രീമതി രശ്മി ആർ., രജിസ്ട്രാർ (ഇൻ-ചാർജ്), യൂണിവേഴ്സിറ്റി ഓഫ് കേരള
8. ശ്രീമതി ലതകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി (പ്ലാനിങ്), ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
9. ശ്രീ. കെ. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീമതി ശ്രീജ ജി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീ. അനൂപ് എം. ആർ., ജോയിന്റ് സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
13. ശ്രീ. സി. അജിത്കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
14. ശ്രീ. മദൻ കുമാർ കെ., കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല
15. ശ്രീമതി യാസ്മിൻ എൽ. റഷീദ്, ലാൻഡ് യൂസ് കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
16. ശ്രീമതി ടീന ഭാസ്കരൻ, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
17. ശ്രീ. അജിത് സി., ഡെപ്യൂട്ടി ഡയറക്ടർ (ഐ. റ്റി.), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
18. ശ്രീ. ഷാജി ടി. എസ്., അണ്ടർ സെക്രട്ടറി, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

19. ശ്രീമതി പി. കെ. ശാലിനി, മാനേജിങ് ഡയറക്ടർ, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ
20. ശ്രീ. തോമസ് സാമുവൽ, മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷൻ
21. ഡോ. സൂരജ് ആർ., സീനിയർ സയന്റിഫിക് ഓഫീസർ, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ
22. ശ്രീ. ഹിരൺ ജി., പ്രോട്ടോക്കോൾ ഓഫീസർ (ഇൻ-ചാർജ്), യൂണിവേഴ്സിറ്റി ഓഫ് കേരള
23. ശ്രീമതി ഷീജ സി., റിസർച്ച് ഓഫീസർ, ഡിസ്ട്രിക്ട് പ്ലാനിങ് ഓഫീസ്, വയനാട്

സമിതി 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി), XXX (ഭക്ഷ്യം), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ) എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി

2401-00-001-88 - മലബാർ മാർക്കറ്റ് കമ്മിറ്റികൾക്കുള്ള സഹായം

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും പെൻഷനും ക്ഷാമബത്തയും ഓണം അലവൻസും നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-001-86 - ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഹോണറേറിയം ഹാർഡ് വെയർ സംഭരണവും HR സംബന്ധിയായ പോർട്ടലുകളുടെ വികസനവും, ഐ.സി.ടി ഇൻഫ്രാസ്ട്രക്ചർ (വീഡിയോ കോൺഫറൻസ്/വെർച്വൽ ക്ലാസ്റൂം) ഓഫീസുകളിലേക്കുള്ള കെ-ഫോൺ കണക്ടിവിറ്റി, എം.ഐ.എസ് (MIS) & ഡി.ബി.റ്റി (DBT) വികസനം, ഇ-ഓഫീസ് നടപ്പിലാക്കലും പരിപാലനവും എന്നീ ഘടകങ്ങളിലായി 5.41 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-102-90 - ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റിയിൽ കുടിശ്ശികയായ തുക അനുവദിക്കുന്നതിനായും സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകത്തിനായും 2025-26 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ നൽകുന്നതിനായും ആലപ്പുഴ ജില്ലയിലെ ഉപ്പുവെള്ളം കയറിയ പ്രദേശങ്ങളിലെ നെല്ല് ഗുണനിലവാരം കുറയുകയും സപ്ലൈകോ വഴി സംഭരിക്കുവാൻ സാധിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ ഓയിൽ പാം ഇന്ത്യ വഴി സംഭരിക്കുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം ഇതേ ശീർഷകത്തിൽ നിന്നും തുക നൽകിയതുമൂലമുണ്ടായ കുറവ് നികത്തുന്നതിനായും 126.9229 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-102-76-02 - കൂടുതൽ വിളവ് ഓരോ തുള്ളിക്കും - പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ ഘടക പദ്ധതി - (60% സി.എസ്.എസ്) - സംസ്ഥാന വിഹിതം

"പെർ ഡ്രോപ്പ് മോർ ക്രോപ്" പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 17.808455 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-102-75-02 - ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - നെല്ല് (60 % കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

" ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - നെല്ല്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 14.85 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-102-72-02 - ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ- (ചെറുധാന്യങ്ങൾ 60 : 40)

" ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - ചെറുധാന്യങ്ങൾ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും

ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 72.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-103-87- നാളികേര വികസനം

2026-27 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന 85 കേര ഗ്രാമങ്ങൾ, 24 ലക്ഷം തെങ്ങുകൾക്കായുള്ള കേര രക്ഷാവാരം, തെങ്ങിൻതൈ വിതരണം, 2025-26 വർഷത്തെ പ്രതിബദ്ധ ചെലവുകൾ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 47 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-103-74-01 - നാളികേര വികസന ബോർഡ് പദ്ധതികൾ - (സംസ്ഥാന വിഹിതം) - പ്രാദേശിക നാളികേര നഴ്സറികൾ സ്ഥാപിക്കൽ

നാളികേര വികസന ബോർഡ് പദ്ധതിയുടെ ഭാഗമായി വിത്ത് തേങ്ങാ സംഭരിച്ച് തൈകൾ ഉത്പാദിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാന വിഹിതമായി 47.87 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-104-91 - ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിംഗ് ലഭിക്കാത്ത കേരളത്തിലെ ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം, ഗുണമേന്മയുടെ നടീൽ വസ്തുക്കളുടെ ഉല്പാദന ചെലവ് എന്നിവയ്ക്കും സംയോജിത കൃഷി, കൃത്യത കൃഷി തുടങ്ങിയ ഘടകങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഹൈടെക് ഫാമിങ്, ടിഷ്യൂകൾച്ചർ എന്നിവയ്ക്കായി താൽകാലികമായി ടെക്നിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനായും 3 കോടി രൂപയും തിരഞ്ഞെടുത്ത ഫാമുകളിൽ കാർബൺ ന്യൂട്രൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായും ജില്ലാ കൃഷിത്തോട്ടം നേരിയമംഗലം, ഓറഞ്ച് ആന്റ് വെജിറ്റൽ ഫാം നെല്ലിയാംപതി എന്നിവയ്ക്ക് അംഗീകൃത ഏജൻസി വഴി കാർബൺ ഫുട്ട് പ്രിന്റ് വിലയിരുത്തലിനായും 50 ലക്ഷം രൂപയും ഉൾപ്പെടെ 3.5 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-104-86 (01)- ഫാം സെക്ടറുകൾക്കു വേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി-കടാശ്വാസ കമ്മീഷൻ

കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ അവാർഡ് അനുസരിച്ച് കാർഷിക കടാശ്വാസമായി നാളിതുവരെ നൽകുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിനായി 250 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-104-72-02 - പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) 60% കേന്ദ്രാവിഷ്കൃതം - സംസ്ഥാന വിഹിതം

ഭാരതീയ പ്രകൃതി കൃഷി പദ്ധതി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം രണ്ട് ശീർഷകങ്ങളിലും കൂടി ആവശ്യമായ 17.8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-104-70-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 267 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 400.5 ലക്ഷം രൂപ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 2.6571 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-104-69-02 - <u>ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം</u>

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 267 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 400.5 ലക്ഷം രൂപ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 25.365 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-104-68-02 <u>കാർഷിക വനവൽക്കരണ ഉപ പദ്ധതി (60 % കേന്ദ്രാവിഷ്കൃതം)- സംസ്ഥാനവിഹിതം</u>

" കാർഷിക വനവൽക്കരണ ഉപ പദ്ധതി" എന്ന കേന്ദ്രവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 3.1656 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-104-66 - <u>കൃഷി സമൃദ്ധി</u>

പദ്ധതിയുടെ ഭാഗമായി വാർഡ് തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിൽ കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉൽപാദക സംഘടനകൾ എന്നിവയെ പങ്കെടുപ്പിച്ച് യോഗങ്ങൾ, പരിശീലന പരിപാടികൾ പ്രചാരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനായും പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് അടിസ്ഥാനമായ മൈക്രോപ്ലാനുകളുടെ തയാറാക്കലും അന്തിമമാക്കലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടത്തുന്നതിനും മൈക്രോപ്ലാനുകളിൽ തിരിച്ചറിഞ്ഞ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനും പദ്ധതിയുടെ ലക്ഷ്യങ്ങൾ പ്രായോഗികമായി കൈവരിക്കുന്നതിനുമായി 4.49 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-104-65-02- ദേശീയ പ്രകൃതി കൃഷി ദൗത്യം 60% CSS 40 %- സംസ്ഥാന വിഹിതം

" ദേശീയ പ്രകൃതി കൃഷി ദൗത്യം" പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 7.3844 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-105-86 – ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ

രണ്ട് രാസവള പരിശോധനാ ലാബുകളും ആധുനീകീകരിക്കുന്നതിനും പരിശോധനാ ഉപകരണങ്ങളുടെ റിപ്പയർ, അറ്റകുറ്റപ്പണികൾ, സംരക്ഷണം, ലബോറട്ടറിയുടെ വൈദ്യുതീകരണം, വളം സാമ്പിളുകളുടെ ഗുണനിലവാര പരിശോധനക്കാവശ്യമുള്ള രാസവസ്തുക്കളുടെ വാങ്ങൽ, പുതിയ ഉപകരണങ്ങൾ വാങ്ങൽ, റിവോൾവിംഗ് ഫണ്ട്, ബി.എം.എഫ്.സിയുടെ നിലവിലുള്ള ടിഷ്യൂകൾച്ചർ ലാബിന്റെ നവീകരണം, ഗ്രീൻ ഹൗസുകളുടെ അറ്റകുറ്റപ്പണി, ഓഫീസ് കെട്ടിടങ്ങളുടെ റീവയറിങ്ങ്, സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിന്റെ വിപുലീകരണം, നവീകരണം കേന്ദ്ര രജിസ്ട്രേഷൻ നിലനിർത്തൽ, ഉൽപാദന ശേഷി വർദ്ധിപ്പിക്കൽ, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി 1.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-105-85 – ഓർഗാനിക് ഫാമിംഗ്

പദ്ധതിക്ക് കീഴിൽ പ്രവർത്തിക്കുന്ന കരാർ ജീവനക്കാരുടെ സാലറി ഘടകമായ സപ്പോർട്ട് ഫോർ ഇംപ്ലിമെന്റേഷനിൽ 9.0075 ലക്ഷം രൂപയും Promotion of organic farming and GAP Cultivation in crops including Certification എന്ന ഘടകത്തിൽ 60 ലക്ഷം രൂപയും ഉൾപ്പെടെ 69.0075 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-107-78 – വിളകളുടെ ആരോഗ്യ സംരക്ഷണം

പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാർക്ക് വേതന വർദ്ധനവ് വരുത്തി മറ്റ് പദ്ധതികളിലെ കരാർ ജീവനക്കാർക്ക് നൽകി വരുന്ന

നിരക്കിൽ ശമ്പളം (സർക്കാർ ഉത്തരവ് GO(P)29/2021/fin dtd 11.2.2021 പ്രകാരം) അനുവദിക്കുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-109-84- <u>കാർഷിക വിജ്ഞാനവും വ്യാപനവും</u>

'കേരള കർഷകൻ' മാസിക ഗുണമേന്മ ഉറപ്പാക്കി തടസ്സമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനായി 1.64 കോടി രൂപയും മറ്റ് പ്രധാന പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ, സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശില്പശാലകൾ മേളകളുടെ നടത്തിപ്പും പങ്കാളിത്തവും ഉപദേശക സമിതി യോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ് ഇന്ധന ചെലവുകൾ എന്നിവയ്ക്കായി 1.286 കോടി രൂപയും ഉൾപ്പെടെ 2.926 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-109-80 - <u>കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ</u>

കാർഷിക വികസന പരിപാടികളുടെ വിജയത്തിനായി ഫീൽഡ് തലത്തിൽ നടത്തുന്ന വിജ്ഞാന വ്യാപനം പദ്ധതിയുടെ പൊതുജനപങ്കാളിത്തം എന്ന ഘടകത്തിന് കീഴിൽ കർഷക സഭ, ഞാറ്റുവേല ചന്തകൾ എന്നിവ നടത്തുന്നതിനായി ആവശ്യമായ 6.14 ലക്ഷം രൂപ ഉൾപ്പെടെ 107.14 ലക്ഷം രൂപയും കൃഷി പാഠശാല നടപ്പിലാക്കുന്നതിനായി 7 ലക്ഷം രൂപയും അഗ്രോ ക്ലിനിക്കുകൾ നടത്തുന്നതിനായി 16.52 ലക്ഷം രൂപയും സ്മാർട്ട് കൃഷിഭവൻ പദ്ധതിക്കായി 99 ലക്ഷം രൂപയും ലീഡ്സ് പദ്ധതിക്ക് 45 ലക്ഷം രൂപയും ഉൾപ്പെടെ 2.7466 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-109-65-02 - <u>അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജന- മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും -(60%കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം</u>

ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, റീസ്ട്രക്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷുറൻസ് സ്കീം എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി മുൻവർഷം 7647.32 ലക്ഷം രൂപ ആവശ്യമായി വന്നതിനാൽ നടപ്പുവർഷം 70.1186 കോടി രൂപ ഈ

ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-109-64-02- അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജന - എൻ.എം.എ.ഇ.റ്റി. - എസ്,എം.എ.ഇ (60% കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

"സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 890 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 1335 ലക്ഷം രൂപ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 16.6875 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-109-59-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"രാഷ്ട്രീയ കൃഷി വികാസ് യോജന" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 13.35 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 20.025 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 89.445 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-109-58-02 - കാർഷിക യന്ത്രവത്ക്കരണ ഉപദൗത്യം (എസ്.എം.എ.എം) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 17.8 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 26.7 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 88.19188 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-109-57-02- തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 10.68 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 16.02 കോടി രൂപ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 84.55 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-110-82 - പുനർസ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

എയിംസ് പോർട്ടൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച 31.05.2024 മുതൽ 28.01.2026 വരെയുള്ള വിളനാശത്തിനുള്ള ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 43.3358711 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-111-96-02 - ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ) അഗ്രികൾച്ചർ - (40%) - സംസ്ഥാന വിഹിതം

"ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 712 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 1068 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 11.8667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-111-95 - കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ (കേരാ)-ലോക ബാങ്ക് സഹായം

കേര പദ്ധതിയിലൂടെ സംസ്ഥാനത്ത് 661 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന വിഹിതമായി 98 കോടി രൂപ ഈ

ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-114-97-02 - നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് -ഓയിൽ പാം- (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.449988 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-119-85- കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി വിവിധ ഏജൻസികൾ മുഖേനയുള്ള പച്ചക്കറി വിത്ത് വിതരണവുമായി ബന്ധപ്പെട്ടുകൊണ്ട് 11 ജില്ലകളിലായി 196500 വിത്ത് പാക്കറ്റുകൾ 2.5 രൂപ നിരക്കിൽ വിതരണം ചെയ്ത വകയിൽ കെ. എസ്. എസ്. ഡി. എ.ക്ക് അനുവദിക്കുന്നതിനായി 3.028779 കോടി രൂപയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മാനേജ്മെന്റ് ചെലവുകൾക്കായി 1 കോടി രൂപയും സമഗ്ര പച്ചക്കറി വികസനം പദ്ധതിയിൻകീഴിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാർക്ക് 2026-27 സാമ്പത്തിക വർഷം വേതനം മാറി നൽകുന്നതിന് 33.93 ലക്ഷം രൂപ Technical support and contractual appointments എന്ന ഘടകത്തിലും ഉൾപ്പെടെ 4.368079 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-119-81- പച്ചക്കറി വികസനം വി.എഫ്. പി.സി.കെ. യ്ക്കുള്ള ധനസഹായം

വി. എഫ്. പി. സി. കെ. യ്ക്കുള്ള പച്ചക്കറി വികസന പദ്ധതി, എലവഞ്ചേരി മാതൃക കൃഷിരീതി, വന്യജീവി അക്രമണത്തിൽ നിന്നും സംരക്ഷണം, വിദേശ പഴവർഗ്ഗങ്ങളുടെ പ്രചരണം എന്നീ ഘടകങ്ങൾക്കായി 54.55 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-119-78 - കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം

2026-27 വർഷത്തിൽ കുട്ടനാട് മേഖലയിൽ പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സെറ്റുകൾ സൗജന്യമായി സ്ഥാപിച്ച് വൈദ്യുതീകരണത്തിനായി 33 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-119-77 - കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി - അടിസ്ഥാന വില

പഴങ്ങൾക്കും പച്ചക്കറികൾക്കും വില കുറയുന്ന സാഹചര്യത്തിൽ പ്രഖ്യാപിച്ച അടിസ്ഥാന വില കർഷകർക്ക് നൽകുന്ന കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതിയ്ക്കായി 2024-25 വർഷത്തെ കുടിശ്ശിക മാറി നൽകുന്നതിനും എയിംസ് പോർട്ടലിൽ അപേക്ഷിച്ച കർഷകരുടെ 2025-26 വർഷത്തെ ക്ലെയിമുകൾ അനുവദിക്കുന്നതിനും അടിസ്ഥാന വില പദ്ധതിയിൽ പുതുതായി 5 വിളകൾ ഉൾപ്പെടുത്തുന്നതിനും നിലവുള്ളവയുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലുള്ളതിനാലും 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-188-99 - വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, കേരളം (വി.എഫ്.പി.സി.കെ)

പദ്ധതിയേതര ഗ്രാന്റായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.696 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-191-50 - റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക മാറി നൽകുന്നതിനായി 95.74 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-192-50 റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക മാറി നൽകുന്നതിനായി 2.9817 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-198-50 - റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക മാറി നൽകുന്നതിനായി 57.8646 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-92-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി-സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 30 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 45 ലക്ഷം രൂപ ധനപുനവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 29.86 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-83-02 - പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"ഭാരതീയ പ്രകൃതി കൃഷി പദ്ധതി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം രണ്ട് ശീർഷകങ്ങളിലും കൂടി ആവശ്യമായ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-82-02 - <u>കൂടുതൽ വിളവ് ഓരോ തുള്ളിക്കും - പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ ഘടകപദ്ധതി - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം</u>

"പെർ ഡ്രോപ്പ് മോർ ക്രോപ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 2.00095 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-80-02 - <u>കാർഷിക വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കും വേണ്ടിയുള്ള ദേശീയ മിഷൻ (എസ്.എം.എ.ഇ) കീഴിലുള്ള കാർഷിക വ്യാപനത്തിനുള്ള ഉപ പദ്ധതി (എസ്.എം.എ.ഇ) സംസ്ഥാന വിഹിതം</u>

"സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 100 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 150 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 1.875 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-79-02 - <u>രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്) - സംസ്ഥാന വിഹിതം</u>

"രാഷ്ട്രീയ കൃഷി വികാസ് യോജന" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.5 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 2.25 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 10.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-78-02 - <u>കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം -സംസ്ഥാന വിഹിതം</u>

"സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 9.9092 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-77-02 - <u>തോട്ട കൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്.എസ്) - സംസ്ഥാന വിഹിതം</u>

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 1.8 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 9.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-76-02 - <u>ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി -നെല്ല് (60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം</u>

" ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - നെല്ല്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.67 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-74-02 - <u>ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം</u>

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ

SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 30 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 45 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 2.85 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-73-02 - കാർഷിക വനവൽക്കരണ ഉപ പദ്ധതി (60%കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

" കാർഷിക വനവത്ക്കരണ ഉപ പദ്ധതി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 35.57 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-72-02 - നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് -ഓയിൽ പാം - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

"നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 16.292 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-70-02 - ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷനൽ ഇ-ഗവേണൻസ് പ്ലാൻ -അഗ്രികൾച്ചർ) - 40% സംസ്ഥാന വിഹിതം

"ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 80 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 120 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 1.3333 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-69-02 - <u>ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - ചെറുധാന്യങ്ങൾ (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം</u>

"ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - ചെറുധാന്യങ്ങൾ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 8.2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-789-68-02 - <u>ദേശീയ പ്രകൃതി കൃഷി ദൗത്യം (60% CSS) - സംസ്ഥാന വിഹിതം</u>

"ദേശീയ പ്രകൃതി കൃഷി ദൗത്യം" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 82.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-92-02 - <u>ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം</u>

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 3 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 4.5 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 2.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-83-02 - <u>പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം</u>

ഭാരതീയ പ്രകൃതി കൃഷി പദ്ധതി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം രണ്ട് ശീർഷകങ്ങളിലും കൂടി ആവശ്യമായ

20 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-81-02 - പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.)യുടെ പി.ഡി.എം.സി. ഘടകം - (60% - സി.എസ്.എസ്.) - സംസ്ഥാന വിഹിതം

"പെർ ഡ്രോപ്പ് മോർ ക്രോപ്പ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 20.0095 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-79-02 - കാർഷിക വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കും വേണ്ടിയുള്ള ദേശീയ മിഷൻ (എസ്.എം.എ.ഇ.) കീഴിലുള്ള കാർഷിക വ്യാപനത്തിനുള്ള ഉപപദ്ധതി (എസ്.എം.എ.ഇ.)(60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

"സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 10 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 15 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 18.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-78-02 - രാഷ്ട്രീയ കൃഷി വികാസ് യോജന - (60% കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

"രാഷ്ട്രീയ കൃഷി വികാസ് യോജന" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.5 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 22.5 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 1.005 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-77-02 - കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.) (60%കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 99.092 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-76-02 - തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60% സി.എസ്.എസ്) -സംസ്ഥാന വിഹിതം

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 12 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 18 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 95 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-75-02 - ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി -നെല്ല് (60 % കേന്ദ്രാവിഷ്കൃതം സംസ്ഥാന വിഹിതം

"ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - നെല്ല്" പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 17000 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-73-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 3 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 4.5 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 28.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-72-02 - കാർഷിക വനവൽക്കരണ ഉപ പദ്ധതി (60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

" കാർഷിക വനവൽക്കരണ ഉപ പദ്ധതി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 3.56 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-71-02 - നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് - ഓയിൽ പാം -(60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

"നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.6292 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-69-02 - ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ - അഗ്രികൾച്ചർ) - 40% സംസ്ഥാന വിഹിതം

ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 8 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 12 ലക്ഷം രൂപ

ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 13.33 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-68-02 - ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി -ചെറുധാന്യങ്ങൾ (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

" ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - ചെറുധാന്യങ്ങൾ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 82000 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-796-67-02 - ദേശീയ പ്രകൃതി കൃഷി ദൗത്യം (60% CSS) -40% സംസ്ഥാന വിഹിതം

"ദേശീയ പ്രകൃതി കൃഷി ദൗത്യം" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 8.3 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-800-91- പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി

പ്രകൃതിദുരന്തങ്ങൾ അപ്രതീക്ഷിതമായി ഉണ്ടാകുന്ന സാഹചര്യത്തിൽ എയിംസ് പോർട്ടലിൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 76.107479 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2401-00-800-28 - മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത വർധിപ്പിക്കലും

സംസ്ഥാനത്തെ പാടശേഖരങ്ങളിൽ 1.5 ലക്ഷം ഹെക്ടറിൽ കുമ്മായം ലഭ്യമാക്കുന്നതിനായി 64.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2415-01-004-88- <u>കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം</u>

പരിശീലന കേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പളവും നടത്തിപ്പിനാവശ്യമായ മുഴുവൻ തുകയും പ്ലാൻ ശീർഷകത്തിൽ നിന്നായതിനാൽ 45 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2415-01-277-98 - <u>സീനിയർ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം</u>

ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് സ്കീമിന്റെ ഭാഗമായി ആരംഭിച്ച പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഹെൽത്ത് മാനേജ്മെന്റ് കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നതിനായി 90 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2435-01-101-85 - <u>വില സ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ</u>

വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടൽ എന്ന ഘടകത്തിനായി 2026-27 സാമ്പത്തിക വർഷത്തിലെ ഓണവിപണികൾക്കും പഴം, പച്ചക്കറികളുടെ വിലനിയന്ത്രണത്തിനും പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2435-01-800-99 - <u>മാർക്കറ്റ് വികസനം</u>

കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകളുടെ വിപുലീകരണം, പുതിയ ഷോപ്പുകൾക്കുള്ള ധനസഹായം കേരള ഗ്രോ ഉൽപ്പന്നങ്ങളുടെ ട്രാൻസ്പോർട്ടേഷൻ സബ്സിഡി കേരള ഗ്രോ ഉൽപന്നങ്ങളുടെ ബ്രാൻഡിംഗ്, പ്രൊമോഷൻ, പരസ്യം എന്നീ ഘടകങ്ങൾക്കായി 1.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2435-01-800-94 - വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും

അഗ്രി സ്റ്റാർട്ട് അപ്പ്, അഗ്രി ബിസിനസ് ഇൻക്യുബേറ്ററുകളുടെ സഹായം, തേനീച്ച വളർത്തലിനും തേൻ ഉത്പാദനത്തിനുമുള്ള ധനസഹായം, പ്രാഥമിക കാർഷിക സഹകരണ സംഘം/കാർഷിക കർമ്മസേന/കാർഷിക കൂട്ടായ്മകൾ എന്നിവയ്ക്ക് കൊപ്ര ഉണക്കൽ യൂണിറ്റുകൾ, കർഷക ഉത്പാദക സംഘടനകളെ സഹായിക്കുന്നതിന് വി.എഫ്.പി.സി.കെ.യ്ക്ക് നൽകുന്ന ധനസഹായം, സംസ്കരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുന്ന പദ്ധതി അധിഷ്ഠിത സഹായം, ചെലവ് കുറഞ്ഞ പിക്ക് അപ്പ് വാഹനങ്ങൾക്കുള്ള ധനസഹായം എന്നീ ഘടകങ്ങൾക്കും KAICO-യുടെ ചക്ക സംസ്കരണ ഫാക്ടറി, VAFPCL (വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി) എന്നിവയ്ക്കുമായി 12 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4401-00-104-98 - ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

പ്രസ്തുത പദ്ധതിയിൽ 2025-26 വർഷം ഏറ്റെടുത്തിരിക്കുന്ന പ്രവർത്തികളുടെ ക്ലെയിമുകൾ അനുവദിക്കുന്നതിന് 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള കാർഷിക സർവ്വകലാശാല

2415-01-188-99-31 - കേരള കാർഷിക സർവ്വകലാശാല സഹായധനം -ശമ്പളം

പെൻഷൻകാർക്ക് പരിഷ്കരിച്ച പെൻഷൻ ആനുകൂല്യങ്ങൾ, മറ്റ് വിരമിക്കൽ ആനുകൂല്യങ്ങൾ, യുജിസി ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അധ്യാപകർക്ക് നൽകേണ്ട തുക, തൊഴിലാളികളുടെ വേതന പരിഷ്കരണ, അനധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ, TSEL കുടിശ്ശികകൾ, എന്നിവ അനുവദിക്കുന്നതിനായും 2026-27 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന അധിക പദ്ധതിയേതര ബാധ്യതകൾ നിർവ്വഹിക്കുന്നതിനായും 169.45 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2415-01-188-99- - കേരള കാർഷിക സർവ്വകലാശാല ഗ്രാന്റ് ഇൻ എയ്ഡ്- സഹായധനം - ശമ്പളേതരം

ഗവേഷണം, വിജ്ഞാന വ്യാപനം, അടിസ്ഥാന സൗകര്യ വികസനം, ഇ-ഗവേർണൻസ്, വിദ്യാർത്ഥി ക്ഷേമം എന്നീ ഘടകങ്ങളിലെ വളരെ അത്യാവശ്യമായി പ്രാവർത്തികമാക്കേണ്ട കാർഷിക മേഖലയിലെ ഉന്നമനത്തിനായുള്ള പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം (35) സഹായധനം-ശമ്പളേതരം (36) എന്നീ ഇനങ്ങളിലായി 5.6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന;വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

2402-00-102-85-91- ഉദ്യോഗസ്ഥൻമാർക്ക് പരിശീലന പരിപാടി - പരിശീലനം

പരിശീലന പരിപാടികൾക്കും അനുബന്ധ പ്രവർത്തനങ്ങളായ സെമിനാറുകൾ, കാർഷിക ഉത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും, പ്രദർശനങ്ങൾ നടത്തുന്നതിനും ഡെറാഡൂണിലെ ഐ.ഐ.എസ്.ഡബ്ല്യൂ.സി.ലേയ്ക്ക് ഉദ്യോഗസ്ഥരെ പരിശീലനത്തിന് നിയോഗിക്കുന്നതിനും സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിന്റെ (ഐ.ഡബ്ല്യൂ.ഡി.എം.കെ, ചടയമംഗലം) ശാക്തീകരണത്തിനും ദൈനംദിന ചെലവുകൾക്കും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2402-00-102-75 കോൾ ഏരിയ-കനാൽ പരിപാലനം, കള നീക്കം ചെയ്യൽ, സസ്യവളർച്ച നിയന്ത്രിക്കൽ, ജലത്തിന്റെ ഗുണനിലവാരവും പമ്പിംഗ് കാര്യക്ഷമതയും വർദ്ധിപ്പിക്കൽ

പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4402-00-102-98 - <u>ഡെവലപ്പ്മെന്റ് ഓഫ് മൈക്രോ വാട്ടർ ഷെഡ്സ്</u>

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ 9 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എൻ.ഐ.ഡി.എ. (NIDA) ധനസഹായത്തോടെ നടപ്പിലാക്കിയിരുന്ന പദ്ധതിക്ക് നബാർഡ് ധനസഹായം അവസാനിപ്പിച്ചതിനാൽ ടി പദ്ധതിയിൽ ടെൻഡർ ചെയ്ത് നടപ്പിലാക്കി വന്ന പദ്ധതി പ്രവർത്തനങ്ങളുടെ ബിൽ തുക മാറി നൽകുന്നതിനായി 2.48 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4402-00-203-91 (06) - <u>കുട്ടനാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ - (സംസ്ഥാന പദ്ധതി)</u>

ലോവർ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4402-00-800-73 - <u>പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും തോടുകളുടെ നവീകരണത്തിനുമുള്ള ഒറ്റത്തവണ സഹായം.</u>

പദ്ധതി നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും 2025-26 വാർഷിക പ്ലാനിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ കമ്മിറ്റഡ് എക്സ്പെൻഡീച്ചർ അനുവദിക്കുന്നതിനായും 2.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4402-00-800-70- <u>നവീകരണം / സംരക്ഷണ പ്രവൃത്തികൾ</u>

2026-27 സാമ്പത്തികവർഷം വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാലും കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ കടുകുഴിച്ചിറ നവീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനായും 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന;വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4402-00-800-69 (01)- ബജറ്റിൽ വാല്യം II ൽ ഉൾപ്പെട്ട പദ്ധതികൾ

ഒല്ലൂർ നിയമസഭാ മണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 23-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചാത്തംകുളത്തിന്റെ നവീകരണ പദ്ധതിയ്ക്കായുള്ള ശീർഷകത്തിൽ വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പുതിയ ശീർഷകം അനുവദിക്കുന്നതിന്

Infrastructure implementation - documentation, implementation of E-filing System as per direction of Government എന്നിവയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 1 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

2402-00-102-90 - മണ്ണ് സംരക്ഷണത്തിന്റെ വിലയിരുത്തൽ പരിപാടി

മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠന സർവ്വേ ചെയ്യുന്ന ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക അനുവദിക്കുന്നതിനായി 36507 രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

4551-60-800-98 - കാസർഗോഡ് വികസന പാക്കേജ്

കാസർഗോഡ് വികസന പാക്കേജിൽ അധിക പദ്ധതികൾ ഏറ്റെടുക്കുന്നതിനായി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4575-60-800-96 - ഇടുക്കി വികസന പാക്കേജ്

മുൻ വർഷങ്ങളിലെ spill over commitment ന് ആവശ്യമായ തുക ഉൾപ്പെടെ 101.86 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4575-60-800-95 - വയനാട് വികസന പാക്കേജ്

ആരോഗ്യ സ്ഥാപനങ്ങളും സ്കൂൾ കെട്ടിടങ്ങളും നവീകരിക്കുന്നതിനും മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനുമായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ

5475-00-800-74-00-21-1- ഘട്ടം ഘട്ടമായി നിർത്തലാക്കിയ സർക്കാർ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനുള്ള ഫണ്ട് – മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ

കൃഷി വകുപ്പിലെ 15 വർഷത്തിലധികമായ സർക്കാർ വാഹനങ്ങൾ ഉപയോഗ യോഗ്യമല്ലാത്തതിനാൽ മാറ്റി വാങ്ങുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ

2408-02-190-98 - കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കുള്ള സഹായം

ERP പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.299 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4408-02-101-98 - ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

കാസർഗോഡ് ജില്ലയിലെ പെരിയയിൽ 1735MT കപ്പാസിറ്റിയുള്ള ഗോഡൗൺ നിർമ്മാണ പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിലേക്കായി 3.72 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4408-02-190-99 - കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ മുതൽ മുടക്ക്

കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് ഓഹരി മൂലധന വിഹിതമായി 4.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് അവസാനിച്ചു.

10.02.2026-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I 2026 ഫെബ്രുവരി 10-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു: കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസ് മുഖേന) യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണിയും മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും (വീഡിയോ കോൺഫറൻസ് മുഖേന) പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
2. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
3. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം

1. ശ്രീ. പി. പി ചിത്തരഞ്ജൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

2. ശ്രീ. രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. അബ്ദുൾ നാസർ ബി., സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ശ്രീമതി ചെൽസാ സിനി വി., ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്
3. ഡോ. റെജിൽ എം. സി., ഡയറക്ടർ, മൃഗസംരക്ഷണ ഡയറക്ടറേറ്റ്
4. ശ്രീമതി ശാലിനി ഗോപിനാഥ്, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
5. ഡോ. ടി. എസ്. രാജീവ്, ഡയറക്ടർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)
6. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്, മാനേജിങ് ഡയറക്ടർ (ഇൻ-ചാർജ്) കേരള ഫീഡ്സ് ലിമിറ്റഡ്
7. ശ്രീ. കെ. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. എ. ഷിബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീമതി ഡി. കൃഷ്ണപ്രിയ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീമതി സ്മിത ആർ. നായർ, അഡീഷണൽ ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്
12. ഡോ. ഡി. കെ. വിനുജി, അഡീഷണൽ ഡയറക്ടർ (പ്ലാനിങ്), മൃഗസംരക്ഷണ ഡയറക്ടറേറ്റ്
13. ശ്രീ. സതീഷ്കുമാർ എ. പി., ജോയിന്റ് ഡയറക്ടർ (പ്രോജക്ട്), ഫിഷറീസ് ഡയറക്ടറേറ്റ്
14. ശ്രീ. ബേബി ഷീജ കോഹ്ഹർ, ജോയിന്റ് ഡയറക്ടർ (ഇൻലാന്റ്), ഫിഷറീസ് ഡയറക്ടറേറ്റ്
15. ശ്രീമതി ആർ. രാധ, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്
16. ശ്രീ. ബെൻസൻ കെ., ഡെപ്യൂട്ടി ഡയറക്ടർ (പി.എം.ഇ.), ഫിഷറീസ് ഡയറക്ടറേറ്റ്
17. ഡോ. നിതാ സൂസൻ ഡേവിഡ്, ഡെപ്യൂട്ടി ഡയറക്ടർ (മറൈൻ), ഫിഷറീസ് ഡയറക്ടറേറ്റ്
18. ശ്രീമതി സുമി എ. ഡി., ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്), ഫിഷറീസ് ഡയറക്ടറേറ്റ്
19. ശ്രീ. കോശി കെ. അലക്സ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിങ്), ക്ഷീര വികസന വകുപ്പ്
20. ശ്രീ. മഹേഷ് വി. നായിക്, അസിസ്റ്റന്റ് രജിസ്ട്രാർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)
21. ഡോ. ആർ. രാജീവ്, മാനേജിങ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (KLDB)

22.1. ഡോ. സലിൽ കുട്ടി, മാനേജിങ് ഡയറക്ടർ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

23. ഡോ. പി. സെൽവ കുമാർ, മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (KSPDC)

24. ഡോ. പി. സഹദേവൻ, മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്

25. ശ്രീമതി അനുപമ വി., ഫിനാൻസ് ഓഫീസർ, ക്ഷീര വികസന വകുപ്പ്

26. ശ്രീ. ദിനേശൻ എ. കെ., ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)

27. ശ്രീ. ഷിജു ജോസ്, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ ഡയറക്ടറേറ്റ്

28. ശ്രീമതി ഗീത എം., സീനിയർ ഫിനാൻസ് ഓഫീസർ, ഫിഷറീസ് ഡയറക്ടറേറ്റ്

സമിതി, 2026-2027 സാമ്പത്തിക വർഷത്തെ ധനാഭ്യർഥന നമ്പർ XXXI (മൃഗസംരക്ഷണം), XXXII (ക്ഷീരവികസനം), XXXIII (മത്സ്യബന്ധനം) എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം

2403-00-001-99- <u>ഭരണവും നടത്തിപ്പും</u>

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 1.1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-001-98- <u>ജില്ലാ ഭരണം</u>

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-101-98- <u>ആശുപത്രികളും ഡിസ്പെൻസറികളും</u>

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-101-97- <u>മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും</u>

വകുപ്പിന്റെ കീഴിലുള്ള ലാബുകളുടെ ശാക്തീകരണത്തിനും പ്രവർത്തനങ്ങൾക്കുമായി 2.65 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-101-97- <u>മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും</u>

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-101-87- <u>വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്</u>

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 2.1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-101-86 - <u>രോഗ ഗവേഷണം</u>

വാടക കുടിശ്ശിക നൽകുന്നതിനായി 3.82 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-101-84- <u>ജീവശാസ്ത്രപരമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം</u>

കന്നുകാലികളെ മാരകമായി ബാധിക്കുന്ന രക്ത പരാദ രോഗമായ തൈലേറിയ രോഗ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-101-76 - <u>കന്നുകാലി രോഗ നിയന്ത്രണ പ്രോജക്റ്റ്</u>

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 2.2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-101-71- വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ പ്രവർത്തനം, രാത്രികാല അടിയന്തര മൃഗ ചികിത്സാ സേവനം മുതലായവ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിനായി 1.6956 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-102-99- ഊർജ്ജിത കന്നുകാലി വികസന പ്രോജക്റ്റ്

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 3.3 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

കൃത്രിമ ബീജസങ്കലനത്തിനുള്ള ബീജമാത്രകൾ KLD ബോർഡിൽ നിന്നും വാങ്ങുന്നതിനായി 10.86 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 10000 രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-102-81- ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

പക്ഷിപ്പനി മൂലം കള്ളിങ് നടത്തിയ ഫാമുകളിൽ പാരന്റ് സ്റ്റോക്ക് വാങ്ങുന്നതിനും ബയോസെക്യൂരിറ്റി, ബയോസേഫ്റ്റി എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 6.4 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-102-79- പ്രത്യേക കന്നുകാലി വികസന പദ്ധതി

പ്രസ്തുത പദ്ധതിയിൽ 40,000 കന്നുകുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനായി 27.89 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-102-78- <u>ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി</u>

മിൽമ, കേരള ഫീഡ്സ് എന്നിവയ്ക്ക് നൽകുവാനുള്ള കമ്മിറ്റഡ് ചിലവുകൾ തീർത്ത് പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യമായ പുതിയ കന്നുകുട്ടികളെ എൻറോൾ ചെയ്യുന്നതിനായി 24.61 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-107-98- <u>സജ്ജീകൃത സമീകൃതാഹാര നിർമ്മാണം</u>

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-108-97- <u>സമഗ്രമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോ സമൃദ്ധി)</u>

കർഷകർക്ക് ആകസ്മിക നഷ്ടങ്ങളിൽ നിന്നും പരിരക്ഷ നൽകുന്നതിനും കൂടുതൽ ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-113-93 - <u>നവീകരണവും ഇ-ഗവേണൻസും</u>

ഈ-സമൃദ്ധ പദ്ധതി നടത്തിപ്പിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി സോഫ്റ്റ്‌വെയർ ആന്വൽ മെയിന്റനൻസ് കരാർ എന്നിവയ്ക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2403-00-113-92 - <u>മൃഗസംരക്ഷണ സ്ഥിതി വിവര കണക്കും സാമ്പിൾ സർവ്വേയും - (50% സി.എസ്.എസ്.) - ശമ്പളഘടകം</u>

സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലുള്ള ജീവനക്കാരുടെ ശമ്പളയിനത്തിൽ തുക കണ്ടെത്തുന്നതിന് 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

<u>കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്</u>

2403-00-190-94 - <u>കെ.എസ്.പി.ഡി.സി.-യ്ക്ക് സഹായം</u>

ഗ്രാമീണ മേഖലയിലുള്ള വിധവകളായ ഗുണഭോക്താക്കൾക്ക് കൈത്താങ്ങായി അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി (കെപ്കോ ആശ്രയ)ക്കായി 75 ലക്ഷം രൂപയും കുടുംബശ്രീ

യൂണിറ്റുകളിലെ അംഗങ്ങൾക്ക് സാമ്പത്തിക ഭദ്രത സുരക്ഷിതമാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കോഴി വളർത്തൽ പദ്ധതി (കെപ്കോ വനിതാ മിത്രം)ക്കായി 2 കോടി രൂപയും സ്കൂൾ കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കോഴി വളർത്തൽ പദ്ധതി (കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്)യ്ക്കായി 1 കോടി രൂപയും ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപയും ഇറച്ചിക്കോഴി കർഷകർക്ക് കൈത്താങ്ങായി മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതിക്കായി 7.5 ലക്ഷം രൂപയും ഉന്നത സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി നിയന്ത്രിത (ഇ.സി.ഷെഡ്ഡ്) വാണിജ്യ മുട്ടക്കോഴി വളർത്തൽ പദ്ധതിക്കായി 5.2 കോടി രൂപയും ഉൾപ്പെടെ 10.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93 - <u>മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യക്ക് സഹായം</u>

മാംസ സംസ്കരണത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എം.പി.ഐയ്ക്കുള്ള പ്രവർത്തന മൂലധനമായി 13.5 കോടി രൂപയും എം.പി.ഐ. ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും സെയിൽസ് ഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സംരംഭക സഹായ പദ്ധതിക്കായി 1.9 കോടി രൂപയും 2011-12 കാലഘട്ടത്തിൽ എം.പി.ഐ. ഹെഡ്ഓഫീസ് ക്യാമ്പസിൽ പണിതീർത്ത 8 ഓളം പന്നിവളർത്തൽ ഷെഡ്ഡുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി 2.46 കോടി രൂപയും ഉൾപ്പെടെ 17.86 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

<u>കേരള ഫീഡ്സ് ലിമിറ്റഡ്</u>

2403-00-190-86 - <u>കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം</u>

ക്ഷീരകർഷകർക്ക് 2026-27 സാമ്പത്തിക വർഷം 200000 MT കാലിത്തീറ്റ ടണ്ണൊന്നിനു 1000 രൂപ കുറച്ചുനൽകുന്നതിനായി 13.05 കോടി രൂപയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ 300 മെട്രിക് ടൺ പ്രതിദിന ഉൽപാദന ശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഭൂഉടമകൾക്ക് നഷ്ടപരിഹാര തുക നൽകുന്നതിനായി 20 കോടി രൂപയും

കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ റെയിൽ വഴിയുള്ള ഗതാഗതച്ചെലവിനായി 6.25 കോടി രൂപയും കേരള ഫീഡ്സ് ലിമിറ്റഡിന്റെ കല്ലേറ്റുംകര യൂണിറ്റിലെ ഇരുപത്തിയഞ്ച് വർഷം പഴക്കം ചെന്ന 8 സൈലോകളുടെ നവീകരണത്തിനായി 1 കോടി രൂപയും ഉൾപ്പെടെ 40.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6403-00-190-91 - <u>കേരള ഫീഡ്സ് ലിമിറ്റഡിനുള്ള വായ്പകൾ (നബാർഡ് - ആർ.ഐ.ഡി.എഫ്)</u>

കേരള ഫീഡ്സിന്റെ കല്ലേറ്റുംകര, കോഴിക്കോട് യൂണിറ്റുകളിൽ 3.6 MW സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വിവിധ യൂണിറ്റുകളിലെ ഉല്പാദന ഉപകരണങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും വികസനത്തിനുമായി 14 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

<u>കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്</u>

2403-00-190-83 - <u>കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം</u>

കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കി വരുന്ന ഹേർഡ് ബുക്ക് സ്കീം പദ്ധതിക്കായി 14 ലക്ഷം രൂപയും മലബാറി ആടുകളുടെ സംരക്ഷണവും മെച്ചപ്പെടുത്തലും പദ്ധതിക്കായി 10 ലക്ഷം രൂപയും മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നതിനുള്ള പദ്ധതിക്കായി 5 ലക്ഷം രൂപയും കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിക്കായി 70 ലക്ഷം രൂപയും ആടുകളുടെ കൃത്രിമ ബീജാധാനത്തിനായി ഗാഢശീതീകരിച്ച ബീജമാത്രകളുടെ ഉത്പാദനവും വിതരണവും പദ്ധതിക്കായി 78 ലക്ഷം രൂപയും കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും തീറ്റപ്പുൽ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിക്കായി 80 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലുമുള്ള മോഡേൺ ബുൾമദർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിക്കായി 90 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ

വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിക്കായി 60 ലക്ഷം രൂപയും കേരളത്തിന്റെ തനത് ജനുസുക്കളായ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, മറ്റ് നാടൻ ജനുസുക്കളുടേയും സംരക്ഷണത്തിനും വ്യാപനത്തിനുമുള്ള പദ്ധതിക്കായി 10.44 ലക്ഷം രൂപയും വിത്തു കാളകളുടെ ജീനോമിക് തെരഞ്ഞെടുപ്പിനായി ജീനോമിക് ലബോറട്ടറി പദ്ധതിക്കായി 50 ലക്ഷം രൂപയും തീറ്റപ്പുൽ വിത്തുൽപ്പാദനവും വിപണനവും പദ്ധതിക്കായി 35 ലക്ഷം രൂപയും കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നടപ്പിലാക്കുന്ന സന്തതി പരിശോധനാ പദ്ധതിക്കായി 8 ലക്ഷം രൂപയും പാലക്കാട് ജില്ലയിലെ കെ.എൽ.ഡി. ബോർഡിന്റെ ധോണി ഫാമിൽ തീറ്റപ്പുൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി മഴവെള്ളം അധികമായി സംഭരിച്ച് അവിടുത്തെ ജലസ്രോതസ്സുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ജലസേചന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിയ്ക്കായി 40 ലക്ഷം രൂപയും സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളിൽ പ്രീമിയം ബുൾ സെമൻ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 23 ലക്ഷം രൂപയും കന്നുകാലികളുടെ വന്ധ്യതാ നിരീക്ഷണ കേന്ദ്രം & റഫറൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 45 ലക്ഷം രൂപയും കർഷക തലത്തിൽ സാറ്റലൈറ്റ് പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 60 ലക്ഷം രൂപയും സാറ്റലൈറ്റ് ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 27 ലക്ഷം രൂപയും ഹീഫർ റിയറിംഗ് സെന്റർ ധോണി ഫാമിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 5.525 കോടി രൂപയും മാതൃ പന്നികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി 50 പെൺ പന്നികളുടെ യൂണിറ്റ് കോലാഹലമേട് ഫാമിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 1.2056 കോടി രൂപയും ഉൾപ്പെടെ 13.785 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

2403-00-188-99-31 - കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി - സഹായധനം - ശമ്പളം

സർവ്വകലാശാല ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, മറ്റ് കുടിശ്ശികകൾ, വിരമിച്ച ജീവനക്കാർക്കുള്ള ശമ്പളപരിഷ്കരണ, ക്ഷാമബത്ത, സറണ്ടർ, പെൻഷൻ ഇനങ്ങളിലുള്ള കുടിശ്ശികകൾ എന്നിവ അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 161.451 കോടി രൂപ ഈ

ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2. ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

2404-00-001-99 - ഭരണവും നടത്തിപ്പും - ഡയറക്ടറേറ്റ്

ഈ ശീർഷകത്തിൽ 04(1) യാത്രാചെലവുകൾ - യാത്രാബത്ത ഇനത്തിൽ 1.42 ലക്ഷം രൂപയും 05(4) ഓഫീസ് ചെലവുകൾ - മറ്റിനങ്ങളിൽ 2.15 ലക്ഷം രൂപയും ഉൾപ്പെടെ 3.57 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2404-00-001-98 - ജില്ലാ ഭരണം

ഈ ശീർഷകത്തിൽ 04(1) യാത്രാചെലവുകൾ - യാത്രാബത്ത ഇനത്തിൽ 3 ലക്ഷം രൂപയും 05 (2) ഓഫീസ് ചെലവുകൾ വൈദ്യുതി ചെലവ് ഇനത്തിൽ 1.75 ലക്ഷം രൂപയും 05(4) ഓഫീസ് ചെലവുകൾ – മറ്റിനങ്ങളിൽ 1.5 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 4.5 ലക്ഷം രൂപയും 21(2) മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപണികളും ഇനത്തിൽ 5.62 ലക്ഷം രൂപയും 45(പി.ഒ.എൽ)ഇനത്തിൽ 6.36 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22.73 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2404-00-001-97 – വികസന പ്രവർത്തന ഘടകങ്ങൾ

ഈ ശീർഷകത്തിൽ 04(1) യാത്രാചെലവുകൾ - യാത്രാബത്ത ഇനത്തിൽ 8.39 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2404-00-102-79-33- കാലിത്തീറ്റക്കുള്ള സബ്സിഡി - സബ്സിഡികൾ

തീറ്റപ്പുല്ലിന്റെ ദൗർലഭ്യം, സമീകൃത കാലിത്തീറ്റയുടെ അധികരിച്ച വില വർദ്ധനവ് എന്നിവ പരിഗണിച്ച് കൂടുതൽ ഗുണഭോക്താക്കൾക്ക് പച്ചപ്പുല്ലും സൈലേജ്, റ്റി.എം.ആർ., മറ്റ് തീറ്റ വസ്തുക്കൾ എന്നിവ സബ്സിഡി നിരക്കിൽ ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2404-00-102-77 - <u>കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനവും സൂക്ഷിക്കലും</u>

കേരളത്തിലെ ക്ഷീര മേഖലയിൽ ഉത്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ആയതിനാൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കുന്നതിനും കൂടുതൽ തരിശു ഭൂമിയിൽ പുൽ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനുമായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2404-00-102-76-34-03 - <u>ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് ഇൻഷുറൻസ് പദ്ധതിക്ക് ധനസഹായം - മറ്റു ചെലവുകൾ</u>

ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങൾക്കുള്ള ക്ഷീര സാന്ത്വനം ഇൻഷുറൻസ് പദ്ധതിയിൽ ഇൻഷുറൻസ് പ്രീമിയം ഒടുക്കുന്നതിനായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2404-00-109-98 - <u>ക്ഷീരവികസന പരിശീലന കേന്ദ്രം</u>

ഈ ശീർഷകത്തിൽ 04(1) യാത്രാചെലവുകൾ -യാത്രാബത്ത ഇനത്തിൽ 1.07 ലക്ഷം 05(4) ഓഫീസ് ചെലവുകൾ – മറ്റിനങ്ങളിൽ 20000 രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 1.75 ലക്ഷം രൂപയും ഉൾപ്പെടെ 3.02 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2404-00-109-93 - <u>വാണിജ്യഡയറി, മിൽക്ക്ഷെഡ് വികസന പരിപാടി</u>

2026 - 27 വർഷം സ്വയംപര്യാപ്ത ക്ഷീര കേരളം എന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനായി കൂടുതൽ പശുക്കളെ അന്യസംസ്ഥാനത്ത് നിന്നും വാങ്ങുന്നതിന് പുതിയതായി ക്ഷീര മേഖലയുമായി ബന്ധപ്പെട്ട് ബാങ്ക് ലോൺ എടുക്കുന്നവർക്ക് പലിശരഹിത വായ്പ ഇനത്തിൽ ധനസഹായം അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.66 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4404-00-102-84 - <u>ധർമ്മടത്ത് ആഗോള ക്ഷീര ഗ്രാമം സ്ഥാപിക്കൽ</u>

ധർമ്മടം നിയോജക മണ്ഡലത്തിൽ 10.91 ഹെക്ടർ സ്ഥലം ഏറ്റെടുത്തുകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ധർമ്മടം വേങ്ങാട് ഗ്ലോബൽ ഡെയറി വില്ലേജ് പ്രോജക്ടിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4404-00-109-95 - <u>ഗുണനിലവാര പരിശോധന - ലാബുകളുടെ ശാക്തീകരണം</u>

സ്റ്റേറ്റ് ഡെയറി ലാബ്, 3 റീജിയണൽ ഡയറി ലാബുകൾ, 14 ജില്ലാ ലാബുകൾ, മൊബൈൽ ലാബുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

<u>ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം</u>

2405-00-001-99 - <u>ഭരണവും നടത്തിപ്പും - നടത്തിപ്പ്</u>

2026-27 ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 33 മത്സ്യഭവനുകൾക്കായി 33 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരുടെയും,33 ഫിഷറീസ് ഓഫീസർമാരുടെയും ശമ്പള ഇനത്തിലും മറ്റു ആനുകൂല്യങ്ങൾക്കും യാത്രാച്ചെലവ്, ഓഫീസ് ആവശ്യങ്ങൾ എന്നിവയ്ക്കുമായി 4.95 കോടി രൂപയും 2405-00-001-99-05-02 വൈദ്യുതി ചാർജ്ജ് ഇനത്തിൽ (നോൺ പ്ലാൻ) 50 ലക്ഷം രൂപയും RRT ഇനത്തിൽ നിലവിൽ ജില്ലകളിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് തുക അനുവദിക്കുന്നതിന് 2405-00-001-99-06-00 (നോൺ പ്ലാൻ) ശീർഷകത്തിൽ 6.27 ലക്ഷം രൂപയും ഉൾപ്പെടെ 5.5127 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-101-87 - <u>മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ</u>

ഹാച്ചറികൾ/ഫാമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-101-52 - ജലാശയ വിഭവങ്ങളുടെ ആരോഗ്യ മേൽനോട്ടവും നിർവ്വഹണവും

അക്വാട്ടിക് അനിമൽ ലാബുകളുടെ പ്രവർത്തനങ്ങൾക്കും ജലത്തിന്റെ ഗുണ നിലവാരത്തിന്റെയും ജലജീവികളുടെ ആരോഗ്യത്തിന്റെയും ആന്റിബയോട്ടിക് അവശിഷ്ടത്തിന്റെയും പരിശോധനാ ചിലവുകൾ, രോഗബാധാ നിർണയം, മരുന്നുകൾ, രോഗനിവാരണം എന്നിവയ്ക്കുള്ള ചെലവുകൾക്ക് 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-101-48 - അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ

അക്വാകൾച്ചർ എക്സ്റ്റൻഷൻ സർവ്വീസ് - ജലകൃഷി വിപുലീകരണ പദ്ധതിക്കും, വിഷൻ 2031 പദ്ധതിയുടെ ഭാഗമായി മത്സ്യോല്പാദന ലക്ഷ്യം കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് വിവര ശേഖരണം, ഡോക്യുമെന്റേഷൻ എന്നിവയ്ക്കും അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കും അക്വാകൾച്ചർ പ്രൊമോട്ടർമാർ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സേവനത്തിനുമായും 5.89 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-103-91 - മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതുതായി വന്ന ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾക്കുമായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-103-86 - മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്

കാലാവസ്ഥാ വ്യതിയാനവും അനിശ്ചിതമായ കാലാവസ്ഥാ സാഹചര്യങ്ങളും മൂലം വർഷത്തിലെ ഭൂരിഭാഗം സമയങ്ങളിലും കടൽ പ്രക്ഷുബ്ധമായ നിലയിലായിരിക്കുകയും കടൽ അപകടങ്ങൾ വർദ്ധിച്ചുവരികയും ചെയ്യുന്നതിനാൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയ മറൈൻ ആംബുലൻസുകളുടെ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി

വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-103-82 - സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം) (സംസ്ഥാന വിഹിതം)

സർക്കാരിൽ സമർപ്പിച്ചിട്ടുള്ള എൻ.സി.ഡി.സി, ഐ.എഫ്.ഡി.പി 2024-25 പദ്ധതികളുടെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം 2.2667 കോടി രൂപയും, 2025-26 പദ്ധതിയുടെ സബ്സിഡി തുകയായ 2.244 കോടി രൂപയും ഉൾപ്പെടെ 5.0107 കോടി രൂപ ആവശ്യമായതിനാൽ 4.5107 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-103-80 - മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

മത്സ്യഫെഡിന് പലിശ സബ്സിഡി ഇനത്തിൽ മുൻ വർഷങ്ങളിൽ ലഭിക്കുവാനുള്ള തുകയായ 7 കോടി രൂപയും 2026-27 വർഷത്തിൽ അധികമായി ആവശ്യമായ 2 കോടി രൂപയും ഉൾപ്പടെ ആകെ 9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-103-76 - സമുദ്ര സുരക്ഷയും രക്ഷാപ്രവർത്തനങ്ങളും

കാലാവസ്ഥാ വ്യതിയാനവും അനിശ്ചിതമായ കാലാവസ്ഥാ സാഹചര്യങ്ങളും മൂലം കടൽ അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-103-73 - മത്സ്യ വ്യവസായ പശ്ചാത്തല സർവ്വേയും പഠനവും അന്വേഷണവും

പൊഴിയൂർ, അജാനൂർ, കൈപ്പമംഗലം എന്നീ ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ അനുബന്ധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-103-72 - പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമും റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കൽ

ഇന്ധന വില വർദ്ധിച്ച സാഹചര്യത്തിൽ ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-103-70 - സമുദ്ര ജലകൃഷി പ്രവർത്തനങ്ങൾ

സമുദ്രത്തിൽ മത്സ്യലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സമുദ്ര കൂട് കൃഷി നടപ്പാക്കുന്നതിലേക്കായി 8.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-105-88- തീരമൈത്രി സൂപ്പർ മാർക്കറ്റ്

സാഫിന്റെ തീരമാവേലി സൂപ്പർമാർക്കറ്റുകൾക്കും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾക്കും സബ്സിഡി ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന സഞ്ചിത നഷ്ടതുകയുടെ 25 ശതമാനം സപ്ലൈക്കോക്ക് നൽകുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-105-86 - മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ

നിർമ്മാണത്തിലിരിക്കുന്ന മാർക്കറ്റുകളുടെ പൂർത്തീകരണത്തിനും മൂല്യ വർദ്ധിത വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി 1 കോടി രൂപ ഈ ശിർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-109-91 - വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വകുപ്പിലെ ഇ-ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും, വിജ്ഞാന വ്യാപനത്തിനും, ട്രെയിനിംഗിനും, പദ്ധതി നിർവ്വഹണ വിലയിരുത്തലിനുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-110-98 - പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവത്ക്കരണം

2023-24 വർഷത്തിൽ ലഭിക്കാനുള്ള 50 ലക്ഷം രൂപയും 2024-25 വർഷത്തിൽ

ലഭിക്കാനുള്ള 100 ലക്ഷം രൂപയും 2025-26-ൽ ലഭിക്കാനുള്ള 175.6 ലക്ഷം രൂപയും ഉൾപ്പടെ 3.256 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-110-94- പരമ്പരാഗത/യന്ത്രവത്കൃത മത്സ്യയാനങ്ങളുടെ ആധുനികവത്കരണം/നവീകരണം

കാലാവസ്ഥാ വ്യതിയാനവും അനിശ്ചിതമായ കാലാവസ്ഥാ സാഹചര്യങ്ങളും മൂലം മെച്ചപ്പെട്ട ആശയവിനിമയ ഉപകരണങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ, യാനങ്ങൾ എന്നിവയുടെ ആവശ്യം വർധിച്ചിരിക്കുന്നതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-121-97- രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

ഓരോ വർഷവും വിദ്യാർത്ഥികൾ കൂടുതലായി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-121-96 – മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ ഇൻഷ്വറൻസ് ആനുകൂല്യം ഇരട്ടിയാക്കാൻ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നിലവിലുള്ള ഇൻഷ്വറൻസ് പ്രീമിയം തുക വർദ്ധിക്കുന്ന സാഹചര്യത്തിൽ 1.18 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-121-92 – മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് ആനുകൂല്യം ഇരട്ടിയാക്കാൻ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നിലവിലുള്ള ഇൻഷ്വറൻസ് പ്രീമിയം തുക വർദ്ധിക്കുന്ന സാഹചര്യത്തിൽ 18 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-188-99 - കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്

പയ്യന്നൂർ ഫിഷറീസ് കോളേജ് നിർമ്മാണ പ്രവർത്തനം, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ കൊല്ലം, ഫിഷറീസ് ആന്റ് ഓഷ്യൻ നോളഡ്ജ് സെന്റർ ചാവക്കാട് എന്നിവയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-188-99 - കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്

വിരമിച്ച അദ്ധ്യാപക അനദ്ധ്യാപക ജിവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും ഡി.എ. വർദ്ധനവും ജി.പി.എഫ് അക്കൗണ്ടിൽ വിഹിതം അടയ്ക്കുന്നതിനും പദ്ധതിയേതര വിഹിതത്തിലെ കുറവ് പരിഹരിക്കുന്നതിനുമായി 239.9153 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-190-95 - കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ. എ. വി.ഐ.എൽ.)

കമ്പനി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി അലങ്കാര മത്സ്യമാർക്കറ്റിംഗ് വിപുലീകരിക്കുന്നതിനും കമ്പനി ലാഭകരമാക്കുന്നതിനും അലങ്കാര മത്സ്യകർഷരിൽ നിന്നും ശേഖരിക്കുന്ന മത്സ്യങ്ങൾ KAVIL വഴി മറ്റ് സംസ്ഥാനങ്ങളിലേക്കും ബയർ സെല്ലർ മീറ്റ് വഴിയും വിറ്റഴിക്കുന്നതിനും ബയർ സെല്ലർ മീറ്റിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും വിപുലീകരണത്തിനും 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-800-91 - കേരള അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിക്ക് (ADAK) ഒറ്റത്തവണ സഹായം

G.O (MS) No. 69/2010/F&Pd dated 04/09/2010 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അഡാക്കിലെ 52 ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-800-21 - <u>കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ</u>

57 മുതൽ 64 വരെയുള്ള പട്ടികകളിലും (6,28,034/- രൂപ) അതിന് മുൻപുള്ള പട്ടികകളിലും കടാശ്വാസം ലഭിച്ചിട്ടില്ല എന്ന പരാതികൾ വരുന്ന കേസുകളിലും കടാശ്വാസം നൽകുന്ന കാലയളവ് 31/12/2016 വരെ പരിഗണിക്കുന്നതിന് ശിപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത കടാശ്വാസം നൽകുന്നതിനും ചെയർപേഴ്സന്റെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കുമായി 58.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-103-98 - <u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി(100% എൻ.സി.ഡി.സി സഹായം)</u>

പ്രസ്തുത കേന്ദ്ര സർക്കാർ പദ്ധതിയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എൻ.സി.ഡി.സി.-യിൽനിന്നും ലഭിച്ച തുകയെങ്കിലും വകയിരുത്താതെ ബജറ്റ് വിഹിതം 50 ലക്ഷം രൂപയായി നിശ്ചയിച്ചത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞപ്പോൾ 50 ലക്ഷം രൂപ എൻ.സി.ഡി.സി.-യുടെ ഷെയർ ക്യാപ്പിറ്റലും 50 ലക്ഷം രൂപ സബ്സിഡിയും 12 കോടി രൂപ വായ്പയുമുൾപ്പെടെ 13 കോടി രൂപയാണ് ലഭിക്കേണ്ടതെന്നും മുൻ വർഷം എൻ.സി.ഡി.സി. 20 കോടി രൂപ സംസ്ഥാന സർക്കാരിന് നൽകിയെങ്കിലും തുക ഇതുവരെ റിലീസായിട്ടില്ലെന്നും ഫിഷറീസ് ജോയിന്റ് ഡയറക്ടർ (പ്രോജക്ട്) വ്യക്തമാക്കി. 4.2 കോടി രൂപ വകുപ്പിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ടെന്നും ബാക്കി തുകയ്ക്ക് റിക്വസ്റ്റ് നൽകിയെങ്കിലും ലഭിച്ചിട്ടില്ലെന്നും എൻ.സി.ഡി.സി.-യിൽനിന്നും സംസ്ഥാന സർക്കാരിലേക്ക് ഫണ്ട് റിലീസ് ആയിട്ടുണ്ടെന്നും ഫിഷറീസ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.ധനകാര്യ വകുപ്പിൽ തുക ലഭിച്ചിട്ടുണ്ടെന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ അടുത്ത ഗഡു ലഭിച്ചിട്ടില്ലെന്നും മത്സ്യബന്ധന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.പ്രസ്തുത ഫയൽ ബജറ്റ് വിങ്ങിൽ ഫയൽ എത്തിയിട്ടില്ലെന്നും പ്ലാനിങ് ബോർഡ് ശിപാർശ പ്രകാരമാണ് 50 ലക്ഷം രൂപ അനുവദിച്ചതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

സർക്കാരിൽ സമർപ്പിച്ചിട്ടുള്ള എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള ഐ.എഫ്.ഡി.പി 2024-25 പദ്ധതിയുടെ സംസ്ഥാന സർക്കാരിന്റെ ഓഹരി മൂലധനം 416.67 ലക്ഷം രൂപയിൽ ബാക്കി ലഭിക്കുവാനുള്ള 399.17 ലക്ഷം രൂപയും 2025-26-ലെ പദ്ധതി പ്രകാരമുള്ള 412.5 ലക്ഷം രൂപയും ഉൾപ്പടെ 8.1167 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു .

4405-00-103-94- തീരദേശ റോഡുകളുടെ നവീകരണം

മുൻ വർഷങ്ങളിലെ ബില്ലുകൾ തീർപ്പാക്കുന്നതിനും നിലവിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനുമായി ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-103-89 - പുനർഗേഹം - കടൽത്തീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ഭൂമി വില, ഭവന നിർമ്മാണ സഹായം എന്നിവ വിതരണം ചെയ്യുന്നതിനും നിർമാണത്തിലിരിക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങളുടെയും ഉടൻ നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെയും ബിൽ തുകകൾ അനുവദിക്കുന്നതിനുമായി 35.8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-103-87 - യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് & നെറ്റ് ഫാക്ടറി

കടൽത്തീരത്ത് വർദ്ധിച്ചു വരുന്ന വലകളുടെ ആവശ്യം നിറവേറ്റുന്നതിനായി വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിക്കായി 2026-27 വർഷം ബജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 19.8864 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-104-55 - മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനും റവന്യൂ വകുപ്പിന് റീക്ലപ്പ് ചെയ്ത് നൽകുന്നതിനുമായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-104-54 - നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന

സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

Tranche XXVII, XXVIII, XXIX, XXX എന്നീ പ്രവൃത്തികൾക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-104-37 - മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും

മത്സ്യബന്ധന തുറമുഖങ്ങളിലെ ബ്രേക്ക് വാട്ടറുകളുടെ പുനരുദ്ധാരണത്തിനും ഡ്രെഡ്ജിംഗ് പ്രവൃത്തികൾക്കുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 27.7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-104-36- പി.എം.എം.എസ്.വൈ-കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി

പൊന്നാനി, പുതിയാപ്പ, കൊയിലാണ്ടി എന്നിവിടങ്ങളിലെ ഫിഷിംഗ് ഹാർബറുകളുടെ നവീകരണം, ആധുനികവൽക്കരണം, ആലപ്പുഴ, അഴീക്കൽ, താനൂർ, ചെറുവത്തൂർ, ചോമ്പാൽ, ചേറ്റുവ പൊന്നാനി, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികൾ, ഡ്രഡ്ജിംഗ്, മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വിപുലീകരണം എന്നീ പ്രവർത്തികൾയ്ക്കായി 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-104-33- മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് (LAR)

വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-104-31 - തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പുതിയ കൂട്ടിച്ചേർക്കലുകളും

ആവിത്തോട്, മുഖദാർ എന്നീ ഫിഷ്ലാന്റിംഗ് സെന്ററുകളുടെയും പൊഴിയൂർ ഫിഷിംഗ് ഹാർബറിന്റയും പ്രവൃത്തികൾക്കായും നവകേരള സദസ്സ് പ്രോജക്ടുകൾ, ബഡ്ജറ്റ് പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുന്നതിനായും അനുവദിച്ചിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ 36.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-104-27 - തീരപരിപാലന പ്രവർത്തനങ്ങൾ (മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപമുള്ളത്)

മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപമുള്ള തീരപരിപാലന പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-104-26 - അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനം- ഫിഷറീസ് ആന്റ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ടിന് (FIDF) കീഴിലുള്ള സഹായം

പ്രസ്തുത പദ്ധതിക്കായി 2026-27 സാമ്പത്തിക വർഷം ബജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി ലഭ്യമായി പ്രവർത്തി പൂർത്തീകരിച്ച് ബില്ലുകൾ നൽകുന്നതിനായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-109-98 - മത്സ്യകൃഷി പരിശീലന കേന്ദ്രങ്ങൾ പണി പൂർത്തിയാക്കലും മത്സ്യഭവനങ്ങൾ സ്ഥാപിക്കലും ശക്തിപ്പെടുത്തലും

നിലവിൽ പരിമിതമായ സാഹചര്യങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മത്സ്യഭവനുകളിൽ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾക്കും കമ്പ്യൂട്ടർ പോലുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4405-00-190-97 - എൻ.ബി.സി.എഫ്.ഡി.സി. ആന്റ് എൽ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ് മണി സഹായം

2023-24 വർഷത്തിൽ വകയിരുത്തിയ 100 ലക്ഷം രൂപയും 2024-25 വർഷത്തിൽ വകയിരുത്തിയ 30 ലക്ഷം രൂപയും ഉൾപ്പെടെ 1.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6405-00-195-99 - മത്സ്യ ബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതിയ്ക്കായി മത്സ്യ ഫെഡിനായി കൊടുക്കുന്ന വായ്പ (എൻ. സി. ഡി. സി. സഹായം)

ഐ.എഫ്.ഡി.പി 2024-25 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിക്കായി എൻ.സി.ഡി.സി-യിൽ നിന്നും കേരള സർക്കാരിലേയ്ക്ക് നൽകിയതുകയിൽ ബാക്കി ലഭിക്കാനുള്ള 16.6333 കോടി രൂപയും, എൻ.സി.ഡി.സി 2025-26 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വായ്പാ തുകയായ 26.4 കോടി രൂപയും ഉൾപ്പെടെ 43.0383 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള യൂറോപ്യൻ യൂണിയൻ കോൺക്ലേവിന്റെ വിജയത്തെത്തുടർന്ന് ബ്ലൂ ഇക്കോണമിയിൽ ഗണ്യമായ സഹകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നയം രൂപീകരിക്കേണ്ടതുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഒരു ബ്ലൂ ഇക്കോണമി സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

തീരദേശ ഉപജീവനവും ടൂറിസവും വൈവിധ്യവൽക്കരിക്കുന്നതിന് സെയിലിംഗ് സ്കൂളുകളും സർഫിംഗ് സ്കൂളുകളും ആരംഭിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ബ്ലൂ ഇക്കോണമി വികസനത്തെ പിന്തുണയ്ക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിലേക്കുമായി നിലവിലുള്ള 67 മത്സ്യഭവനുകൾക്കു പുറമേ 33 പുതിയ മത്സ്യഭവനുകൾ കൂടി സ്ഥാപിക്കുന്നതിനായി ഓരോ മത്സ്യഭവനിനും 30 ലക്ഷം രൂപ നിരക്കിൽ 9.9 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 3.45 ന് അവസാനിച്ചു.

17.02.2026-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി - I 2026 ഫെബ്രുവരി മാസം 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ (വീഡിയോ കോൺഫറൻസ് മുഖേന) അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണി വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗവും ഹാജരായിരുന്നു.

ഹാജരായ അംഗം:

ശ്രീ. കുറുക്കോളി മൊയ്തീൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

കൃഷി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 60 ശതമാനത്തോളം തുക കേന്ദ്ര വിഹിതമായി ലഭിക്കുന്നുണ്ടെങ്കിലും സംസ്ഥാന വിഹിതമായി തുകയൊന്നും വകയിരുത്താത്തതിനാൽ പ്രസ്തുത പദ്ധതി തന്നെ നഷ്ടമാകുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തേണ്ടത് അത്യാവശ്യമാണെന്നും 'പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന'യുടെ (PMKSY) ഭാഗമായി 'ഓരോ തുള്ളിക്കും കൂടുതൽ വിള'യെന്ന (Per Drop More Crop) പദ്ധതി സംസ്ഥാന ഫണ്ടിന്റെ അപര്യാപ്തതയ്ക്ക് ഉദാഹരണമാണെന്നും ശ്രീ. കുറുക്കോളി മൊയ്തീൻ എം. എൽ. എ. ചൂണ്ടിക്കാട്ടി.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രോജക്റ്റുകൾ അംഗീകരിച്ചുവരുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം അനുവദിക്കാറുണ്ടെന്നും പക്ഷിപ്പനി, പന്നിപ്പനി എന്നിവ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽനിന്നും കുടിശ്ശികയായിട്ടുള്ള തുക സംസ്ഥാന സർക്കാരിന് ഗഡുക്കളായി നൽകാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെന്നും ഓരോ ടേമിലും ആവശ്യമായ ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാറുണ്ടെന്നും

പദ്ധതിനടത്തിപ്പിനായി അടിയന്തരമായി ഫണ്ട് ആവശ്യമായി വരികയാണെങ്കിൽ സംസ്ഥാന സർക്കാർ മറ്റ് ഫണ്ടുകളിൽനിന്നും അനുവദിക്കുകയും കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിച്ചതിനുശേഷം ആയത് റീക്രൂപ്പ് ചെയ്യുകയുമാണ് പതിവെന്നും ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി മറുപടി നൽകി. 'പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന'യ്ക്കു വേണ്ടി നടപ്പ് വർഷം സംസ്ഥാന സർക്കാർ നൂറുകോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് ബഹു. ചെയർപേഴ്സൺ ചൂണ്ടിക്കാട്ടി.

സമിതി, 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം രാവിലെ 11.30-ന് അവസാനിച്ചു.